# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2023 മാർച്ച് 16 | ദീപം 56 | നാളം 3 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


## അവസാനിക്കാത്ത പകൽക്കൊള്ളകൾ



ഡിജോ കാപ്പൻ



നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റംകൊണ്ടു പൊറുതിമുട്ടിയ ജനതയ്ക്കുമേൽ തീരാദുഃഖം അടിച്ചേല്പിച്ചുകൊണ്ട് ഗാർഹികാവശ്യത്തിനുള്ള ഗ്യാസ് സിലിണ്ടറിന് അൻപതു രൂപയും വാണിജ്യസിലിണ്ടറിന് 350 രൂപയും കൂട്ടാൻ 2023 മാർച്ച് ഒന്നിന് എണ്ണക്കമ്പനികൾ എടുത്ത തീരുമാനം ജനജീവിതം കൂടുതൽ ദുസ്സഹമാക്കും. ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന സിലിണ്ടർ ഏപ്രിൽ ആദ്യവാരത്തോടെ റീഫിൽ ചെയ്യുമ്പോഴാണ് അൻപതു രൂപയുടെ സമ്മാനം കൈപ്പറ്റാനുള്ള അവസരം ലഭിക്കുക. ഇപ്പോഴത്തെ ഗ്യാസ് വിലവർധനവിന് എന്തെങ്കിലും ന്യായീകരണമുണ്ടോ? ക്രൂഡ് ഓയിലിന് 2013 മാർച്ച് ഒന്നാം തീയതി 102 ഡോളർ വിലയുണ്ടായിരുന്നപ്പോൾ ഗാർഹികസിലിണ്ടറിന്റെ വില 411 രൂപയായിരുന്നു. 2023 മാർച്ച് ഒന്നിന് ക്രൂഡ് വില 75 ഡോളറിലേക്കു താഴ്ന്നപ്പോൾ ഗാർഹികസിലിണ്ടറിന് 1110 രൂപയായി വില വർധിപ്പിച്ചു.

2020 ഏപ്രിൽമാസം 742.50 രൂപ ഗാർഹിക സിലിണ്ടറിനു വിലയുണ്ടായിരുന്ന സമയത്ത് ഓരോ ഉപയോക്താവിന്റെയും അക്കൗണ്ടിലേക്ക് 151 രൂപാ 48 പൈസ സബ്സിഡിയിനത്തിൽ ലഭിച്ചിരുന്നു. മേയ് മാസംമുതൽ സബ്സിഡി നിർത്തലാക്കി. 2020 മേയിൽ 591 രൂപയ്ക്കു ലഭിച്ചിരുന്ന ഗ്യാസിന് മൂന്നു വർഷം ആകുന്നതിനുമുമ്പ ഇരട്ടിവില നൽകേണ്ട സ്ഥിതിയായി.

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഒൻപതു കോടിയോളം കുടുംബങ്ങൾക്കായി അവതരിപ്പിച്ച ഉജ്ജ്വല യോജനപ്രകാരം കുറഞ്ഞ നിരക്കിൽ പാചക വാതകകണക്ഷൻ എടുത്തവരിൽ പലരും വരുമാനം കുറഞ്ഞതിനാൽ പാചകവാതകം വാങ്ങുന്നത് ഉപേക്ഷിച്ചു. 93.4 ദശലക്ഷം ഗുണഭോക്തൃകുടുംബങ്ങളിൽ 9.2 ദശലക്ഷം കുടുംബങ്ങൾ ഒരിക്കൽപ്പോലും റീഫില്ലു ചെയ്തിട്ടില്ലെന്നും 10.8 ദശലക്ഷം കുടുംബങ്ങൾ ഒരിക്കൽമാത്രമാണ് റീഫില്ല് ചെയ്തതെന്നും പെട്രോളിയം മന്ത്രാലയത്തിന്റെ കണക്കുകൾ സൂചിപ്പിക്കുന്നു.

ഉജ്ജ്വലകണക്ഷൻ ലഭിക്കാൻ 1600 രൂപയാണ് കുടുംബത്തിനു ചെലവുണ്ടാകുന്നത്. സിലിണ്ടർ 1250 രൂപ, റെഗുലേറ്റർ 150 രൂപ, ട്യൂബ് 100 രൂപ, സർവീസ് ചാർജ് 75 രൂപ, പാസ് ബുക്ക് 25 രൂപാ. ഈ തുക കേന്ദ്ര സർക്കാർ കമ്പനികൾക്കു നൽകുകയാണ്. സ്റ്റൗവിന് 990 രൂപയും റീഫില്ലിങ്ങിനായുള്ള 961.50 രൂപയും ചേർത്ത് 1952 രൂപാ ഉപഭോക്താവിന് ലോൺ ക്രമപ്പെടുത്തിയിരിക്കുന്നു. ഉജ്ജ്വല ഉപഭോക്താക്കൾ എടുക്കുന്ന ഗ്യാസിനു ലഭിക്കുന്ന 200 രൂപ സബ്സിഡി തുക മാസംതോറും ലോൺ തിരിച്ചടവിലേക്കു വകമാറ്റുകയാണു ചെയ്യുന്നത്.

പെട്രോളിയും ഉത്പന്നങ്ങളുടെ വില നിശ്ചയിക്കാനുള്ള അധികാരം എണ്ണക്കമ്പനികൾക്കു നൽകിയ തീരുമാനമല്ല ഇപ്പോഴത്തെ വിലക്കയറ്റത്തിനു കാരണം. പെട്രോളിനും ഡീസലിനും ഉണ്ടായിരുന്ന 3.56 രൂപയുടെ എക്സൈസ് നികുതി 32.90 രൂപയിലേക്കു വർധിപ്പിച്ച നടപടിയാണ് വിലക്കയറ്റത്തിന്റെ അടിസ്ഥാനകാരണം.

▶10

## തീക്കാറ്റിൽ തിളച്ചുമറിഞ്ഞ് കേരളം



ഇഗ്നേഷ്യസ് കലയന്താനി



വേനൽച്ചൂടിൽ വെന്തുരുകുകയാണ് കേരളം. മുമ്പൊരിക്കലും കണ്ടിട്ടില്ലാത്തത്ര കൊടിയ ചൂടാണ് ഇത്തവണ വേനലിന്റെ ആരംഭംമുതൽ സംസ്ഥാനത്ത് അനുഭവപ്പെടുന്നത്. രാവിലെ പതിനൊന്നിനും ഉച്ചകഴിഞ്ഞ് മൂന്നിനുമിടയിൽ പുറത്തിറങ്ങാൻ പറ്റാത്തത്ര പൊള്ളുന്ന ചൂട്. ഇരുചക്രവാഹനങ്ങളിൽ യാത്ര ചെയ്യുന്നവരുടെ ദേഹത്തേക്കടിക്കുന്നത് തീക്കാറ്റാണ്. കാസർകോട്, കണ്ണൂർ, മലപ്പുറം, പാലക്കാട് ജില്ലകളിൽ പലയിടത്തും 40 ഡിഗ്രിക്കു മുകളിലാണ് ചൂട്. എറണാകുളം, കോട്ടയം ജില്ലകളിൽ 38 ഡിഗ്രിക്കു മുകളിൽ. അടുത്ത അഞ്ചു ദിവസം ഇതേനിലയിൽ കൊടുംചൂട് തുടരുമെന്നാണ് മാർച്ച് അഞ്ചിന് കേന്ദ്ര കാലാവസ്ഥാനിരീക്ഷണകേന്ദ്രം നൽകിയ മുന്നറിയിപ്പ്.

കേരളത്തിന്റെ കാലാവസ്ഥ തകിടം മറിഞ്ഞു എന്നതിന്റെ സൂചനയാണ് ഫെബ്രുവരി മധ്യംമുതലുള്ള ഈ കൊടുംചൂട് എന്നാണ് പരിസ്ഥിതി ശാസ്ത്രജ്ഞരുടെ നിരീക്ഷണം.

സംസ്ഥാനത്ത് ഇത്തവണ പതിവിൽക്കൂടുതൽ ചൂട് ഉയരില്ലെന്നായിരുന്നു നേരത്തേ കേന്ദ്രകാലാവസ്ഥാ നിരീക്ഷകർ പ്രവചിച്ചത്. എന്നാൽ, പ്രവചനം തെറ്റിച്ചു പലയിടത്തും ചൂട് ഒറ്റയടിക്കു കൂടിയത് നാലു ഡിഗ്രി വരെ. മുമ്പ് ഏപ്രിൽ, മേയ് മാസങ്ങളിൽ അനുഭവപ്പെട്ടിരുന്ന ചൂടാണ് ഇത്തവണ മാർച്ച് ആദ്യവാരമെത്തിയത്. 37 ഡിഗ്രിക്കു മുകളിൽ ചൂട് ഏറെ ദിവസം തുടർന്നാൽ ഉഷ്ണതരംഗത്തിനു സാധ്യതയുണ്ടെന്ന മുന്നറിയിപ്പും ദുരന്തനിവാരണ അതോറിറ്റി നൽകിക്കഴിഞ്ഞു. വേനൽമഴ വൈകിയാൽ ജലക്ഷാമം രൂക്ഷമാകുമെന്ന ആശങ്കയും നിലനിൽക്കുന്നു.

അന്തരീക്ഷതാപനില ഉയരാൻ കാരണമായ എൽനിനോ എന്ന പ്രതിഭാസം മടങ്ങിവരുന്നതായി വേൾഡ് മെട്രോളജിക്കൽ ഓർഗനൈസേഷൻ പറയുന്നു. ചൂടു കൂടുന്നതിനു പുറമേ, മഴ കുറയാനും എൽനിനോ കാരണമായേക്കും.

▶12

കാഴ്ചയ്ക്കപ്പുറം

■ വീയെൻ

# പ്രശ്നപൂരിതമായ ദാമ്പത്യത്തിന്റെ ഇരകൾ

**ദാ**മ്പത്യത്തിലെ പ്രശ്നങ്ങൾക്കു ദമ്പതികൾ മാത്രമായിരിക്കാം ഉത്തരവാദികൾ. എന്നാൽ, ഈ പ്രശ്നം ദമ്പതികളെ മാത്രമാണോ ബാധിക്കുന്നത്? ഒരിക്കലുമല്ല. യഥാർഥത്തിൽ ഇതിന്റെ ഇരകളായി മാറുന്നതു മക്കളാണ്. മാതാപിതാക്കൾ തമ്മിലുള്ള വാഗ്വാദങ്ങളും പോർവിളികളും ശണ്ഠകളും ഇവയെല്ലാം കടന്നെത്തിച്ചേരുന്ന അടിപിടികളും മക്കളുടെ മനസ്സിൽ ഏല്പിക്കുന്ന മുറിവുകളും ആഘാതങ്ങളും വളരെ വലുതാണ്.

മാതാപിതാക്കൾ ഒരു ഘട്ടം കഴിയുന്നതോടെ മക്കളുടെ ജീവിതത്തിൽനിന്ന് ഒഴിവായിപ്പോകുന്നു. പക്ഷേ, അതുകഴിഞ്ഞിട്ടും മക്കൾ തങ്ങളുടെ ജീവിതം തുടരേണ്ടിവരുന്നുവെന്നതാണ് കുടുംബത്തിൽനിന്നു ലഭിക്കുന്ന നെഗറ്റീവ് അനുഭവങ്ങളുടെ ഇരകളായി മക്കളെ മാറ്റുന്നത്. മാതാപിതാക്കൾ തങ്ങളുടെ വ്യക്തിത്വത്തിൽ ഏല്പിച്ച മുറിവുകളും ആഘാതങ്ങളും വഹിച്ചുകൊണ്ട് പില്ക്കാലജീവിതം മുഴുവൻ മക്കൾ ഒറ്റയ്ക്കു നയിക്കേണ്ടിവരുന്നു.

മറ്റൊരുതരത്തിൽ പറഞ്ഞാൽ, മാതാപിതാക്കളുടെ ജീവിതത്തിന്റെ എക്സ്റ്റെൻഷനാണ് മക്കൾ. തങ്ങൾ കണ്ടുവളർന്നതും തങ്ങൾക്കു കിട്ടിയതുമാണ് അവർ തങ്ങളുടെ മക്കളിലേക്കു കൈമാറുന്നത്. അങ്ങനെ ഒരു റിലേ മത്സരത്തിൽ ബാറ്റൺ കൈമാറുന്നതുപോലെ ഈ കളി തുടർന്നുപോകുന്നു.

പാളിപ്പോയ ദാമ്പത്യത്തിന്റെ ഇരകളായി ജീവിക്കേണ്ടിവന്ന ഇത്തരം ചില കഥാപാത്രങ്ങളിലൂടെയാണ് ഈ സഞ്ചാരം.

സൈക്കോളജിസ്റ്റാണ് ഐസക് പീറ്റർ. ഭാര്യ ക്ലാര. മകൾ സിസിലി. പുറമേക്കു നോക്കുമ്പോൾ സന്തോഷകരമായ കുടുംബം എന്നു തോന്നുമെങ്കിലും അങ്ങനെയല്ല എന്നതാണ് യാഥാർഥ്യം. കാരണം മറ്റൊന്നുമല്ല, ക്ലാരയുടെ സ്വഭാവപ്രത്യേകതകൾതന്നെ. സംശയരോഗിയാണ് അവൾ. ഭർത്താവിനെ സംശയിക്കുന്നതിനു പുറമേ മകൾക്കും അവൾ സ്വസ്ഥത നല്കുന്നില്ല. മകൾക്ക് അച്ഛനെയും അച്ഛനു മകളെയും മനസ്സിലാക്കാൻ കഴിയുന്നുണ്ട് എന്നതാണ് ഏക ആശ്വാസം. പക്ഷേ, അതുപോലും തീവ്രമായ ബന്ധത്തിലേക്കുപോകാൻ ക്ലാര എന്ന വ്യക്തി പ്രതിബന്ധമാകുന്നുണ്ട്.

സമാനമായ അവസ്ഥതന്നെയാണ് തൊട്ടയൽവക്കത്തെ കുടുംബത്തിലുമുള്ളതും. വാസുപിള്ളയും അമ്മുക്കുട്ടിയുമാണ് ഇവിടുത്തെ ദമ്പതികൾ. അവർക്കൊരു മകനുണ്ട്, സഞ്ജയ്. ഐസക്കിന്റെ കുടുംബത്തിൽ ക്ലാരയാണു പ്രശ്നമെങ്കിൽ അതേപ്രശ്നം വാസുപിള്ളയ്ക്കാണുള്ളത്. തന്നെക്കാൾ പ്രായക്കുറവും സൗന്ദര്യവുമുള്ള അമ്മുക്കുട്ടിയെ അയാൾ നിരന്തരം മാനസികമായി പീഡിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അമ്മയുടെ നിസ്സഹായതയും സങ്കടവും സഞ്ജയ് മനസ്സിലാക്കുന്നുണ്ട്. പക്ഷേ, അവൻ നിസ്സഹായനാണ്.

ഒരേ കുടുംബസാഹചര്യത്തിലൂടെ കടന്നുപോകുന്ന സഞ്ജയും സിസിലിയും സ്വാഭാവികമായും അടുക്കുന്നു. കാരണം, ഒരേ തരംഗദൈർഘ്യങ്ങളാണല്ലോ വ്യക്തികളെ തമ്മിൽ കൂട്ടിയോജിപ്പിക്കുന്നത്. എന്നാൽ, തങ്ങൾക്കൊരുമിച്ചുള്ള ജീവിതം സാധ്യമല്ലെന്ന് അവർ മനസ്സിലാക്കുന്നു. ഒരുമിച്ചുജീവിക്കാൻ കഴിയാത്ത ലോകത്തിൽ ഒരുമിച്ചുമരിക്കാൻ തീരുമാനിച്ച് അവർ തങ്ങളുടെ തീരുമാനം നടപ്പിലാക്കുന്നു. 1986 ൽ പുറത്തിറങ്ങിയ ഭദ്രൻ സംവിധാനം ചെയ്ത 'പൂമുഖപ്പടിയിൽ നിന്നെയും കാത്ത്' എന്ന സിനിമയുടെ ഇതിവൃത്തമാണ് ഇത്.

പല മക്കളുടെയും വഴിതെറ്റിപ്പോകലുകൾക്കും ജീവിതദുരന്തങ്ങൾക്കും കാരണമന്വേഷിച്ചു പുറത്തെവിടേക്കും പോകേണ്ടതില്ല. സ്വന്തം കുടുംബവും മാതാപിതാക്കളുംതന്നെയായിരിക്കും സത്യസന്ധമായ വിലയിരുത്തലിലും അന്വേഷണത്തിലും കുറ്റക്കാരായി മാറുന്നത്. കുടുംബത്തിൽ മാതാപിതാക്കളിൽനിന്നു കിട്ടാതെപോകുന്ന സ്നേഹവും അംഗീകാരവും സാന്ത്വനവും അവർ പുറമേക്ക് അന്വേഷിക്കുന്നു. തങ്ങൾ ആഗ്രഹിക്കുന്നത് പുറത്തുകിട്ടുമ്പോൾ അതു സത്യമാണെന്ന് തെറ്റിദ്ധരിച്ച് അവരതിനു പൂർണമായും മനസ്സും ശരീരവും സമർപ്പിക്കുകയും ഒടുവിൽ അവരുടെ ജീവിതം ദുരന്തപൂർണമായിത്തീരുകയും ചെയ്യുന്നു. അന്യമതത്തിൽപ്പെട്ടവരുമായുള്ള പ്രണയവും ഒളിച്ചോട്ടവും വിവാഹവുമെല്ലാം ഇതിന് അടിവരയിടുന്നു. വേറേ ചിലർ മയക്കുമരുന്നിലും മറ്റു വിധ്വംസകപ്രവർത്തനങ്ങളിലും ഏർപ്പെടുന്നു.

പ്രസ്തുത ചിത്രത്തിൽ മക്കൾ തീർത്തും നിസ്സഹായരാണ്. അമ്മയുടെ അടിച്ചമർത്തലിനു വിധേയനായി വീർപ്പുമുട്ടിക്കഴിയുന്ന അച്ഛനെയാണ് സിസിലി കണ്ടുവളരുന്നത്. അച്ഛന്റെ കടുംപിടിത്തത്തിനും ധാർഷ്ട്യത്തിനും ഇരയായി ജീവിക്കേണ്ടിവരുന്ന അമ്മയെയാണ് സഞ്ജയ് കണ്ടുവളരുന്നത്. രണ്ടിടത്തും മക്കൾക്ക് തങ്ങളുടെ ആത്മപ്രകാശനത്തിനുള്ള അവസരങ്ങൾ കിട്ടുന്നില്ല. ശരിയോടു ചേർന്നുനില്ക്കാൻപോലും അവർക്കാകുന്നില്ല. മാതാപിതാക്കൾക്കുള്ള മറുപടിയായിട്ടുകൂടിയാണ് അവർ ആത്മഹത്യ ചെയ്യുന്നത്. ആത്മനശീകരണത്തിന്റെ ഭാഗം തിരഞ്ഞെടുത്ത് അവർ സ്വാസ്ഥ്യം തേടുന്നു.

ഭാര്യയും രണ്ട് ആൺമക്കളും ഉള്ളപ്പോഴാണ് പൊലീസുകാരനായ അയാൾ വെപ്പാട്ടിയെയുംകൊണ്ട് വീട്ടിൽ വന്നുകയറുന്നത്. വെപ്പാട്ടിക്കൊപ്പം ജീവിക്കാൻ ഭാര്യ തടസ്സമാണെന്നു മനസ്സിലാക്കിയ അയാൾ അവളെയും



മക്കളെയും നിർദയം വീട്ടിൽനിന്നിറക്കിവിടുന്നു. പിന്നീട് മക്കൾക്കു ചെലവിനു കൊടുക്കണമെന്ന് അധികാരി പറയുമ്പോൾ അതിനു കീഴ്പ്പെട്ട് ഇരട്ടമക്കളിലൊരുവനെ തനിക്കൊപ്പം നിർത്താമെന്ന് അയാൾ സമ്മതിക്കുന്നു. അങ്ങനെ കൈയിൽ കിട്ടിയ ഒരുവനെയുംകൊണ്ട് അയാൾ സ്ഥലംവിടുന്നു. ഒരുമിച്ചു കളിച്ചുവളർന്ന സഹോദരങ്ങൾക്ക് രണ്ടിടങ്ങളിലേക്കുള്ള ആ പറിച്ചുനടീൽ ഹൃദയഭേദകംതന്നെയാണ്.

> കുടുംബത്തിൽനിന്നു കിട്ടുന്ന മുറിവോളം വലുതല്ല മറ്റൊരു മുറിവും. കുടുംബത്തിൽനിന്നു കിട്ടുന്ന പിന്തുണയോളം വരില്ല മറ്റൊരു പിന്തുണയും. ഭാവിതലമുറയ്ക്കുവേണ്ടിയെങ്കിലും ദമ്പതികൾ തമ്മിൽ സ്നേഹാദരവുകളുടെ സംസ്കാരവും വിട്ടുവീഴ്ചാമനോഭാവവും പുലർത്തിയിരുന്നുവെങ്കിൽ...

അച്ഛനൊപ്പം ജീവിക്കേണ്ടിവരുന്ന അവൻ ഒരിക്കലും ഒരു മകൻ കാണാൻ പാടില്ലാത്ത പലതിനും സാക്ഷിയാകേണ്ടിവരുന്നു; അച്ഛന്റെ വഴിവിട്ട ജീവിതംമുതൽ അയാളെ സംഘം ചേർന്നു കൊലപ്പെടുത്തുന്നതിനു വരെ. ജീവിതം ദുസ്സഹമായ ഒരുനാൾ അച്ഛന്റെ സമീപത്തുനിന്ന് അമ്മയുടെ അടുക്കലേക്ക് ഓടിച്ചെന്നുവെങ്കിലും അമ്മ സഹോദരനെയുംകൊണ്ട് താമസം മാറിയിരിക്കുന്നുവെന്ന വാർത്തയാണു കേട്ടത്. അതിനു പുറമേ നിന്നെ വേണ്ട മറ്റവനെമാത്രം മതി അമ്മയ്ക്ക് എന്ന കൂട്ടുകാരുടെ കുത്തുവാക്കും. ഈ വാക്ക് അവനെ അമ്മയിൽനിന്ന് എന്നേക്കുമായി അകറ്റുകയായിരുന്നു.

രണ്ടിടങ്ങളിലേക്ക് രണ്ടു രീതിയിൽ തങ്ങളുടേതല്ലാത്ത കുറ്റംകൊണ്ട് വേർതിരിക്കപ്പെട്ട ആ ഇരട്ടസഹോദരങ്ങളുടെ പില്ക്കാലജീവിതം അത്യന്തം ദയനീയമായിരുന്നു. സഹോദരനിൽനിന്നു വേർപെട്ടു ജീവിക്കേണ്ടിവന്നതിലുള്ള വേദനയും അമ്മയ്ക്കൊപ്പം ജീവിക്കേണ്ടിവന്നതിലുള്ള പരിത്യക്താവസ്ഥയും ചേർന്ന് അവരിലൊരാൾ തികഞ്ഞ മദ്യപനായി. മദ്യപാനശീലം സ്വന്തം കുടുംബജീവിതംവരെ തകർക്കുകയും ചെയ്തു.

അമ്മ ഉപേക്ഷിച്ചുപോയതാണെന്ന തെറ്റുധാരണയും അച്ഛന്റെ വഴിവിട്ട ജീവിതത്തിനു സാക്ഷിയാകേണ്ടിവന്നതിലുള്ള ദുർഭഗാവസ്ഥയും ചേർന്ന് മറ്റെയാൾ തികഞ്ഞ അരാജകത്വവാദിയായി. അയാളുടെതന്നെ ഭാഷയിൽ പറഞ്ഞാൽ അഴുക്കായ ജീവിതം. എണ്ണിയാലൊടുങ്ങാത്ത സ്ത്രീകൾ ആ ജീവിതത്തിലൂടെ കടന്നുപോയി. പാപവും പുണ്യവും വേർതിരിച്ചറിയാത്ത ജീവിതചക്രത്തിലൂടെ സഞ്ചരിച്ച് സ്വന്തം ചോരയോടുതന്നെ അതിനിന്ദ്യമായ പാപം ചെയ്ത് ഭൂമിയിലേറ്റവും ശപിക്കപ്പെട്ടവനും വെറുക്കപ്പെട്ടവനുമായി മാറി ഒടുവിൽ ആത്മനിന്ദയിൽ അയാൾ ആത്മാഹുതി ചെയ്യുന്നു.

തിരിച്ചറിവുകളുടെ സത്യവുമായി ഒരിക്കലും ഉണങ്ങാത്ത മുറിവോടെ മഹാഭാരതകഥയിലെ ഒരു കഥാപാത്രത്തെപ്പോലെ ജീവിക്കേണ്ടിവരുന്ന അത്യന്തം ദയനീയാവസ്ഥയിലേക്ക് മറ്റെയാളുടെ ജീവിതം എടുത്തെറിയപ്പെടുന്നു.

രോഹിത് തിരക്കഥയെഴുതി സംവിധാനം ചെയ്ത ജോജു ജോർജ് അഭിനയിച്ച ഇരട്ട എന്ന സിനിമയുടെ കഥയാണിത്.

കുടുംബത്തിൽനിന്ന് തങ്ങൾ നേരിട്ട സ്നേഹരാഹിത്യങ്ങളും മാതാപിതാക്കൾ തമ്മിലുള്ള സംഘർഷങ്ങളും സഞ്ജയെയും സിസിലിയെയും സമൂഹത്തിന് അപകടകാരികളാക്കിയില്ല. പക്ഷേ, ഇരട്ടയിലെ വിനോദും പ്രമോദും നിയമം കൈയിലെടുക്കുന്ന അധികാരികളാണെങ്കിലും അവർ സമൂഹത്തിനുതന്നെ അപകടകാരികളായി മാറുന്നുണ്ട്. കാരണം, കൂടുതൽ തിക്താനുഭവങ്ങൾക്കു വിധേയരാകേണ്ടിവന്നത് അവരായിരുന്നു. അല്ലെങ്കിൽ ഇത്തരം ചില അനുഭവങ്ങളിലൂടെ കടന്നുപോകുന്നവർ ഇങ്ങനെയല്ലാതെ മറ്റെന്താകാൻ!

ഭേദപ്പെട്ട രീതിയിലെങ്കിലും നമുക്കൊക്കെ ജീവിച്ചിരിക്കാനും പെരുമാറാനും കഴിയുന്നതുതന്നെ കുറവുകളോടുകൂടിയതെങ്കിലും നല്ലൊരു കുടുംബത്തിൽ ജനിക്കാനും വളരാനും കഴിഞ്ഞതുകൊണ്ടുതന്നെയാണ്. ഒരാൾ എന്തുകൊണ്ട് അങ്ങനെ പെരുമാറുന്നു, നിർദയനാകുന്നു, വഴിവിട്ട ജീവിതം നയിക്കുന്നുവെന്നൊക്കെ കുറ്റപ്പെടുത്തുമ്പോഴും ചോദ്യം ചെയ്യുമ്പോഴും അതിന്റെ അടിസ്ഥാനകാരണം കിടക്കുന്നത് കുടുംബത്തിലും പേരന്റിങ്ങിലുമാണ്. കുട്ടിക്കാലത്ത് ഏല്ക്കേണ്ടിവരുന്ന ശാരീരികവും മാനസികവുമായ മുറിവുകൾ എത്ര മുതിർന്നുകഴിയുമ്പോഴും വേട്ടയാടുന്നുവെന്നതാണ് സത്യം.

ഈ കുറിപ്പെഴുതുമ്പോഴാണ് ഇത്തരത്തിലുള്ള രണ്ടു വെളിപ്പെടുത്തലുകൾ നടന്നത്. നടനും ഗായകനുമായ പീയൂഷ് മിശ്രയുടേതായിരുന്നു ഒരു വെളിപ്പെടുത്തൽ. മറ്റൊന്നു നടിയും രാഷ്ട്രീയപ്രവർത്തികയുമായ ഖുഷ്ബുവിന്റേതും. സമൂഹത്തെത്തന്നെ ഞെട്ടിച്ചുകളഞ്ഞ വെളിപ്പെടുത്തലുകളായിരുന്നു രണ്ടും.

ഏഴാം ക്ലാസിൽ പഠിക്കുമ്പോൾ ബന്ധുവായ സ്ത്രീ ലൈംഗികമായി പീഡിപ്പിച്ചുവെന്നായിരുന്നു പീയൂഷ് മിശ്രയുടെ വെളിപ്പെടുത്തൽ. എട്ടു വയസുമുതൽ അച്ഛൻ തന്നെ പീഡിപ്പിച്ചിരുന്നുവെന്നാണ് ഖുഷ്ബുവിന്റെ കുമ്പസാരം. വേലിതന്നെ വിളവുതിന്നുന്ന സാഹചര്യങ്ങൾ. കുടുംബവ്യവസ്ഥയ്ക്കുള്ളിൽ സംഭവിക്കുന്ന അപജയങ്ങളാണ് ഇവയെല്ലാം മറനീക്കിക്കൊണ്ടുവരുന്നത്.

കുടുംബത്തിൽനിന്നു കിട്ടുന്ന മുറിവോളം വലുതല്ല മറ്റൊരു മുറിവും. കുടുംബത്തിൽനിന്നു കിട്ടുന്ന പിന്തുണയോളം വരില്ല മറ്റൊരു പിന്തുണയും. ഭാവിതലമുറയ്ക്കുവേണ്ടിയെങ്കിലും ദമ്പതികൾ തമ്മിൽ സ്നേഹാദരവുകളുടെ സംസ്കാരവും വിട്ടുവീഴ്ചാമനോഭാവവും പുലർത്തിയിരുന്നുവെങ്കിൽ... നിഷേധാത്മകതയുടെ ബാറ്റൺ കൈമാറാതെ നന്മയുടെയും സ്നേഹത്തിന്റെയും ബാറ്റൺ പില്ക്കാലതലമുറയ്ക്കു കൈമാറി നമുക്ക് ഫിനിഷിങ് പോയന്റിലേക്കു കടക്കാം. ■

# കല്ലെറിഞ്ഞു കളിക്കാനുള്ളതോ ക്രൈസ്തവികത?



ടോണി ചിറ്റിലപ്പിള്ളി

കേരളത്തിൽ ക്രൈസ്തവപൗരോഹിത്യം, സന്ന്യാസം, കൂദാശകൾ, സഭയുടെ പ്രബോധനങ്ങൾ തുടങ്ങിയവ അവഹേളിക്കപ്പെടുകയും അവമതിക്കപ്പെടുകയും ചെയ്യുന്ന സാഹചര്യങ്ങൾ തുടർച്ചയായി ഉണ്ടാകുന്നത് ക്രൈസ്തവരെ ഒന്നടങ്കം അലോസരപ്പെടുത്തുന്നു. ക്രൈസ്തവവിരുദ്ധത എങ്ങനെ കലയിലൂടെ പ്രചരിപ്പിക്കാമെന്ന് കേരള പൊതുസമൂഹത്തിന് ഒരിക്കൽകൂടി കാട്ടിക്കൊടുത്ത സമകാലികകലാസൃഷ്ടിയാണ് 'കക്കുകളി' എന്ന നാടകം. ക്രൈസ്തവവിശ്വാസത്തെയും ക്രൈസ്തവമൂല്യങ്ങളെയും പരസ്യമായി ആക്ഷേപിക്കുകയാണ് ഈ നാടകത്തിലൂടെ ചെയ്തിരിക്കുന്നത്.

ചത്തവന്റെ വീടുപോലെ ആളുകളെ ആകർഷിച്ച് നിരാശയുടെ പടുകുഴിയിൽ തള്ളുന്ന ചില കഥകളുണ്ട്. നിരീശ്വരപ്രത്യയശാസ്ത്രങ്ങൾക്കു വേണ്ടി നാടകമാക്കാൻ ഫ്രാൻസിസ് നൊറോണ 'കക്കുകളി' എന്ന തന്റെ കഥ വിട്ടുകൊടുക്കുന്നു. പ്രത്യയശാസ്ത്രങ്ങൾക്കും മതനിരാസകർക്കും നാസ്തികർക്കും ഏറെ ഇഷ്ടപ്പെട്ട നാടകമായി ഇത് പതുക്കെ രൂപപ്പെട്ടു.

ദുഃഖമാണ് മരണവീട്ടിലേക്കെന്ന പോലെ പ്രേക്ഷകരെ ഈ നാടകത്തിലേക്ക് ആകർഷിക്കുന്നത്. ദുഃഖം ശത്രുവിനെപ്പോലും കീഴ്പെടുത്തി ഇല്ലാതാക്കുന്ന വികാരമാണ്. ജീവിതദൈന്യം എന്ന പഴക്കമേറിയ ആകർഷകപ്പശ തേച്ച് സാധാരണ പ്രേക്ഷകരെക്കൂടി നാടകത്തിലേക്കടുപ്പിക്കാൻ എളുപ്പം അണിയറപ്രവർത്തകർക്കു കഴിഞ്ഞു. ഗുരുവായൂർ മുനിസിപ്പാലിറ്റിയുടെ സർഗോത്സവത്തിലും തൃശൂരിൽ കേരള സംഗീതനാടക അക്കാദമിയുടെ പതിമൂന്നാമത് അന്താരാഷ്ട്ര നാടകോത്സവം ഇറ്റ്ഫോക്കിന്റെ വേദിയിലും ഈ നാടകം നിറഞ്ഞാടി. പരിഹാസത്തിലും ക്രൈസ്തവമൂല്യനിരാസത്തിലും കെട്ടിയൊരുക്കിയ ഭൗതികരൂപങ്ങൾകൊണ്ട് അതിഭാവുകത്വം നൽകി ചതുരംഗം കളിക്കുകയാണ് ഈ നാടകം ചെയ്യുന്നത്.

നാടകത്തിന്റെ മൂലകഥാരചയിതാവായ ഫ്രാൻസിസ് നൊറോണ മാർക്സിസംപോലുള്ള ബൃഹദാഖ്യാനങ്ങളെ പൂർണമായി തിരസ്കരിക്കുന്നില്ല. മാർക്സിസത്തിന്റെ നവോത്ഥാനത്തെയും വീണ്ടെടുപ്പിനെയുമാണ് ഈ കഥ സ്വപ്നം കാണുന്നതെന്നു വ്യക്തം. എന്നാൽ, അത് ഒരു പഴയ സ്റ്റാലിനിസ്റ്റ് റഷ്യൻ മാതൃകയുടെ വീണ്ടെടുപ്പല്ല. ക്രിസ്തീയ സഭയെ കശാപ്പു ചെയ്യാൻ കല്ലിലുരച്ച കത്തി കമ്യൂണിസത്തിനടുത്തെത്തുമ്പോൾ കഥാകൃത്ത് ആദരവോടെ താഴെ വയ്ക്കുന്നുണ്ടെങ്കിലും ചില കുത്തുവാക്കുകൾ കഥയിൽ ഒളിച്ചുവച്ചിട്ടില്ലേയെന്നു സംശയം തോന്നാം.

കമ്യൂണിസത്തെ വിമർശിക്കാനാഗ്രഹിക്കുന്ന ഇടങ്ങളിൽ വ്യാഖ്യാനിക്കാനാകാത്ത ഒരു ഇരുട്ട് കഥയിൽ ഇടംപിടിക്കുന്നുണ്ട്. കമ്യൂണിസത്തിന് ക്രിസ്തീയസാദൃശ്യം ഉണ്ടെന്ന് 'ചോന്നപുണ്യാളന്മാർ' തുടങ്ങിയ ചില വാക്കുകളുടെ കൂട്ടിക്കെട്ടിലൂടെ കഥാകൃത്ത് അടക്കംപറയുന്നു. ഒതളങ്ങ തല്ലിപ്പൊട്ടിച്ചു തിന്ന് സഖാവ് വാസുപിള്ള ആത്മഹത്യ ചെയ്തതെന്തിനാണെന്ന് കഥാകൃത്ത് വ്യക്തമാക്കുന്നില്ല. 'കൂജയിലെ വെള്ളം കൈക്കുടന്നയിൽ എടുത്ത് ആനാംവെള്ളംപോലെ തളിച്ചാലും തൂക്കുമ്പോൾ ഒരു പൊടിമറ പാർട്ടിയാപ്പീസിനെ പൊതിയും' എന്ന ഒരു സദൃശവാക്യത്തിൽ വിമർശനത്തെ ഒളിപ്പിച്ച് തടി കഴിച്ചിലാക്കുന്നുണ്ട് ഒരിടത്ത് കഥാകൃത്ത്.

മറ്റൊരിടത്ത് 'ഇതെന്നാടാ കറുമ്പാ കൊംപ്രേരിപ്പെരുന്നാളാ' എന്ന് പാർട്ടിസമ്മേളനത്തിനും പള്ളിപ്പെരുന്നാളിനും സാഹോദര്യം കല്പിച്ച് രണ്ടും ഒന്നുതന്നെ എന്ന സൂചനയിൽ കഥാകൃത്ത് കമ്യൂണിസ്റ്റ് വിമർശനത്തെ ചുരുക്കിക്കെട്ടുന്നു. വെളുത്ത വാസുസഖാവിരിക്കുന്ന കസേര തുടച്ചു വൃത്തിയാക്കുകയാണ് കറുമ്പനായ അപ്പൻസഖാവിന്റെ പണി എന്ന ഒരു കറുത്ത പരിഹാസവും വായനക്കാരനു മണക്കാൻ പാകത്തിൽ കഥാകൃത്ത് ഒളിച്ചുവയ്ക്കുന്നില്ലേ? വാസുസഖാവിന്റെ പുരയിടത്തിനു പിന്നിലേതുപോലെയുള്ള വലിയ കുളമാണ് മഠത്തിനു പിന്നിലെ കുളമെന്നും അത്രയും മുഴുപ്പുള്ള കുളത്തിലൊക്കെ ദുഷ്ടാത്മാക്കളുണ്ടാവുമെന്നാണ് അമ്മ പറയാറുള്ളതെന്നുംകൂടി കഥാകൃത്ത് എഴുതുമ്പോൾ ഏതോ ഒരു ഭയം വാക്കുകളെ നിയന്ത്രിക്കുന്നതു അവ്യക്തമായി കാണാം.

"കെട്ടിത്തൂക്കിയ വരാലിന്റെ മുള്ളും തലേം കാറ്റിലാടി. പച്ചമീൻ തിന്നു വയറുനിറഞ്ഞ നരച്ച കാക്കകളുടെ സ്തുതിപ്പുയർന്നു." നരച്ച കാക്കളുടെ സ്തുതിപ്പ് എന്ന വിശേഷണത്തിൽ സ്തുതിപ്പ് എന്ന പദം, നരച്ച കാക്കകൾ എന്ന പദസംയോജനം കന്യാസ്ത്രീകളുടെ ചിത്രസൂചനയാണു ധ്വനിപ്പിക്കുന്നത്. സ്വന്തം യുക്തിക്കു തോന്നുന്നതൊക്കെത്തന്നെയാണ് ശരിയെന്നും ആ യുക്തി തനിക്കു തോന്നുന്നപോലെ നടപ്പിലാക്കുന്നതിൽ തെറ്റൊന്നുമില്ലെന്നുമുള്ള യുക്തിവാദി ആശയമൊക്കെത്തന്നെയാണല്ലോ നൊറോണയുടെ പുതിയ സുവിശേഷം.



മതദർശനങ്ങളെ പിന്തുടരുന്നവരെയെല്ലാം തങ്ങൾക്കന്യമായവരായിക്കാണുകയും അവരെ ഏതെങ്കിലും രീതിയിൽ ആക്രമിക്കുകയോ അവഹേളിക്കുകയോ ചെയ്യുമ്പോൾ വന്യമായൊരു മാനസികാനുഭൂതി ലഭിക്കുകയും ചെയ്യുന്ന പച്ചയായ വർഗീയതയുടെ ചികിത്സിക്കപ്പെടേണ്ട മാനസികാവസ്ഥയാണ് ആധുനികനിരീശ്വരൻമാരിലും പ്രവർത്തിക്കുന്നതെന്നു ചുരുക്കം. യൂണിവേഴ്സിറ്റി കലോത്സവവുമായി ബന്ധപ്പെട്ട് തലശേരി ബ്രണ്ണൻ കോളജിൽ എസ്എഫ്ഐ പതിപ്പിച്ച പോസ്റ്ററുകളിലുള്ള ക്രൈസ്തവരുടെ വിശുദ്ധ അടയാളങ്ങളെ അപമാനിക്കുന്ന പരാമർശങ്ങളെല്ലാം ഇത്തരം മാനസികമായ അവസ്ഥ തന്നെയാണ്.

ക്രൈസ്തവവിദ്വേഷം വളർത്തുന്നതിൽ കേരളത്തിലെ രാഷ്ട്രീയാന്തരീക്ഷത്തിനു മുഖ്യപങ്കുണ്ട്. അസത്യങ്ങൾ ആവർത്തിച്ചാവർത്തിച്ച് ക്രൈസ്തവർക്കെതിരായ നിലപാടു സൃഷ്ടിച്ചവരിൽ ഭൂരിപക്ഷ ന്യൂനപക്ഷ വർഗീയപ്പാർട്ടികളും അവയോടു ബന്ധപ്പെട്ട പ്രസ്ഥാനങ്ങളുമുണ്ട്. സമുദായപരമായും രാഷ്ട്രീയപരമായും ക്രൈസ്തവർ സംഘടിക്കപ്പെടുമ്പോൾ അസഹിഷ്ണുതയും അസ്വസ്ഥതയും പ്രകടിപ്പിക്കുന്നവരാണ് സാധ്യമായ എല്ലാ മാർഗങ്ങളുമുപയോഗിച്ച് ക്രൈസ്തവവിരുദ്ധത വളർത്താൻ ശ്രമിക്കുന്നവരിൽ പലരും എന്നതു വ്യക്തമാണ്.

നിരീശ്വരപ്രസ്ഥാനങ്ങൾ ഒരു സംഘടിത-രാഷ്ട്രീയ ശക്തിയായി വളർന്ന് അധികാരത്തിലേറുകയോ നിരീശ്വരൻമാർ ഭൂരിപക്ഷമാവുകയോ ചെയ്തിടത്തെല്ലാം മറ്റുള്ളവർക്കു വിശ്വാസസ്വാതന്ത്ര്യം നിഷേധിച്ചും അടിച്ചമർത്തിയും കൊന്നുംവരെ ഭീകരമായൊരു സാമൂഹികാവസ്ഥയെത്തന്നെയാണ് ഉണ്ടാക്കിയിട്ടുള്ളത്. ക്രൈസ്തവർ ശ്രേഷ്ഠമായി പരിഗണിക്കുന്ന സകലതിനെയും ദുരുപയോഗിക്കാനുള്ള ശ്രമങ്ങൾ നിർഭാഗ്യവശാൽ കേരളത്തിൽ നടക്കുന്നു. ക്രൈസ്തവ അടയാളങ്ങളെ മനഃപൂർവമായ അനാദരവിനും അവഹേളനത്തിനും ഇരയാക്കാൻ ചില പൈശാചികശക്തികൾ സമൂഹത്തിൽ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

മതമൂല്യനിരാസങ്ങൾ ശൈലിയാക്കിയ പ്രത്യയശാസ്ത്രങ്ങളുടെ നേതാക്കൾ സർക്കാർ സംവിധാനങ്ങളിലൂടെ പരസ്യമായി ഇത്തരം നാടകങ്ങളിലൂടെയുള്ള അവഹേളനങ്ങൾക്കു കൂട്ടുനിൽക്കുന്നു. ക്രിസ്തുവിനെയും ക്രൈസ്തവവിശ്വാസപ്രമാണങ്ങളെയും അവഹേളിച്ചു സംസാരിക്കുകയും പൗരോഹിത്യ-സന്ന്യസ്തജീവിതങ്ങളെ അപകീർത്തിപ്പെടുത്താൻ ശ്രമിക്കുകയും ചെയ്യുന്ന വ്യക്തികൾക്കോ പ്രസ്ഥാനങ്ങൾക്കോ നവമാധ്യമങ്ങൾക്കോ നാടകങ്ങൾക്കോ സിനിമകൾക്കോ യൂട്യൂബുകൾക്കോ എതിരെ എന്തുകൊണ്ട് സർക്കാർ നടപടികൾ സ്വീകരിക്കുന്നില്ല എന്നത് സാധാരണക്കാരെപ്പോലും അദ്ഭുതപ്പെടുത്തുന്നു.


ശക്തമായ നിയമസംവിധാനങ്ങളുടെ അഭാവം ക്രൈസ്തവർക്കുനേരേയുള്ള ആക്രമണങ്ങൾക്കും അവഹേളനങ്ങൾക്കും കാരണമാകുന്നുണ്ട്. ക്രൈസ്തവന്യൂനപക്ഷങ്ങൾക്കെതിരേ നിരന്തരം വിദ്വേഷപ്രസ്താവനകൾ നടത്തുന്നവർ ശിക്ഷിക്കപ്പെടാതെ പോകുന്നത് കേരളത്തിലും ഭാരതത്തിലും ക്രൈസ്തവർക്കുനേരേയുള്ള നിലപാടിന്റെ അപകടകരമായ സൂചനയായിട്ടാണ് നിരീക്ഷിക്കപ്പെടുന്നത്. സർക്കാരുകളുടെ മൗനവും പോലീസിന്റെ മെല്ലെപ്പോക്കും പലപ്പോഴും കുറ്റവാളികൾക്ക് അനുകൂലസാഹചര്യം സൃഷ്ടിക്കുന്നു.

ക്രൈസ്തവവിശ്വാസത്തെയും ക്രിസ്തീയമൂല്യങ്ങളെയും അപഹസിക്കുമ്പോൾ അത്തരക്കാർക്കെതിരേ ചെറുവിരലനക്കാത്ത നിയമസംവിധാനങ്ങൾ ആർക്കുവേണ്ടിയാണ്? സൈബർ ഇടങ്ങളിലൂടെയുള്ള ആക്രമണങ്ങൾക്കുള്ള ശിക്ഷകൾ പലപ്പോഴും അപര്യാപ്തമാണ്. ക്രൈസ്തവ സഭയെയും ക്രിസ്തീയമൂല്യങ്ങളെയും പരിശുദ്ധ കൂദാശകളെയും അപമാനിച്ചശേഷം സാത്താനും അവന്റെ നാമത്തിനും കൈയടി വാങ്ങിക്കൊടുക്കുന്നതായി മലയാളസാംസ്കാരികരംഗം മാറിയിരിക്കുന്നു.

ക്രൈസ്തവജീവിതവിശ്വാസരീതികളെ സത്യവിരുദ്ധമായി അവതരിപ്പിച്ച് അപഹാസ്യമായി ചിത്രീകരിക്കാൻ ചിലർ ആവേശം കാണിക്കുന്നത് കലാപരമായ ആവിഷ്കാരസ്വാതന്ത്ര്യമെന്നു കരുതി അവഗണിക്കാനാവില്ല. മറിച്ച്, ക്രൈസ്തവരെക്കുറിച്ച് പൊതുസമൂഹത്തെ തെറ്റിദ്ധരിപ്പിക്കാൻ വ്യക്തമായ അജണ്ടയോടുകൂടി പ്രവർത്തിക്കുന്ന വർഗീയ അധാർമികശക്തികളുടെ ഗൂഢാലോചന തിരിച്ചറിഞ്ഞ് പ്രതിരോധിക്കാൻ ക്രൈസ്തവർക്ക് നിതാന്തജാഗ്രത ആവശ്യമായിരിക്കുന്നു.



# വൃദ്ധനെ പുച്ഛിച്ച യുവാക്കൾ



സി.എൽ. ജോസ്

ഒരു വൃദ്ധൻ പാരീസിൽനിന്നു ട്രെയിനിൽ യാത്ര ചെയ്യുകയാണ്. കമ്പാർട്ടുമെന്റിൽ ആളുകൾ കുറവായതിനാൽ വൃദ്ധൻ ആളൊഴിഞ്ഞ ഭാഗത്ത് ഒരു മൂലയിലിരുന്നു. മറ്റാരുടെയും ശല്യമില്ലാത്തതിനാൽ തന്റെ കൈയിലെ ജപമാല ഉരുട്ടിക്കൊണ്ടു സ്വസ്ഥമായിരുന്നു കൊന്ത ചൊല്ലുകയാണ്.

കുറേസമയം കഴിഞ്ഞ് ട്രെയിൻ അടുത്ത സ്റ്റേഷനിലെത്തിയപ്പോൾ വൃദ്ധനിരിക്കുന്ന കമ്പാർട്ടുമെന്റിലേക്കു രണ്ടു യുവാക്കൾ കയറിവന്ന് എതിർസീറ്റുകളിൽ വൃദ്ധനഭിമുഖമായി ഇരുന്നു. നല്ല പ്രൗഢിയും പരിഷ്കാരവും ഗമയും വിളിച്ചറിയിക്കുന്ന യുവാക്കൾ. അവർ ബെല്ലും ബ്രേക്കുമില്ലാതെ കലപില വർത്തമാനവും ചിരിയുമായി സല്ലപിച്ചിരിക്കുകയാണ്.

കാരണവർ ദത്തശ്രദ്ധനായി കൊന്തയുരുട്ടിയിരിക്കുന്നതു ചൂണ്ടി അവർ പുച്ഛത്തോടെ പരസ്പരം നോക്കി ഊറിച്ചിരിച്ചു. അലോസരം തോന്നിയിട്ടോ എന്തോ കാരണവർ അവരെ ഉറ്റുനോക്കി.

ഒരു കോളജുകുമാരന്റെ ചോദ്യം: "ഈ പഴഞ്ചൻ ജപമാലയിൽ നിങ്ങളിപ്പോഴും വിശ്വസിക്കുന്നുണ്ടോ?"

വൃദ്ധൻ: ''തീർച്ചയായും, നിങ്ങളോ?"

വിദ്യാർഥി: "ഞാനെന്നേ അതുപേക്ഷിച്ചു. ഇതുകൊണ്ടൊന്നും ഭാവിക്ക് യാതൊരുപകാരവുമില്ല."

വൃദ്ധൻ: "നിങ്ങളെന്തു ചെയ്യുന്നു?"

വിദ്യാർഥി: "ഞങ്ങൾ കോളജുവിദ്യാർഥികളാ."

വൃദ്ധൻ : "ഓഹോ!"

അടുത്ത വിദ്യാർഥി: "കാരണവര് വല്ല പുസ്തകവുമൊക്കെ വായിച്ച് അറിവു സമ്പാദിക്കാൻ നോക്ക്. കൊന്തയുരുട്ടി ചുമ്മാ സമയം നഷ്ടപ്പെടുത്താതെ."

വൃദ്ധൻ: ''ഇതൊരു നഷ്ടമായി എനിക്കു തോന്നിയിട്ടില്ല."

ആദ്യവിദ്യാർഥി: "ഉപദേശിക്കുകയാണെന്നു തോന്നരുത്. ഞാൻ പറയുന്നതു സ്വീകരിക്കുമെങ്കിൽ നിങ്ങൾ ഒന്നു മാത്രം ചെയ്യുക."

വൃദ്ധൻ: "എന്താണത്?"

വിദ്യാർഥി: ''മോഡേൺ സയൻസിനെക്കുറിച്ചു പഠിക്കുക. ഈ ജപമാല ഉരുട്ടുന്നതിനെക്കാൾ കൂടുതൽ ഫലം കിട്ടും. അറിവു കിട്ടും. ആധുനികശാസ്ത്രത്തിന്റെ വിസ്മയകരമായ വളർച്ച മനസ്സിലാകും."

വൃദ്ധൻ: ''എന്താണു നിങ്ങളുടെ മോഡേൺ സയൻസ്? ആധുനികശാസ്ത്രം?"

വിദ്യാർഥി: "വിഷയം കുറച്ചു ഗഹനമാണ്. അറിയാൻ ആഗ്രഹമുണ്ടോ? എങ്കിൽ അതിന്റെ അദ്ഭുതസിദ്ധികളെക്കുറിച്ചും മേന്മയെക്കുറിച്ചുമുള്ള പുസ്തകം അയച്ചുതരാം. താത്പര്യമുണ്ടെങ്കിൽ നിങ്ങളുടെ അഡ്രസു തരൂ."

വൃദ്ധൻ ഉടനെ പോക്കറ്റിൽനിന്നു തന്റെ അഡ്രസ് കാർഡ് എടുത്തു നീട്ടി. യുവാക്കൾ ഞെട്ടിപ്പോയി. വിശ്വവിഖ്യാതനായ ശാസ്ത്രജ്ഞൻ! മാരകമായ പേപ്പട്ടിവിഷത്തിനു മരുന്നു കണ്ടുപിടിച്ച ലൂയി പാസ്റ്റർ എന്ന മഹാൻ!



വൃദ്ധനെ കളിയാക്കിക്കൊണ്ടു പേയിളകിയതുപോലെ സംസാരിച്ച യുവാക്കൾക്ക് നെറുകയിൽ അടികിട്ടിയതുപോലെയായി. ശാസ്ത്രജ്ഞന്റെ ശാന്തതയും വിനയസ്വഭാവവും പ്രാർഥനയുമെല്ലാം ആ യുവാക്കൾക്ക് ഒരു ഷോക്ക്ട്രീറ്റ്മെന്റായി. അവർ എഴുന്നേറ്റു ക്ഷമാപണത്തോടെ സോറി പറഞ്ഞു. ഫ്രാൻസിലെ ഒരിടത്തരം കുടുംബത്തിൽ ജനിച്ച ലൂയി പാസ്റ്ററാണ് പിന്നീട് ലോകപ്രശസ്ത ശാസ്ത്രജ്ഞനായി ഉയർന്നതെന്ന് ആ യുവാക്കൾ അറിഞ്ഞതേയില്ല.

അനുബന്ധമായി ഒരു സംഭവം. മർജാ മിഷൻ എന്ന സ്ത്രീയുടെ ഭർത്താവു നേരത്തേ മരിച്ചുപോയിരുന്നു. അവരുടെ ഏകമകന്റെ പേരാണ് ജോസഫ് മീഷർ. അവന് ഒമ്പതു വയസ്സുണ്ട്. സ്കൂളിൽ പഠിക്കുന്നു. ഒരു ദിവസം വാവിട്ടു കരഞ്ഞുകൊണ്ട് അവൻ ഓടിക്കിതച്ച് വീട്ടിലെത്തി. സ്കൂൾവിട്ടുപോരുന്ന സമയത്ത് ഒരു പട്ടി പിന്നാലെ പാഞ്ഞെത്തി അവന്റെ കാൽവണ്ണ കടിച്ചുപൊളിച്ചു.

മകന്റെ നിലവിളികേട്ടു പരിഭ്രാന്തയായി അമ്മ ഓടിയെത്തി. മുറിവിൽനിന്നു രക്തം ധാരധാരയായി ഒഴുകുന്നു. അമ്മയ്ക്കു തലകറങ്ങുന്നതുപോലെ തോന്നി. എന്തു ചെയ്യണമെന്നറിയാതെ നിമിഷങ്ങളോളം വിഷമിച്ചുനിന്നു. ഏതോ ദൈവികശക്തിയാൽ പ്രേരിതയായി ആ അമ്മ മകനെയുമെടുത്ത് ഓടിപ്പോയത് ആശുപത്രിയിലേക്കോ ഡോക്ടറെ കാണിക്കാനോ അല്ല. ലൂയിപാസ്റ്ററുടെ ഗവേഷണശാലയിലേക്ക്. അദ്ദേഹത്തെ കണ്ടു സങ്കടമറിയിക്കാൻ, മോന്റെ ജീവൻ രക്ഷിക്കണമെന്നപേക്ഷിക്കാൻ.

പേപ്പട്ടിവിഷത്തിന് അദ്ദേഹം ഒരു മരുന്നു കണ്ടുപിടിച്ചിട്ടുണ്ടെന്ന് അവർ കേട്ടിട്ടുണ്ട്. ആ വിശ്വാസത്തിലാണ് അങ്ങോട്ടോടിയത്. അദ്ദേഹം കുട്ടിയെ പരിശോധിച്ചു. കടിച്ചത് പേപ്പട്ടിയാണെന്നു ബോധ്യമായി. എന്നിട്ടു പറഞ്ഞു: "ഞാൻ ഒരു മരുന്നു കണ്ടുപിടിച്ചു എന്നതു ശരിയാണ്. പക്ഷേ, ഇന്നുവരെ മനുഷ്യശരീരത്തിൽ ഞാനിതു പ്രയോഗിച്ചിട്ടില്ല. വിജയിക്കുമോ എന്നുമറിയില്ല. അക്കാരണത്താൽത്തന്നെ നിന്റെ മകനെ രക്ഷപ്പെടുത്താമെന്നു ഞാൻ തീർത്തുപറയില്ല. രക്ഷപ്പെട്ടാൽ നിന്റെ മഹാഭാഗ്യം."

"അവിടുന്ന് എന്റെ മോനെ രക്ഷിക്കണം. ഇപ്പോൾ അങ്ങ് എന്റെ ദൈവമാണ്." ആ സ്ത്രീ അദ്ദേഹത്തിന്റെ കാൽക്കൽ വീണു കരഞ്ഞു.

അങ്ങനെ ചികിത്സയാരംഭിച്ചു. സൗകര്യാർഥം അമ്മയും മകനും അവിടെത്തന്നെ താമസിച്ചു. ലൂയി പാസ്റ്റർ ഒപ്പംനിന്നു ശ്രദ്ധാപൂർവം മേൽനോട്ടം വഹിച്ചു. നാലഞ്ചു മാസത്തോളം ട്രീറ്റുമെന്റു നടന്നു. ദൈവാനുഗ്രഹത്താൽ മകന് പരിപൂർണ സൗഖ്യം ലഭിച്ചു. അങ്ങനെ പേപ്പട്ടിവിഷത്തിൽനിന്നു രക്ഷനേടിയ ലോകത്തിലെ ആദ്യത്തെ വ്യക്തിയായി മാറി ജോസഫ് മീഷർ എന്ന പയ്യൻ – ആ അമ്മയുടെ ഏക മകൻ.

■

# സ്വർണക്കുരിശ്

**ബാലനോവൽ** — **നാല്** — **രാമപുരം മണി**

രാവിലെതന്നെ അമ്മച്ചി കുന്നത്തുവീട്ടിലേക്കു പോയി. അല്പം കഴിഞ്ഞേ അപ്പച്ചൻ പോകൂ. രാവിലത്തെ കാപ്പിക്ക് അമ്മ ദോശയുണ്ടാക്കിവച്ചിട്ടുണ്ട്. നല്ല തേങ്ങാചട്ട്ണിയുമുണ്ട്. കുടിക്കാൻ ചായയും. അപ്പച്ചനെണീറ്റു പല്ലുതേപ്പും മറ്റും കഴിഞ്ഞുവന്നാൽ ഒരുമിച്ചിരുന്നു കാപ്പികഴിക്കും. ഷിബിൻ നേരത്തേ ദിനചര്യകൾ കഴിഞ്ഞു കുളിച്ചു. അപ്പോഴേക്കും അപ്പച്ചൻ വന്നു.

മേശപ്പുറത്ത് എല്ലാം എടുത്തുവച്ചിരുന്നു.

"നമുക്കു കഴിക്കാം മോനെ."

"ശരിയപ്പച്ചാ."

അവർ അച്ഛനും മകനും ഒരുമിച്ചിരുന്നു ഭക്ഷണം കഴിച്ചു.

"അമ്മച്ചിക്ക് അസുഖമൊന്നുമില്ലല്ലോ അല്ലേ അപ്പച്ചാ."

"ഒന്നും പറഞ്ഞില്ലവൾ. വയ്യായ്കയൊന്നും കാര്യമായിട്ടില്ലെന്നു തോന്നുന്നു. ഇത് അഞ്ചാംമാസമായിട്ടല്ലേയുള്ളൂ. എന്തെങ്കിലും വയ്യെന്നു പറഞ്ഞാൽ കുന്നത്തുവീട്ടുകാർ ശ്രദ്ധിച്ചുകൊള്ളും. ഉടനെ നമ്മളെ വിവരമറിയിക്കുകയും ചെയ്യും."

ഗ്രേസി ഗർഭിണിയാണ്. അതിന്റേതായ ക്ഷീണമൊന്നും ഇപ്പോഴില്ല. എന്നും കുന്നത്തുവീട്ടിൽ ജോലിക്കുപോകും. കുന്നത്തുവീട് അധികം അകലെയല്ല. നടന്നുപോയി വരാനുള്ള ദൂരമേയുള്ളൂ. ക്ഷീണം വല്ലതുമുണ്ടെങ്കിൽ അവർ വണ്ടിയിൽക്കൊണ്ടുവന്നുവിടും. ഗ്രേസിയുടെ കാര്യമോർത്ത് ഒട്ടും ടെൻഷനടിക്കേണ്ടതില്ല. എങ്കിലും, ഷിബിനു പേടിയാണ്. അമ്മച്ചിക്കു വല്ല വയ്യായ്കയും വരുമോ? കുഞ്ഞുവാവ അമ്മച്ചിയുടെ വയറ്റിൽക്കിടന്നു കുഴപ്പം വല്ലതുമുണ്ടാക്കുമോ? തന്റെ അമ്മച്ചിയുടെ വയറ്റിലെ കുഞ്ഞുവാവ ആണായിരിക്കുമോ അതോ പെണ്ണായിരിക്കുമോ? ഒരിക്കൽ ഷിബിൻ അമ്മച്ചിയോടുതന്നെ ചോദിച്ചു. "അമ്മച്ചീടെ വയറ്റിലെ കുഞ്ഞുവാവ ആണോ പെണ്ണോ?"

"എന്തായിരിക്കണമെന്നാണു മോന്റെ ഇഷ്ടം?"

"ഒരു പെൺകുഞ്ഞ്."

''അതുതന്നെയാണു ഞങ്ങടെയും ആഗ്രഹം. നിനക്കൊരനിയത്തി."

"കർത്താവു നമ്മുടെ ആഗ്രഹം സാധിച്ചുതരും. ഞാൻ മുട്ടിപ്പായി പ്രാർഥിക്കുന്നുണ്ട്."

"നമ്മൾ പ്രാർഥിക്കുക. എല്ലാം തീരുമാനിക്കുന്നതവിടുന്നല്ലേ..."

ഗ്രേസി നല്ലൊരു വിശ്വാസിയാണ്. മുടങ്ങാതെ പ്രാർഥിക്കും. എല്ലാ ഞായറാഴ്ചകളിലും പള്ളിയിൽപോകും. കുർബാന കൂടും. പരിശുദ്ധ പിതാവിനെ തൊഴുതു വണങ്ങും. മനസ്സിനപ്പോൾ എന്തൊരാശ്വാസമാണ്...

*   *   *   *

അന്ന് പതിനൊന്നു മണിയായപ്പോൾ ഷിബിൻ വെറുതെ



കുന്നത്തു വീട്ടിലേക്കു പോയി. ചിലപ്പോളവൻ വെറുതെയിരിക്കുമ്പോൾ കൂട്ടുകാരൻ രതീഷിനെകാണാൻ പോകുന്നതാണ്. രതീഷ് ചിലപ്പോൾ ഷിബിന്റെ വീട്ടിലും വരാറുണ്ട്. വലിയ പണക്കാരന്റെ മകനാണെന്ന ഭാവമൊന്നും രതീഷിനില്ല. ഷിബിനുമായി മകൻ കൂട്ടുകൂടുന്നതിൽ കുന്നത്തുവീട്ടുകാർക്കു യാതൊരു വിരോധവുമില്ലായിരുന്നു.

"ആ നല്ല കുട്ടിയുടെ കൂടെ നടന്നാൽ അവൻ കൂടുതൽ നന്നാവും..." സുഭദ്ര മകനെക്കുറിച്ചു പറയാറുണ്ട്.

"ഇപ്പോഴെന്താ രതീഷ് ചീത്തയാണോ അമ്മേ...?"

ശുഭ ചോദിച്ചു.

"അതുകൊണ്ടല്ല മോളേ. നല്ല കൂട്ടുകെട്ടുകൾ എപ്പോഴും നമുക്കു ഗുണം ചെയ്യും. നല്ല സൗഹൃദങ്ങൾ എത്ര സന്തോഷകരമാണ്."

"ശരിയാണമ്മേ." ശുഭ സമ്മതിച്ചു.

"അതാ ഷിബിൻ വരുന്നുണ്ട്." ശുഭ വിളിച്ചു പറഞ്ഞു.

''നിനക്കു നൂറായുസ്സാണു മോനേ. നിന്റെ കാര്യം ഞാനും ശുഭയുംകൂടി ഇപ്പോൾ പറഞ്ഞതേയുള്ളൂ."

അതുകേട്ടു ഷിബിൻ പുഞ്ചിരിച്ചു.

"രതീഷ് എവിടെ?" ഷിബിൻ ചോദിച്ചു.

''അവൻ മുറിക്കകത്തിരുന്ന് എന്തോ പുസ്തകം വായിക്കുന്നു." ശുഭയാണു പറഞ്ഞത്.

"വാടാ ഷിബിനെ." രതീഷ് വിളിച്ചു.

ഷിബിൻ അകത്തേക്കു കയറിപ്പോയി.

"ഗ്രേസീ മോൻ വന്നിട്ടുണ്ട്." സുഭദ്ര പറഞ്ഞു.

ഗ്രേസി ചായ എടുത്തുകൊണ്ടിരിക്കുകയായിരുന്നു.

"ഇനി മോനൂടെ ചായ കൊടുക്ക്."

"ശരി സുഭദ്രേച്ചീ."

ഗ്രേസി ചായയുമായിപ്പോയി.

മുത്തശ്ശിക്ക്, സുഭദ്രേച്ചിക്ക്, ശുഭയ്ക്ക്, രതീഷിന് പിന്നെ ഷിബിന്. എല്ലാവർക്കും ഓരോ കപ്പു ചൂടു ചായ.

"താങ്ക് യൂ അമ്മച്ചീ." ഷിബിൻ പറഞ്ഞു.

"എന്തിനാടാ ഷിബിനെ."

"അമ്മച്ചി എനിക്കു ചായ തന്നതിന്."

''ഈ ചെറുക്കന്റെയൊരു കാര്യം..." ഗ്രേസി ചിരിച്ചുകൊണ്ടു മുറിവിട്ടുപോയി.

"നീ എന്തു പുസ്തകമാ വായിച്ചുകൊണ്ടിരുന്നതു രതീഷേ."

"പൂച്ചയണ്ണനും കോഴിച്ചേച്ചിയും. ഒരു നല്ല ബാലനോവലാ."

"എന്നാ എനിക്കും ഒന്നു വായിക്കാൻ തരണം."

"ഇതാ ഞാനിപ്പോൾ വായിച്ചു തീർന്നതേയുള്ളൂ."

ഷിബിൻ പുസ്തകം വാങ്ങി നോക്കി. നല്ല കവർ. പടർന്നു പന്തലിച്ച ഒരു മരത്തിനു ചുവട്ടിൽ ഒരു പൂച്ചയും കോഴിയും. കവർച്ചിത്രം കാണാൻ നല്ല ഭംഗി. എഴുത്തുകാരന്റെ പേര് രാമപുരം മണി. ഇദ്ദേഹം ഒരുപാടു ബാലനോവലുകൾ എഴുതീട്ടുള്ളയാളാണ്. മങ്കി വാസു, നീർക്കോലി രാമൻ. ജോബിയുടെ പേന. അങ്ങനെ... (തുടരും)

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ
അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



വിവേകമുള്ള മകൻ പിതാവിന്റെ ഉപദേശം കേൾക്കുന്നു; പരിഹാസകൻ ശാസനം അവഗണിക്കുന്നു.

സുഭാഷിതങ്ങൾ 13:1

**എഡിറ്റോറിയൽ**

# ബ്രഹ്മപുരം ഓർമിപ്പിക്കുന്നത്

ബ്രഹ്മപുരം മാലിന്യസംസ്കരണകേന്ദ്രത്തിൽ കാലങ്ങളായി കുമിഞ്ഞുകൂടിയ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾക്കു തീപിടിച്ചു കൊച്ചിയിലെ ജനജീവിതം ദുസ്സഹമായിരിക്കുന്നു. കൊച്ചിനഗരത്തിൽ താമസിക്കുന്നവരും പ്രതിദിനം വന്നുപോകുന്നവരുമായ ലക്ഷക്കണക്കിനാളുകൾ ദിവസങ്ങളായി വിഷപ്പുക ശ്വസിച്ചു നീറിപ്പുകയുകയാണ്. ശുദ്ധവായു കിട്ടാതെ കൊച്ചി ശ്വാസംമുട്ടുമ്പോഴും, ആരോപണപ്രത്യാരോപണമല്ലാതെ പ്രശ്നത്തിനു ശാസ്ത്രീയനടപടികളിലൂടെ ശാശ്വതപരിഹാരമുണ്ടാക്കാൻ സംസ്ഥാന സർക്കാരോ കൊച്ചി കോർപറേഷനോ ജാഗ്രത കാണിക്കാത്തതാണ് ജനമനസ്സുകളിൽ മാലിന്യമായി നീറിപ്പുകയുന്നതും വിവാദങ്ങളായി ആളിക്കത്തുന്നതും.

കൊച്ചി നഗരത്തിൽനിന്ന് 17 കിലോമീറ്റർ അകലെ വടവുകോട് - പുത്തൻകുരിശ് പഞ്ചായത്തിലെ ബ്രഹ്മപുരത്ത്, കോർപറേഷന്റെ ഉടമസ്ഥതയിലുള്ള 110 ഏക്കർ സ്ഥലത്താണ് ഒന്നരപ്പതിറ്റാണ്ടായി നഗരമാലിന്യം തള്ളുന്നത്. 206 ടൺ ജൈവമാലിന്യവും 100 ടൺ അജൈവമാലിന്യവുമടക്കം 306 ടൺ മാലിന്യമാണ് ദിനംപ്രതി തദ്ദേശസ്ഥാപനങ്ങളിൽനിന്നെത്തുന്നത്. അതിൽ 274 ടൺ സംസ്കരിക്കാതെ കിടക്കുന്ന അവസ്ഥയിലാണ്. കെട്ടിക്കിടക്കുന്ന മാലിന്യമാകട്ടെ 4.55 ലക്ഷം ഘനമീറ്റർ വരും. കൊച്ചിയിലെ മാലിന്യപ്രശ്നം അപരിഹാര്യമായി തുടരുന്നതിന്റെ പിന്നിൽ, കോർപറേഷന്റെ കെടുകാര്യസ്ഥതയും അഴിമതിയുമുണ്ടെന്നാണു പ്രദേശവാസികൾ പറയുന്നത്. ജൈവമാലിന്യസംസ്കരണകേന്ദ്രത്തിന്റെ പ്രവർത്തനത്തിനുമാത്രം പ്രതിവർഷം മൂന്നരക്കോടി രൂപ കോർപറേഷൻ കരാർ കമ്പനിക്കു നല്കിയിട്ടും പ്ലാന്റിൽ മാലിന്യം കുമിഞ്ഞുകൂടുന്നതിന് ഒരു കുറവുമില്ല എന്നത് കൊച്ചിയുടെ തീരാശാപമായി നിലകൊള്ളുന്നു!

ജൈവമാലിന്യസംസ്കരണമാണ് ബ്രഹ്മപുരത്ത് പേരിനെങ്കിലും നടക്കുന്നത്. പ്ലാസ്റ്റിക് മാലിന്യത്തിൽനിന്ന് ആർ.ഡി.എഫ് (റെഫ്യൂസ് ഡിറൈവ്ഡ് ഫ്യൂവൽ) ബ്ലോക്കുകൾ ഉണ്ടാക്കാൻ ലക്ഷ്യമിട്ട് പ്ലാന്റ് പണിതെങ്കിലും പരാജയമായി. സിമന്റ് ഫാക്ടറികളിലും വൈദ്യുതിപ്ലാന്റുകളിലും ഇന്ധനമായി ഉപയോഗിക്കുന്ന വസ്തുക്കളാണ് ആർ.ഡി. എഫ്.

ബ്രഹ്മപുരത്തു സംഭരിക്കുന്ന പ്ലാസ്റ്റിക് കിലോയ്ക്ക് ഒന്നര രൂപ നിരക്കിൽ കൈമാറാൻ ഭാരത് ട്രേഡേഴ്സ് എന്ന കമ്പനിയുമായി 2012 ൽ കോർപറേഷൻ ധാരണയിലെത്തിയതാണ്. എന്നാൽ, പുനരുപയോഗിക്കാവുന്ന പ്ലാസ്റ്റിക് മാത്രമേ അവർ ഏറ്റെടുക്കുകയുള്ളൂ. ബാക്കി അവിടെ കുമിഞ്ഞുകൂടിക്കിടക്കുമെന്നു ചുരുക്കം. പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കാൻ സർക്കാർ സ്ഥാപനമായ ക്ലീൻ കേരള കമ്പനി പലതവണ കോർപറേഷനെ സമീപിച്ചെങ്കിലും അനുകൂലമായല്ല പ്രതികരിച്ചത്.

2015 ൽ ബ്രഹ്മപുരം മാലിന്യത്തിൽനിന്ന് വൈദ്യുതി ഉത്പാദിപ്പിക്കുന്ന പ്ലാന്റ് പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ നിർമിക്കാൻ ജി ജെ ഇക്കോ പവർക്കമ്പനിയുമായി കരാറൊപ്പിട്ടെങ്കിലും സാമ്പത്തികപ്രശ്നംമൂലം 2020 ൽ പദ്ധതിക്കരാർ റദ്ദാക്കി.

ബ്രഹ്മപുരത്തെ മാലിന്യം ബയോമൈനിങ്ങിലൂടെ (മാലിന്യത്തിൽനിന്ന് പുനരുപയോഗിക്കാവുന്ന വസ്തുക്കൾ നീക്കിയശേഷം ജൈവമാലിന്യം മാത്രം മണ്ണിൽ ബാക്കിയാവുന്ന പ്രക്രിയ) സംസ്കരിക്കാനുള്ള പദ്ധതിക്കരാർ എടുത്തിരിക്കുന്നത് ഇൻഫ്രാടെക്കാണ്. ബയോമൈനിങ്ങിനുമുമ്പു കെട്ടിക്കിടന്ന 5.52 ലക്ഷം ഘനമീറ്റർ മാലിന്യം സംസ്കരിക്കാൻ 55 കോടി രൂപയ്ക്കാണു കരാർ. 2022 ഡിസംബറിനുള്ളിൽ ബയോമൈനിങ് പൂർത്തിയാക്കേണ്ടതായിരുന്നെങ്കിലും ഇതുവരെ 30% മാലിന്യം മാത്രമാണു സംസ്കരിച്ചത്. ബയോമൈനിങ് നടത്തി മാലിന്യം നീക്കം ചെയ്യാനുള്ള ശ്രമങ്ങൾക്കിടയിലാണ് പ്ലാന്റിൽ തീ പടർന്ന് ജനജീവിതം ദുസ്സഹമായത്.

ബ്രഹ്മപുരത്തെ മാലിന്യപ്രശ്നം നീറിപ്പുകയാൻ തുടങ്ങിയിട്ടു വർഷങ്ങളായിട്ടും ഫലപ്രദമായ ഇടപെടലുകൾ സർക്കാർ തലത്തിൽ ഉണ്ടായില്ല എന്നതു പ്രതിഷേധാർഹമാണ്. സി.സി. ടി വി ക്യാമറകൾ, തീയണയ്ക്കുന്ന ഫയർ ഹൈഡ്രന്റുകൾ തുടങ്ങിയവ ഏർപ്പെടുത്തണമെന്ന് ദേശീയ ഹരിത ട്രൈബ്യൂണൽ പലതവണ നിർദേശിച്ചിട്ടും നടപടിയുണ്ടായില്ല. ശുചിത്വമിഷന്റെയും ഹരിത കേരള മിഷന്റെയും നേതൃത്വത്തിൽ പദ്ധതികൾ ഏറെയുണ്ടെങ്കിലും ഖരമാലിന്യസംസ്കരണം കീറാമുട്ടിയായിത്തന്നെ തുടരുകയാണ്.

ശാസ്ത്രീയവും കുറ്റമറ്റതുമായ സംസ്കരണസംവിധാനമുണ്ടാക്കാൻ കോർപറേഷൻ മാറിമാറി ഭരിച്ചവർക്കു കഴിയുന്നില്ല എന്നതാണു ഖേദകരം. ദീർഘവീക്ഷണമില്ലാത്ത ഭരണാധികാരികൾതന്നെയാണ് കൊച്ചിക്കാർ ശ്വസിച്ചുകൊണ്ടിരിക്കുന്ന വിഷപ്പുകയ്ക്ക് ഉത്തരവാദികൾ എന്നതിൽ സംശയമില്ല. വൻനഗരങ്ങളിലെ മാലിന്യമലകളിൽ അഗ്നിബാധയുണ്ടായാൽ ഗുരുതരമായ അപകടസാധ്യതയും രോഗപ്പകർച്ചയുമുണ്ടാകാമെന്നും അതു വരുത്തിവയ്ക്കുന്ന വിനകൾക്കന്ത്യമില്ലെന്നും ബ്രഹ്മപുരം ഓർമിപ്പിക്കുന്നു.

■



**പ്രതികരണം**

## പോരാട്ടത്തിന്റെ പുത്രിമാർ

ആരൊക്കെ എന്തൊക്കെ പറഞ്ഞാലും ലോകത്തെമ്പാടും സ്ത്രീസമൂഹം മുമ്പെന്നത്തേക്കാൾ എല്ലാ മേഖലയിലും ഉയർച്ച പ്രാപിച്ചിരിക്കുന്നുവെന്നതു തർക്കമറ്റ സംഗതിയാണ്. ഭരണരംഗത്തും തൊഴിൽമേഖലയിലുമെല്ലാം പുരുഷനൊപ്പം തോളോടു തോൾ ചേർന്നു നില്ക്കാൻ സ്ത്രീകൾക്കിന്നു കഴിയുന്നുണ്ട്. രാഷ്ട്രപുനർനിർമാണത്തിലും സാമൂഹികവളർച്ചയിലും കുടുംബക്ഷേമത്തിലുമെല്ലാം സ്ത്രീകൾ വഹിക്കുന്ന പങ്ക് നിസ്തുലമെന്നേ പറയേണ്ടൂ.

ഇതൊക്കെയാണെങ്കിലും സ്ത്രീസുരക്ഷിതത്വത്തെക്കുറിച്ചുള്ള ഉത്കണ്ഠ എല്ലാവരും പങ്കുവയ്ക്കുന്ന ഒരു കാര്യമാണ്. സ്ത്രീകൾക്കുനേരേയുള്ള അതിക്രമങ്ങൾക്കും ചൂഷണങ്ങൾക്കും ഇന്നും തെല്ലും കുറവില്ല എന്നു തന്നെയല്ല, അവ ഒന്നിനൊന്നു വർദ്ധിച്ചു വരികയും ചെയ്യുന്നു. തൊഴിലിടങ്ങളിലും വീട്ടകങ്ങളിലുമെല്ലാം സ്ത്രീകൾ പീഡിപ്പിക്കപ്പെടുന്നതിന്റെ എത്രയെത്ര ദൃഷ്ടാന്തങ്ങളാണ് ദിവസേനയെന്നോണം നാം മാധ്യമങ്ങളിൽനിന്നു കേട്ടുകൊണ്ടിരിക്കുന്നത്. വലിയ മനഃശാസ്ത്രവിശകലനങ്ങൾ ആവശ്യമുള്ള ഒരു വിഷയമാണിത്. എന്തുകൊണ്ടിങ്ങനെ സംഭവിക്കുന്നു? ഓരോ വ്യക്തിയുടെയും ബാല്യകാലാനുഭവങ്ങളും കുടുംബജീവിതസാഹചര്യങ്ങളും സാമൂഹികപരിതോവസ്ഥകളുമെല്ലാം ചേർന്നു കെട്ടുപിണഞ്ഞുകിടക്കുന്ന ഒരു സാംസ്കാരികദുരന്തമായാണ് മനഃശാസ്ത്രജ്ഞന്മാർ ഇതിനെ വിലയിരുത്തുന്നത്. ഇതിനോടു ചേർത്തുവായിക്കേണ്ട ഒരു സംഗതിയാണ് സെക്സ് റാക്കറ്റിലും ഹണി ട്രാപ്പിലും മറ്റും മുഖ്യകണ്ണിയായി മഹിളാമണികളും കയറിക്കിടക്കുന്നുവെന്ന വസ്തുത.

എന്തായാലും വനിതാദിനത്തോടനുബന്ധിച്ച് സിൽജി ടോം എഴുതിയ ലേഖനം (2023 മാർച്ച് 9) സന്ദർഭോചിതമായി. ദീപനാളത്തിനും ലേഖികയ്ക്കും അഭിനന്ദനങ്ങൾ!

**കൊച്ചുറാണി സക്കറിയാസ്**
**കടുത്തുരുത്തി**

## കെഎസ്ആർടിസി ഇരമ്പുന്നത് ആർക്കുവേണ്ടി?

കെഎസ്ആർടിസിയുടെ പരിതാപകരമായ അവസ്ഥയെക്കുറിച്ച് ഉത്കണ്ഠപ്പെടാത്തവരില്ല. സർക്കാരുകൾ മാറി മാറി ഭരിച്ചിട്ടും ഈ സംവിധാനത്തെ കരകയറ്റാൻ ഇന്നോളം കഴിഞ്ഞിട്ടില്ലയെന്നത് ഒരു വലിയ സമസ്യ തന്നെ. കാര്യപ്രാപ്തിയുള്ള മന്ത്രിമാർതന്നെയാണ് പൊതുവെ കഴിഞ്ഞ കാലങ്ങളിലൊക്കെയും ഈ പ്രസ്ഥാനത്തെ നയിച്ചിട്ടുള്ളത്. കഴിവുള്ള ഉദ്യോഗസ്ഥരും ഇതിന്റെ തലപ്പത്തുവന്നിരുന്നു പല പരിഷ്കാരങ്ങളും നടപ്പിലാക്കാൻ ശ്രമിച്ചിട്ടുണ്ട്. വിധിവൈപരീത്യമെന്നു പറയട്ടെ, അവർക്കൊന്നും തങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ സാധിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ല.

ഇത്തരുണത്തിൽ കെഎസ്ആർടിസിയെ ആരു രക്ഷിക്കും എന്ന ചോദ്യം ഒരു മാറ്റൊലിയായി നിലനില്ക്കുന്നു. ഇഗ്നേഷ്യസ് കലയന്താനിയുടെ ലേഖനത്തിലും (നാളം 2) മുഴങ്ങിക്കേട്ടത് ആ ശബ്ദമാണ്. കെഎസ്ആർടിസിയുടെ ഇന്നത്തെ ദുരവസ്ഥയ്ക്കു കാരണമായി, എല്ലാവരേയും പോലെ അദ്ദേഹവും പ്രതിക്കൂട്ടിൽ നിർത്തുന്നത് യൂണിയനുകളെയാണ്. ഈ യൂണിയനുകളെല്ലാം ഭരണപക്ഷത്തോ പ്രതിപക്ഷത്തോ ഇരിക്കുന്ന കക്ഷികളുടേതാണെന്നു നാമറിയണം. ഇവർക്കെല്ലാം കെഎസ്ആർടിസിയെ രക്ഷിക്കണമെന്നു നിർബന്ധമാണുതാനും. എവിടെയാണു കുഴപ്പം? പൊതുജനം വാപൊളിച്ചു നില്ക്കുന്നു.

**ജേക്കബ് സേവ്യർ**
**കാക്കനാട്**

## തിരുനാൾ ആശംസകൾ





**മാർച്ച് 19 ന് നാമഹേതുകത്തിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യരായ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിനും മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിനും ദീപനാളത്തിന്റെ പ്രാർത്ഥനാനിർഭരമായ മംഗളാശംസകൾ**

# രോഗപ്രതിരോധത്തിന് മെച്ചപ്പെട്ട ജീവിതശൈലി



ഡോ. അഗസ്റ്റിൻ കുന്നത്തേടം

**അ**മേരിക്കയിലെ ലോമാലിൻഡാ യൂണിവേഴ്സിറ്റിയിലെ ഭക്ഷ്യൗഷധനശാസ്ത്രജ്ഞനും ഡോക്ടറുമായ ഡോ. ബഞ്ചമിൻ ലാവു രോഗങ്ങളെയും അവയെ തടയുന്ന ഭക്ഷ്യൗഷധങ്ങളെയുംപറ്റി സമഗ്രമായി പഠിച്ച് 1990 - 2000 കാലത്ത് ചില സിദ്ധാന്തങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. നമ്മുടെ ശരീരത്തിൽ രോഗപ്രതിരോധം കൂട്ടുന്ന അഞ്ചു ഘടകങ്ങളുണ്ടെന്നദ്ദേഹം കണ്ടുപിടിച്ചു. അവ ശ്വേതാണുക്കളിലും രക്താണുക്കളിലുംപെടുന്നു. ബി - ലിംഫോസൈറ്റ്സ്, റ്റി



- ലിംഫോസൈറ്റസ്, കെ - കില്ലർ സെൽസ്, എൻ.കെ. - നാചറൽ കില്ലർ സെൽസ്, മാക്രോ ഫേജസ് (B- Lymphocytes, T-Lymphocytes, Killer cells, Natural Killer cells, Mocrophages) എന്നിവയാണവ.


ബി – പ്രതിരോധകോശങ്ങൾ വ്യായാമം, യോഗാ, കഠിനജോലികൾ എന്നിവ ഓരോന്നുംകൊണ്ട് ഒരിനം രോഗപ്രതിരോധവസ്തുക്കളെ ശരീരത്തിൽ ഉത്പാദിപ്പിക്കും. ഇവ ഏതിനം രോഗാണുക്കളെയും സാമാന്യമായി ഉപരോധിച്ചു പ്രവർത്തനം മന്ദീഭവിപ്പിക്കും. മറ്റു നാലു രോഗപ്രതിരോധകോശങ്ങളും രോഗാണുക്കളെ ഉദാ:– കാൻസർ വ്യാപിപ്പിക്കുന്നവ, വിവിധയിനം ബാക്ടീരിയകൾ, വൈറസുകൾ, കുമിൾരോഗാണുക്കൾ ഇവയെ ആക്രമിച്ചു മന്ദീഭവിപ്പിക്കും. അവ ഓരോന്നും ശരീരത്തിൽ സ്രവിക്കുന്ന ഇന്റർഫെറോണുകൾ, ഇന്റർലൂക്കിൻസ് തുടങ്ങിയവ രോഗാണുനശീകരണത്തിനു ശക്തികൂട്ടും. സസ്യജന്യങ്ങളായ പോഷകൗഷധങ്ങൾക്ക് ഉദാ:– വെളുത്തുള്ളിയിലുള്ള ഡൈ സൾഫോക്ലൈഡുകൾ, ചുവന്ന ചീരയിലുള്ള ആന്തോസയാനുകൾ, നിറമുള്ള പഴങ്ങളിലുള്ള ഫ്ളേവനോയിഡുകൾ, സുഗന്ധവിളകളിലുള്ള ടെർപ്പീനുകൾ, ഫിനോളുകൾ, ഫൈറ്റോസ്റ്റീറോളുകൾ, കുർക്കുമീനുകൾ, ടാക്ലോളുകൾ തുടങ്ങിയവയ്ക്കു മേൽപ്പറഞ്ഞവയിൽ ബി – യൊഴിച്ചുള്ള മറ്റു നാലു രോഗപ്രതിരോധഘടകങ്ങളെയും നന്നായി ഉത്തേജിപ്പിക്കാനാകും. തദ്വാരാ അവയ്ക്കെല്ലാം ഏതാനും രോഗാണുക്കളെയും ശക്തമായി പ്രതിരോധിക്കാനാകും. വിവിധയിനം രോഗപ്രതിരോധഭക്ഷ്യഘടകങ്ങളിൽ ആന്റി ഓക്സിഡന്റുകളും ഉദാ:– വെളുത്തുള്ളിയിലെ അലിസിൻ, കാരറ്റിലെ ബീറ്റാ കരോട്ടിൻ, ചായയിലെ ടാസിനുകൾ തുടങ്ങിയവ പ്രവർത്തനത്തിൽ ഒന്നാം ഗ്രേഡിൽപ്പെടും. വിവിധയിനം പോഷകൗഷധങ്ങളും പ്രത്യേകിച്ച്, ഉഗ്രശേഷിയുള്ള ആന്റി ഓക്സിഡന്റുകളും നിറഞ്ഞ ഔഷധവസ്തുക്കളെ ഫങ്ഷണൽ ഫുഡ്സ് (കർമനിരതമായ ഭക്ഷണം) എന്നു പറയുന്നു. വെളുത്തുള്ളി, ചായ, തേൻ, കൂണുകൾ തുടങ്ങിയവ ഫങ്ഷണൽ ഫുഡ്സ് ആണ്. അവയ്ക്ക് ഒന്നിലധികം രോഗങ്ങളെ പ്രതിരോധിച്ചു പകർച്ചവ്യാധികളെയും ഉദാ:– മാരകരോഗങ്ങളായ വസൂരി, കൊവിഡ്, ഈജിപ്ഷ്യൻ ഫ്ളൂ തുടങ്ങിയവയെയും തടഞ്ഞ് നമ്മെ സംരക്ഷിക്കാനാവും.

ബി ലിംഫോസൈറ്റ്സ് ഏതിനം രോഗാണുക്കളെയും സാമാന്യമായി തടയുമ്പോൾ മറ്റു നാലു പ്രതിരോധഘടകങ്ങളും ഏതിനും രോഗാണുക്കളെയും അതിശക്തമായി തടയുന്നതായി ഡോ. ബഞ്ചമിൻ ലാവു തെളിയിച്ചിട്ടുണ്ട്. ഇവയോരോന്നിന്റെയും പ്രവർത്തനങ്ങൾ യഥാക്രമം ഒരു ത്രികോണത്തിന്റെ ഒന്നാം സ്ഥാനത്തും പ്രതിലോമപരമായ രോഗാണുക്കളെ പരത്തുന്ന കൊതുക്, ഈച്ച, എലി എന്നിവ ആ ത്രികോണത്തിന്റെ രണ്ടാംസ്ഥാനത്തും നമ്മുടെ ശരീരത്തിന്റെ പ്രതിരോധശക്തി കൂട്ടുകയും കുറയ്ക്കുകയും ചെയ്യുന്നു.

ഏതിനം പ്രതിരോധശക്തികളെയും നിഷ്പ്രഭമാക്കുന്ന ദുർവാസനകളായ പുകവലി, നാലുംകൂട്ടിയുള്ള മുറുക്ക്, മദ്യപാനം തുടങ്ങിയവയും സ്ഫോടനാത്മകമായ കോപം, പക, വ്യായാമരഹിതജീവിതം എന്നിവയും ശരീരത്തിന്റെ പ്രതിരോധം തകർത്ത് രോഗബാധ കൂട്ടി നമ്മെ കൊന്നുകളയുന്നവയാണ്. അതിനാൽ, പരിസരശുദ്ധി, ദുർവാസനകളില്ലാത്ത ജീവിതം, രോഗപ്രതിരോധത്തെ ഉത്തേജിപ്പിക്കുന്ന പോഷകൗഷധയുപയോഗം, കഠിനാധ്വാനമോ വ്യായാമമോ ശീലമാക്കുന്ന ജീവിതം ഇവ അനുവർത്തിച്ച ജീവിക്കേണ്ടതാണ്. കഠിനാധ്വാനവും വ്യായാമവും യോഗായും ഹൃദ്രോഗത്തിനും പ്രമേഹത്തിനും നിയന്ത്രണം നൽകും. പാരമ്പര്യംവഴിയും അമിതഭക്ഷണം, മടി എന്നിവവഴിയും ഹൃദ്രോഗം, പ്രമേഹം എന്നിവയുണ്ടാകും. അമിതമായി വയറു ചാടി ചുറ്റും കൊഴുപ്പുകൂടുന്നതും ഹൃദ്രോഗം വരുത്തും. അതൊഴിവാക്കാൻ മിതഭക്ഷണവും അധ്വാനമോ വ്യായാമമോ നിത്യവും രണ്ടു കിലോമീറ്റർ നടപ്പോ വേണമെന്നറിയുക. ബഞ്ചമിൻ ലാവുവിന്റെ ത്രികോണസഹായത്തോടെ പോഷകൗഷധംവഴിയുള്ള വിവരണം താഴെ കൊടുക്കുന്നു.

1. ഒന്നാം സ്ഥാനത്ത് ബി, റ്റി, ലിംഫോസൈറ്റുകളും കെ, എൻ.കെ. കോശഘടകങ്ങളും മാക്രോഫേജസുകളും ശരീരത്തിന്റെ രോഗപ്രതിരോധപ്രവർത്തനങ്ങളെ ഉത്തേജിപ്പിക്കുന്നു.

2. രണ്ടാം സ്ഥാനത്ത് മേൽ വിവരിച്ച ക്ഷുദ്രജീവികൾ പലവിധ രോഗങ്ങളുടെ രോഗാണുക്കളെ ശരീരത്തിൽ കയറ്റിവിടു




ന്നു. രോഗം പരത്തുന്നു. ആ സാധ്യതകൾ നാം പരിസരശുദ്ധി, ദേഹശുദ്ധി, ദുർവാസനകളോടുള്ള വിരക്തി എന്നിവ വഴി ഒഴിവാക്കണം. തദ്വാരാ, പ്രതിരോധശക്തി താഴാതിരിക്കും.

3. മൂന്നാംസ്ഥാനത്തു നാം വിവരിച്ച പുകവലി, മദ്യപാനം, വ്യായാമരഹിതജീവിതം എന്നിവയ്ക്കു സുല്ലിട്ട് കോപം, പക തുടങ്ങിയവയകറ്റി, പ്രാർഥന, ധ്യാനം എന്നിവ അനുധാവനം ചെയ്തു ജീവിക്കണം. ഇക്കാലത്ത് കളനാശിനികൾ ധാരാളമായി ഉപയോഗിക്കുന്നതിനാൽ പച്ചക്കറികളും പഴങ്ങളും വാളൻപുളിവെള്ളത്തിൽ രണ്ടുമൂന്നുതവണ കഴുകിയെടുക്കണം. തദ്വാര മൂന്നാമിടത്ത് പ്രതിരോധം താഴാതെയിരിക്കും.

ഭക്ഷണത്തിൽ അമിതമായ കൊഴുപ്പുണ്ടായാലും അവ ശരീരത്തിൽ ആഗിരണം ചെയ്യപ്പെടാതിരിക്കാൻ സഹായിക്കുന്ന ഭക്ഷ്യനാരുകളടങ്ങിയ, വാഴക്കൂമ്പ്, പിണ്ടി, പച്ചച്ചക്കപ്പുഴുക്ക്, ഇലക്കറികൾ തുടങ്ങിയ നമ്മുടെ ഭക്ഷണപദാർഥങ്ങളിലടങ്ങിയിരിക്കണം. ഇവയോരോന്നും നിത്യം മാറിമാറി കഴിക്കണം.

മറ്റൊന്ന് പന്നി, കാള, ആട് എന്നിവയുടെ മാംസം ഒഴിവാക്കണം. അവയിലെ ചുവന്ന പ്രൊട്ടീൻഘടകങ്ങൾ കാൻസർജനകമാണ്. ഇവ കഴിക്കുന്നവരിൽ കാൻസർബാധ കൂടുതലായി കണ്ടുവരുന്നു. മുൻകാലം നമ്മുടെ പൂർവികർ അപൂർവമായി ഈവക ഭക്ഷണങ്ങൾ ഉപയോഗിച്ചിരുന്നെങ്കിലും അത് അത്ര ഉപദ്രവകരമായിരുന്നില്ല. മാംസങ്ങളിൽ ദോഷരഹിതമായ കോഴി, താറാവ് തുടങ്ങിയവമാത്രം മിതമായി കഴിക്കുക. കൊഴുപ്പു കുറഞ്ഞ മത്സ്യങ്ങളും മഞ്ഞക്കരുമാറ്റിയ മുട്ടകളും മിതമായി കഴിക്കുക. അതുവഴി കാൻസറും ഹൃദ്രോഗവും പ്രമേഹവും തടയാനാവും. പ്രമേഹം തടയാൻ ധാരാളം നാരുള്ള ഭക്ഷണങ്ങളും അരവയർ ചോറുമുണ്ണുക. കിഴങ്ങുവർഗങ്ങളും മിതമായി കഴിക്കാം. വാഴപ്പഴം, ചക്കപ്പഴം തുടങ്ങിയവ കഴിക്കരുത്. മലശോധന കുറവുള്ളവർ കായംഗുളിക ഇടയ്ക്കിടെ കഴിക്കുക. ■

## പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി സംഘടിപ്പിച്ച

# മില്ലറ്റ് എക്സ്പോ സമാപിച്ചു



*പാലാ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽ നടന്ന ത്രിദിന ചെറുധാന്യ പ്രദർശനമേള – മില്ലറ്റ് എക്സ്പോ പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്യുന്നു.*

പാലാ: പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി നബാർഡിന്റെയും കേന്ദ്ര മില്ലറ്റ് ഗവേഷണകേന്ദ്രത്തിന്റെയും സഹകരണത്തോടെ പാലാ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽ സംഘടിപ്പിച്ച ത്രിദിന ചെറുധാന്യ പ്രദർശനമേള – മില്ലറ്റ് എക്സ്പോ – സമാപിച്ചു.

പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് മേള ഉദ്ഘാടനം ചെയ്തു. കൃഷി ഒരു കൂട്ടായ്മയുടെ ആഘോഷമാണെന്നും ചെറുധാന്യങ്ങൾ ഔഷധമെന്ന നിലയിൽ അനുദിനഭക്ഷണത്തിന്റെ ഭാഗമാകണമെന്നും ഉദ്ഘാടനപ്രസംഗത്തിൽ അദ്ദേഹം അഭിപ്രായപ്പെടുകയുണ്ടായി. വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് അധ്യക്ഷത വഹിച്ചു. ഒരു വർഷം നീണ്ടുനിൽക്കുന്ന മില്ലറ്റ് ലിറ്ററസി പ്രോഗ്രാമിന്റെ ഉദ്ഘാടനം തോമസ് ചാഴികാടൻ എം.പിയും മില്ലറ്റ് വിപണിയുടെ ഉദ്ഘാടനം മോൻസ് ജോസഫ് എം.എൽ.എയും നിർവഹിച്ചു. മൂന്നു ദിവസമായി നടന്ന മേളയിൽ മില്ലറ്റ് കൃഷിയും ഭക്ഷണക്രമവും സംബന്ധിച്ച വിവിധ വിഷയങ്ങളിൽ സെമിനാറുകൾ നടന്നു. എം.പിമാർ, എം.എൽ.എമാർ, മുനിസിപ്പൽ – ത്രിതലപഞ്ചായത്തു സാരഥികൾ, ഉദ്യോഗസ്ഥപ്രമുഖർ, കർഷകക്കൂട്ടായ്മാഭാരവാഹികൾ, പ്രമുഖ മില്ലറ്റ് കർഷകർ തുടങ്ങിയ നിരവധി പ്രമുഖർ പങ്കെടുത്തു.

സമാപനസമ്മേളനം മാണി സി കാപ്പൻ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. രൂപത വികാരി ജനറാൾ മോൺ. ജോസഫ് മലേപ്പറമ്പിൽ അധ്യക്ഷത വഹിച്ചു. പി.എസ്.ഡബ്ല്യൂ.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, ഫാ. ജോസഫ് താഴത്തുവരിക്കയിൽ, ഫാ. ജോർജ് വടക്കേത്തൊട്ടി, ഡാന്റീസ് കൂനാനിക്കൽ, സിബി കണിയാംപടി, പി.വി. ജോർജ്, ജോയി മടിക്കാങ്കൽ തുടങ്ങിയവർ പരിപാടികൾക്കു നേതൃത്വം നല്കി. ചെറുധാന്യവിഭവങ്ങൾക്കൊപ്പം നാടൻ ഭക്ഷ്യവിഭവങ്ങളുടെ സ്റ്റാളുകളും വിവിധ കലാപരിപാടികളും മേളയ്ക്കു മാറ്റുകൂട്ടി.




**മാർച്ച് 19**
**നോമ്പുകാലം**
**അഞ്ചാം ഞായർ**

**ഉത്പ 16:6–16**
**ജോഷ്വ 9:16–27**
**റോമ 12:1–11**
**യോഹ 7:37–39,8:12–20**



# ജീവജലവും ജീവൻ നൽകുന്ന ആത്മാവും



**ഡോ. ജോസഫ് കരികുളം**

**ദൈ**വമായ ഈശോയുടെ മനുഷ്യരക്ഷാപദ്ധതിയെ ധ്യാനിച്ച് അവന്റെ തിരുവിലാവിൽനിന്നുള്ള ജലത്താലും അവൻ നൽകുന്ന ആത്മാവിനാലും നവീകരിക്കപ്പെടാനുള്ള അവസരമാണ് നോമ്പുകാലം. ഈശോയിൽനിന്നു മാത്രമല്ല ഈശോയിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽനിന്നും ജീവജലത്തിന്റെ അരുവികൾ ഒഴുകുമെന്ന് ഈശോ ഉറപ്പിച്ചു പറയുന്നു.

ഷൂറിലേക്കുള്ള വഴിയിൽ, മരുഭൂമിയിൽ, കണ്ണുനീരോടെ അലഞ്ഞുനടക്കുന്ന ഹാഗാറിനെ, ഒരു നീരുറവയുടെ അടുത്തുവച്ചു കർത്താവിന്റെ ദൂതൻ കണ്ടെത്തുന്ന സംഭവമാണ് ഒന്നാം വായനയുടെ (ഉത്പ. 16: 6–16) ഇതിവൃത്തം. തിരഞ്ഞെടുക്കപ്പെട്ടവർക്കു മാത്രമല്ല, എല്ലാ മനുഷ്യരിലേക്കും തുറക്കുന്ന രക്ഷയുടെ നീരുറവ ദൈവംതന്നെയാണ്. ദൈവത്തിന്റെ സമാശ്വാസത്തിൽനിന്ന് ഒരാളെയും തള്ളിക്കളയാൻ ആർക്കും അവകാശമില്ല.

എല്ലാവരിലേക്കും തുറക്കുന്ന രക്ഷയുടെ അടയാളമാണ് രണ്ടാം വായനയിൽ (ജോഷ്വാ 9:16–27) കാണുന്ന ഗിബെയോൻകാരുടെ ജീവിതം. തങ്ങൾ നശിപ്പിക്കപ്പെടാതിരിക്കാൻ ഗിബെയോൻകാർ ഇസ്രായേൽ ജനത്തെ വിദഗ്ധമായി കബളിപ്പിച്ചുവെങ്കിലും അവർക്കും ഇസ്രായേൽജനത്തിന്റെ ഒപ്പം രക്ഷ അനുഭവിക്കാൻ അവസരം തുറക്കുന്നു. ഹാഗാർ സാറായുടെ അടുത്തേക്കു തിരികെപ്പോയി അവളോടുകൂടി ജീവിക്കുന്നു (ഉത്പ. 16:9). ഗിബെയോൻകാരാകട്ടെ കർത്താവിന്റെ സന്നിധിയിലേക്കു ബലിയർപ്പണത്തിനാവശ്യമുള്ള വിറകുവെട്ടിയും വെള്ളം കോരിയും ജീവിച്ചു (ജോഷ്വാ 9:27). കർത്താവാകുന്ന നീരുറവ സങ്കടകാലത്തു കണ്ടെത്തിയ ഹാഗാറും കർത്താവിന് ആരാധനാബലിയർപ്പിക്കാനായി ജലമെത്തിക്കുന്ന ഗിബയോൻകാരും സകല മനുഷ്യരിലേക്കും എത്തുന്ന രക്ഷയുടെ മുന്നാസ്വാദകരാണ്.

വിജാതീയർപോലും ആസ്വദിക്കുന്ന, ദൈവം എന്ന രക്ഷയുടെ നീരുറവയിൽനിന്നു കുടിക്കാൻ അവിടുത്തെ സ്വന്തജനമായ നമ്മെ ദൈവം ക്ഷണിക്കുന്നു (യോഹ. 7:37–39 + 8, 12–20). അവിടുത്തെ പക്കൽനിന്നു ജീവന്റെ ജലം ലഭിക്കും എന്നു മാത്രമല്ല, സ്വഹൃദയത്തിൽനിന്നു മറ്റുള്ളവർക്കായി ആ ജീവജലം പകർന്നുനല്കാൻ തന്നിൽ വിശ്വസിക്കുന്നവർക്കു കഴിയുമെന്നുകൂടി ഈശോ പറയുന്നു (7:37). അതുപോലെ, പ്രകാശമായ ഈശോയെ അനുഗമിക്കുന്നവരും മറ്റുള്ളവരെ പ്രകാശിതരാക്കുമെന്ന ഉറപ്പും ഈശോ നൽകുന്നുണ്ട് (8:12).

ജലവും പ്രകാശവും ഭൂമിയുടെ നിലനില്പിന്റെ അടിസ്ഥാനഘടകങ്ങളാണ്. ജലം ജീവസന്ധാരണത്തിനു മാത്രമല്ല ശുദ്ധീകരണത്തിനും ഉപയോഗിക്കുന്നു. പ്രകാശം ഉള്ളതുകൊണ്ടാണ് സസ്യങ്ങൾക്ക് ആഹാരം ഉത്പാദിപ്പിക്കാൻ കഴിയുന്നതും ഭൂമിയിൽ ജീവൻ നിലനിൽക്കുന്നതും. എന്നാൽ, ദൈവത്തിൽനിന്നുള്ള പ്രകാശവും ജലവും നിരന്തരം സ്വീകരിച്ചാൽ മാത്രമേ ജീവന്റെ വഴിയിലൂടെ മനുഷ്യനു സഞ്ചരിക്കാനാവൂ എന്ന് ഈശോ ഓർമിപ്പിക്കുന്നു.

കത്തോലിക്കാസഭയുടെ ആരാധനയുടെ കാതൽ ത്രിത്വസ്തുതിയാണ്. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ഏകദൈവത്തെ നമുക്കു വെളിപ്പെടുത്തിയത് ഈശോമിശിഹായാണ്. ത്രിയേകമായ ദൈവവിശ്വാസത്തിൽ കൂടുതൽ ആഴപ്പെടാൻ നമ്മെ സഹായിക്കുന്ന വചനഭാഗംകൂടിയാണ് ഇന്നത്തെ സുവിശേഷം (യോഹ. 8:13–20). തന്റെ ആത്മാവിനെ വാഗ്ദാനം ചെയ്യുന്നതിനൊപ്പം (7:39), "ഞാൻ തനിച്ചല്ല, എന്നെ അയച്ച പിതാവും എന്നോടുകൂടെയുണ്ട്" (8:16) എന്ന് ഈശോ സത്യസന്ധമായി ഫരിസേയരോടു പറയുന്നു. ഈശോയെ ദൈവമായി ആരാധിക്കുന്ന നമുക്കുപോലും, ഇന്നും ഈ വാചകത്തിന്റെ അർഥം പൂർണമായി മനസ്സിലാക്കാൻ കഴിയാത്തതുപോലെ, യഹൂദവിശ്വാസത്തിന്റെ അടിസ്ഥാനങ്ങൾ വെല്ലുവിളിക്കുന്ന വിപ്ലവകാരിയായി അവനെ കരുതിയിരുന്ന അക്കാലത്ത്, ഈ വചനത്തിന്റെ പൂർണാർഥം മനസ്സിലാക്കാൻ ഫരിസേയർക്കു കഴിഞ്ഞില്ല എന്നതിൽ അദ്ഭുതമൊന്നുമില്ല.

ഇതു സംബന്ധിച്ച് രണ്ടു ചിന്തകളാണ് ഈശോ പങ്കുവയ്ക്കുന്നത്. ഒന്നാമത്തേത്, ഈശോയെ അയച്ച പിതാവ് അവിടുത്തോടുകൂടെയുണ്ട് (8:16) എന്നതാണ്. അയച്ച ആൾ അയയ്ക്കപ്പെട്ട ആളുടെ കൂടെ എങ്ങനെ കാണും എന്ന സംശയം സ്വാഭാവികം. ദൈവത്തിന്റെ അവസ്ഥയെക്കുറിച്ച് ഇത്തരത്തിലുള്ള ഈശോയുടെ പ്രസ്താവനകൾതന്നെയാണ് ദൈവത്തിൽ ഒരേസമയം നടക്കുന്ന ഒന്നിലധികം വ്യക്തിഗത പ്രവർത്തനങ്ങളെക്കുറിച്ചുള്ള ചിന്ത വിശ്വാസികളിൽ, പ്രത്യേകിച്ചു ദൈവശാസ്ത്രജ്ഞന്മാരിൽ അങ്കുരിപ്പിച്ചത്. അയച്ച ഒരാൾ അയയ്ക്കപ്പെട്ട ഒരാളുടെകൂടെ കാണണമെങ്കിൽ അയച്ച ആളുടെയും അയയ്ക്കപ്പെട്ട ആളുടെയും സ്ഥലവും കാലവും (space and time) ഒന്നാകണം. നിത്യനായ (eternal) ദൈവത്തിനു മാത്രമേ അത്തരമൊരു അവസ്ഥയിൽ ആയിരിക്കാൻ കഴിയൂ എന്നത് നിസ്തർക്കമാണ്. തന്റെകൂടെ പിതാവുണ്ട് എന്ന് ഈശോ പറഞ്ഞത് 'ഞാനും പിതാവും ഒന്നാണ്' (യോഹ. 10:30) എന്നു പറഞ്ഞതിന്റെ മറ്റൊരു രൂപംതന്നെയാണ്.

ത്രിത്വവുമായി ബന്ധപ്പെട്ട ഇന്നത്തെ സുവിശേഷത്തിലെ രണ്ടാമത്തെ ചിന്ത 'എന്നെ അറിഞ്ഞിരുന്നെങ്കിൽ എന്റെ പിതാവിനെയും അറിയുമായിരുന്നു' (8:19) എന്ന ഈശോയുടെ വചനമാണ്. 'എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു' (യോഹ. 10:30) എന്ന് ഈശോതന്നെ ഉറപ്പുതരുന്നുണ്ട്. ഏകദൈവം തന്നെയാണ് പിതാവും പുത്രനും പരിശുദ്ധാത്മാവുമായി മനുഷ്യരക്ഷയിൽ പ്രവർത്തിക്കുന്നതെന്ന് ഈശോയുടെ വാക്കുകൾതന്നെ സാക്ഷ്യപ്പെടുത്തുന്നു. 'ഏകദൈവം ത്രിത്വമാണ്' എന്ന ദൈവശാസ്ത്ര നിർവചനം, അല്ലെങ്കിൽ നാം സാധാരണ പറയാറുള്ളതുപോലെ 'ദൈവത്തിൽ മൂന്നാളുകളുണ്ട്' എന്ന അടിസ്ഥാന കത്തോലിക്കാവിശ്വാസസത്യം ഇടക്കാലത്തു സഭയിൽ സൃഷ്ടിക്കപ്പെട്ടതാണ് എന്ന ആരോപണത്തെ തള്ളിക്കളയുന്നതാണ് ഈശോയുടെ വാക്കുകൾ. താൻ ദൈവമാണെന്ന് ഈശോ സുവിശേഷത്തിൽ ഒരിടത്തും പറഞ്ഞിട്ടില്ല എന്ന ചില മതതീവ്രവാദികളുടെയും നിരീശ്വര-യുക്തിവാദികളുടെയും ആരോപണത്തെയും ഈശോയുടെ ഈ വചനങ്ങൾ തള്ളിക്കളയുന്നു. വളരെ കൃത്യവും വ്യക്തവുമായിത്തന്നെ പിതാവായ ദൈവത്തോടുള്ള തന്റെ ബന്ധം, ദൈവത്തിലുള്ള തന്റെ സ്ഥാനം ഈശോ വിശദീകരിച്ചിരിക്കുന്നു. ■




## മർത്ത് മറിയം (മരിയൻ ധ്യാനവിചാരങ്ങൾ)

ഗ്രന്ഥകർത്താ: ഡോ. സോണി തെക്കുംമുറിയിൽ
പ്രസാധനം : മധ്യസ്ഥൻ ബുക്സ്, ചങ്ങനാശേരി
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : ₹ 175





ഒരു സാധാരണ സ്ത്രീയായി അമ്മയെ ധ്യാനിക്കുമ്പോൾ അവളുടെ ജീവിതത്തിൽ നാം കണ്ടെത്തുന്ന ചില ആത്മീയമുത്തുകൾ ക്രൈസ്തവവിശ്വാസികൾക്ക് ഒരു പ്രചോദനവും പ്രോത്സാഹനവുമാണ്. പരിശുദ്ധ അമ്മയുടെ ആന്തരികത തേടിയുള്ള ഒരു യാത്രയുടെ തുടക്കമാണ് ഈ ഗ്രന്ഥം.

---

## അമ്മത്രേസ്യായുടെ കത്തുകൾ

(ഒരു ആത്മീയവായന)

ഗ്രന്ഥകർത്താ : ഡോ. വർഗീസ് ചെറിയ കടവിൽ ഒ.സി.ഡി.
പ്രസാധനം : ജീവൻ ബുക്സ്, ഭരണങ്ങാനം
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : ₹ 230



ആവിലായിലെ അമ്മത്രേസ്യയിൽ വിളങ്ങുന്ന ദൈവിക, മാനുഷിക, പുണ്യങ്ങളെക്കുറിച്ചുള്ള പഠനം. വിശ്വാസികൾക്കു മാത്രമല്ല, എല്ലാ സത്യാന്വേഷികൾക്കും അമ്മത്രേസ്യയുടെ ആത്മീയഭൗതികസംതുലനത്തോടുകൂടിയ ചൈതന്യം വഴികാട്ടിയും ഊർജവുമായിത്തീരാൻ പര്യാപ്തമായ ഗ്രന്ഥം.

# നീ എന്തിനാണ് എന്നെ അടിക്കുന്നത്?




ഫാ. വർഗീസ് ഇത്തിത്തറ

കർത്താവിന്റെ മഹത്ത്വം അന്വേഷിച്ചിറങ്ങുന്നവരും കർത്താവിനെ മഹത്ത്വപ്പെടുത്താനാഗ്രഹിക്കുന്നവരും തിരുസ്സഭയിലെത്താതിരിക്കില്ല. 'സർവാധിപനാം' എന്ന വിശുദ്ധകുർബാനയിലെ കീർത്തനത്തിനുമുമ്പ് വൈദികൻ ഇങ്ങനെ പ്രാർഥിക്കുന്നുണ്ട്: "ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങു നല്കിയിട്ടുള്ളതും എന്നാൽ, കൃതജ്ഞത പ്രകാശിപ്പിക്കാൻ കഴിയാത്തതുമായ എല്ലാ സഹായങ്ങൾക്കും അനുഗ്രഹങ്ങൾക്കുമായി സകല സൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞ് മുടിചൂടി നില്ക്കുന്ന സഭയിൽ ഞങ്ങൾ അങ്ങയെ നിരന്തരം സ്തുതിക്കുകയും മഹത്ത്വപ്പെടുത്തുകയും ചെയ്യട്ടെ." ഈ സഭ എല്ലാവർക്കും വേണ്ടിയുള്ളതാണെങ്കിലും ആരുടെയും സ്വന്തമല്ല. സാർവത്രികമായ രക്ഷ ലക്ഷ്യംവയ്ക്കുന്നതുകൊണ്ട് സഭയ്ക്ക് സാർവത്രികമായ ഒരു മാനമുണ്ട്.

ക്രിസ്തുവിനെ മാനിക്കുന്നവർക്കു തിരുസ്സഭയെ മാനിക്കാതിരിക്കാൻ കഴിയില്ല. "സഭ ക്രിസ്തുവിന്റെ ശരീരമാണ്" (എഫേ. 1:23). ഈ ശരീരമാകുന്ന തിരുസ്സഭയുടെ ശിരസ്സ് മിശിഹായുമാണ് (കൊളോ. 1:18). കൈത്താക്കാലത്തെ പ്രാർഥനയിൽ പുരോഹിതൻ ഇങ്ങനെ പ്രാർഥിക്കുന്നുണ്ട്: "ഞങ്ങളുടെ കർത്താവേ, ശ്ലീഹന്മാരാകുന്ന അടിത്തറമേൽ പണിയപ്പെട്ട അങ്ങയുടെ സഭയെ ദയാപൂർവം കടാക്ഷിക്കണമേ." അതുകൊണ്ടുതന്നെ, തിരുസ്സഭയെ ബഹുമാനിക്കുന്നത് ഒരു വിശ്വാസിയുടെ അന്തസ്സാണെങ്കിൽ, ആ തിരുസ്സഭയെ സംരക്ഷിക്കേണ്ടത് അവന്റെ വിളിയാണ്.

കൃപാവരത്തിന്റെ നീർച്ചാലുകളായ കൂദാശകൾ പരികർമം ചെയ്യപ്പെടുന്നത് തിരുസ്സഭയിലൂടെമാത്രമാണ്. അതാണ് നാം വിശുദ്ധകുർബാനയിൽ ഇപ്രകാരം പ്രാർഥിക്കുന്നത്: "കർത്താവായ ദൈവമേ, തിരുസ്സഭയെ സ്ഥാപിക്കുകയും സ്വർഗീയസൗന്ദര്യത്താൽ അവളെ അലങ്കരിക്കുകയും ചെയ്ത അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു" (പള്ളിക്കൂദാശക്കാലം). തിരുസ്സഭയെ നയിക്കാനോ അവിടെ കൂദാശകൾ പരികർമം ചെയ്യാനോ ഉള്ള യോഗ്യതയൊന്നും ഒരാൾക്കും ഇല്ല. ഇവിടെ ദൈവം തന്റെ കൃപയാൽ ഒരാളെ തന്റെ ശുശ്രൂഷയ്ക്കായി യോഗ്യനാക്കുകയാണെന്നത് കൈത്താക്കാലത്തിന്റെ പ്രാർഥനയിൽ സഭ



തന്നെ വ്യക്തമാക്കുന്നുണ്ട്. 'രക്ഷയുടെ ഉറവിടമായ ദിവ്യരഹസ്യങ്ങൾ യോഗ്യതയോടെ പരികർമം ചെയ്യാൻ ബലഹീനരായ ഞങ്ങളെ ശക്തരാക്കണമേ' എന്നു പ്രാർഥിക്കുന്നത് കാർമികന്റെ ബലഹീനതയും അവനെ വിളിച്ച കർത്താവിന്റെ ബലവുമാണു വ്യക്തമാക്കുന്നത്.

ഈശോമിശിഹാ നമ്മെ രക്ഷിക്കാൻ, ഈ ലോകത്തെ രക്ഷിക്കാൻ സ്വന്തം രക്തം മൂലധനമായി കൊടുത്തു സ്ഥാപിച്ചതാണീ സഭ. 'തിരുസ്സഭയെ കളങ്കമേശാത്ത വധുവാക്കിത്തീർക്കാൻ കാൽവരിയിൽ ജീവാർപ്പണം ചെയ്ത മിശിഹായേ...' എന്ന പള്ളിക്കൂദാശക്കാലത്തെ പ്രാർഥനയിൽ നിറഞ്ഞുനില്ക്കുന്ന ചൈതന്യവും ക്രിസ്തു തന്റെ സഭയ്ക്കു നല്കിയ ജീവൻതന്നെയാണ്. തിരുസ്സഭയെ അത്രയേറെ സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്ത കർത്താവിന്റെ മനസ്സറിയാതെ ജീവിച്ചാൽ അതു ദൈവാനുഗ്രഹത്തിന്റെ വഴിയാവില്ലല്ലോ. സഭയിൽ വീഴുന്ന ഓരോ കല്ലും ക്രിസ്തുവിനെ വേദനിപ്പിക്കുന്നുണ്ടെന്ന സത്യം ഒരുവനിൽ ഉണ്ടാകുമ്പോൾ മാത്രമേ പൗലോസ്ശ്ലീഹായെപ്പോലെ, 'ഞങ്ങളാകട്ടെ, ക്രിസ്തുവിന്റെ മനസ്സ് അറിയുന്നു' (1 കോറി. 2:16) എന്നു പറയാൻ നമുക്കാവൂ.

തിരുസ്സഭ ദൈവശക്തിയുടെ സ്രോതസ്സാണ്. മനുഷ്യാത്മാക്കളുടെ വിശുദ്ധീകരണം നടക്കുന്നതിവിടെയാണ്. തിരുസ്സഭ നിലകൊള്ളുന്നത് ആത്മാക്കളുടെ രക്ഷയ്ക്കും ദൈവരാജ്യം വളർത്താനും വേണ്ടിയാണ്. സ്വർഗത്തിന്റെ ഈ നിയോഗം ഒരാൾ ഹൃദയത്തിലേറ്റുവാങ്ങി തന്നാലാവുംവിധം ആ നിയോഗത്തിന്റെ പൂർത്തീകരണത്തിനായി യത്നിക്കുമ്പോഴാണ് ആ വ്യക്തിയുടെ ജീവിതം സുകൃതസമ്പന്നമായിത്തീരുന്നത്. തിരുസ്സഭയിൽ അംഗമായിട്ടുള്ള ഓരോരുത്തരും തങ്ങൾക്കു ദൈവം നല്കിയ വിളിയെ മനസ്സിലാക്കണം. രക്തസാക്ഷികളുടെ ചുടുനിണത്താൽ പരിപോഷിപ്പിക്കപ്പെട്ട സഭയുടെ വളർച്ചയ്ക്കായി എന്തെങ്കിലും ചെയ്യാനാവുക ഒരാൾ തന്റെ ദൈവവിളിയിൽ ജീവിക്കുമ്പോൾ മാത്രമാണ്.

സഭയും ക്രിസ്ത്യാനിയും ക്രിസ്തുവുമെല്ലാം ഒന്നാണെന്ന സത്യം ക്രിസ്തുതന്നെ സാവൂളിനു വെളിപ്പെടുത്തിക്കൊടുത്തതാണല്ലോ (നടപടി 9:4). അതുകൊണ്ട്, എന്റെ വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ ഒരാളുടെ വിശ്വാസം നഷ്ടപ്പെടാനോ കളങ്കപ്പെടാനോ ഇടയാകരുത്. തിരിച്ചറിവില്ലാതെ തിരുസ്സഭയെ മുറിവേല്പിക്കുമ്പോൾ ക്രിസ്തുതന്നെ വേദനിപ്പിച്ച പടയാളിയോടു ചോദിച്ച ചോദ്യം നമ്മുടെ അന്തരംഗങ്ങളിൽ പ്രതിധ്വനിക്കണം: "നീ എന്തിനാണ് എന്നെ അടിക്കുന്നത്?" (യോഹ. 18:23).

ഇനിയെങ്കിലും നമുക്ക് സഭാത്മകമായി ജീവിക്കാം. നശ്വരമായ ഈ ലോകത്തിൽ സ്വാർഥതാത്പര്യങ്ങൾക്കുവേണ്ടി ജീവിച്ച് സഭയുടെ സൗന്ദര്യം നമുക്ക് ഒരിക്കലും തല്ലിക്കെടുത്താതിരിക്കാം. ദൈവത്തെ മഹത്ത്വപ്പെടുത്താതെ നേടുന്ന നേട്ടമൊന്നും നേട്ടമല്ല എന്നു മനസ്സിലാക്കാനുള്ള തിരിച്ചറിവും ബോധ്യവും ഉണ്ടാകാൻ നമുക്കു പ്രാർഥിക്കാം. കത്തോലിക്കാസഭയുടെ ഔദ്യോഗികമതബോധനഗ്രന്ഥത്തിൽ പഠിപ്പിക്കുന്നതുപോലെ, 'സഭയ്ക്കാണ് ദൈവത്തിന്റെ കൃപ നല്കപ്പെട്ടിരിക്കുന്നത്. അതിലാണ് ക്രിസ്തുവുമായുള്ള സംസർഗം നിക്ഷിപ്തമായിരിക്കുന്നത്. എവിടെ സഭയുണ്ടോ, അവിടെ ദൈവത്തിന്റെ ആത്മാവുണ്ട്. എവിടെ ദൈവത്തിന്റെ ആത്മാവുണ്ടോ, അവിടെ സഭയും സർവകൃപാവരവുമുണ്ട്' (797). ഈ സഭയെ ക്രിസ്തുവിനെപ്പോലെ സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യാം. അതിനുള്ള കൃപ ഈ നോമ്പുകാലത്ത് ദൈവം നമുക്കു നല്കട്ടെ. ■

**സഭയ്ക്കാണ് ദൈവത്തിന്റെ കൃപ നല്കപ്പെട്ടിരിക്കുന്നത്. അതിലാണ് ക്രിസ്തുവുമായുള്ള സംസർഗം നിക്ഷിപ്തമായിരിക്കുന്നത്. എവിടെ സഭയുണ്ടോ, അവിടെ ദൈവത്തിന്റെ ആത്മാവുണ്ട്. എവിടെ ദൈവത്തിന്റെ ആത്മാവുണ്ടോ, അവിടെ സഭയും സർവകൃപാവരവുമുണ്ട്.**




## പവിഴക്കാലി

മാത്യൂസ് ആർപ്പൂക്കര

ചതുപ്പുനിലങ്ങളിലും തടാകങ്ങളിലും വയലുകളിലുമൊക്കെ കാണുന്ന ഇടത്തരം വലുപ്പമുള്ള പക്ഷിയാണ് പവിഴക്കാലി. ശരീരവലുപ്പം ഏതാണ്ടൊരു കുളക്കോഴിയുടേതിനു തുല്യം. ശരീരത്തിന്റെ മുകൾഭാഗം കറുപ്പും കഴുത്തും തലയും അടിഭാഗവും വെളുപ്പും നിറമാണ്. തലയ്ക്കു മുകളിലും കഴുത്തിനു പിൻഭാഗത്തുമായി കറുപ്പും ചാരനിറവുമുള്ള പാടുകൾ കാണാം. പറക്കുമ്പോൾ തെളിഞ്ഞുകാണുന്ന വെളുത്ത അരപ്പട്ടയും വാലും, പിങ്കുനിറത്തിൽ നീണ്ട പവിഴക്കാലുകൾ, നേർത്ത് വളവില്ലാത്ത കൊക്ക് തുടങ്ങിയവയൊക്കെ ഈ പക്ഷിയുടെ എടുത്തുപറയേണ്ട ലക്ഷണങ്ങളാണ്.

കേരളത്തിലേക്കു വിരുന്നുവരാറുള്ള ദേശാടനക്കിളികളിൽ ഒരിനമാണീ പവിഴക്കാലി. ആഴം കുറഞ്ഞ ചതുപ്പുകളിലും പുഴയോരങ്ങളിലും ഇവയെ കാണാം. ശരീരവലുപ്പവുമായി താരതമ്യം ചെയ്യുമ്പോൾ കാൽനീളം ഏറ്റവും കൂടിയ പക്ഷിയാണിത്. മറ്റു പക്ഷികൾക്കു നിൽക്കാനാകാത്ത ആഴങ്ങളിൽ നിന്നുകൊണ്ട് ഇരതേടാൻ ഇതു പവിഴക്കാലിയെ



സഹായിക്കുന്നു. ചെറുജലജീവികളും ഒച്ചുകളും ജലസസ്യങ്ങളുമൊക്കെയാണ് പവിഴക്കാലിയുടെ ആഹാരം. കരയിൽ ഇരതേടേണ്ടിവരുമ്പോഴാണ് പവിഴക്കാലി മുട്ടു മടക്കിപ്പോവുക. ചുണ്ട് തറയിൽ തൊടണമെങ്കിൽ മുട്ടുമടക്കുകയല്ലാതെ മറ്റു വഴിയില്ല. ശരീരനീളത്തിന്റെ 60 ശതമാനം കാൽനീളമാണ്. പറക്കുമ്പോൾ കാലുകൾ പിറകിലേക്കു നീണ്ടു നില്ക്കും. മറ്റു ദേശാടനപ്പക്ഷികളെപ്പോലെ പവിഴക്കാലിയും കൂട്ടമായാണു പാർക്കുക. കൂടുണ്ടാക്കി അതിലാണു മുട്ടയിടുക. കുഞ്ഞുങ്ങളുടെ കറുപ്പു ചിറകിൽ വെളുത്ത പുള്ളികൾ കാണും. വലിയ പക്ഷിയുടെ തലയിലും കഴുത്തിലും കാണുന്ന കറുത്ത അടയാളം കുഞ്ഞുങ്ങളിൽ മങ്ങിക്കാണാം. കടൽമണ്ണാത്തിക്കിളിയുംമറ്റും പവിഴക്കാലിയുടെ കുടുംബക്കാരാണ്. കീടനാശിനികളുടെ അമിതോപയോഗവും കുളങ്ങൾ നികത്തുന്നതുമൊക്കെ സൃഷ്ടിക്കുന്ന പരിസ്ഥിതിപ്രശ്നങ്ങൾ ഈ മനോഹരപക്ഷികളുടെ എണ്ണത്തിൽ വ്യതിയാനം വരുത്തുന്നുണ്ട്. അനുകൂലകാലാവസ്ഥയിൽ പവിഴക്കാലികളെ പറ്റംപറ്റമായി കേരളത്തിന്റെ പല പ്രദേശങ്ങളിലും കാണാം. ■

# മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണം സംബന്ധിച്ച്



അഡ്വ. സി. ലിനറ്റ് SKD

നിയമവീഥി

**മാ**താപിതാക്കൾ എന്നാൽ, അതായത്, സംഗതിപോലെ ജീവശാസ്ത്രപരമായോ ദത്തെടുപ്പു വഴിയോ, രണ്ടാനച്ഛനോ അല്ലെങ്കിൽ രണ്ടാനമ്മയോ ആയാലും, അച്ഛനോ അമ്മയോ മുതിർന്ന പൗരൻ ആണെങ്കിലും അല്ലെങ്കിലും, അച്ഛനോ അമ്മയോ എന്ന് അർഥമാക്കാവുന്നതാണ്.

മുതിർന്ന പൗരൻ എന്നാൽ, 60 വയസ്സോ അതിൽ കൂടുതലോ പ്രായമുള്ള ഇന്ത്യൻ പൗരനായ ഏതൊരു വ്യക്തിയും എന്ന് അർഥമാക്കുന്നു. സംരക്ഷണം എന്നതിൽ, ഭക്ഷണവും വസ്ത്രവും പാർപ്പിടവും വൈദ്യപരിചരണവും ചികിത്സയും നൽകുന്നത് ഉൾപ്പെടുന്നു.

ക്ഷേമം എന്നാൽ, ഭക്ഷണവും ആരോഗ്യസംരക്ഷണവും വിനോദകേന്ദ്രങ്ങളും മുതിർന്ന പൗരന്മാർക്കാവശ്യമായ മറ്റു സുഖസൗകര്യങ്ങളും നൽകുക എന്ന് അർഥമാക്കുന്നു.

മക്കൾ എന്നാൽ, മകനും മകളും പൗത്രനും പൗത്രിയും ഉൾപ്പെടുന്നതും എന്നാൽ, പ്രായപൂർത്തിയാകാത്ത ആൾ ഉൾപ്പെടുന്നത് അല്ലാത്തതുമാകുന്നു.

ബന്ധു എന്നാൽ, മക്കളില്ലാത്ത മുതിർന്ന പൗരന്റെ, മൈനർ അല്ലാത്തതും അയാളുടെ സ്വത്ത് കൈവശം വച്ചുകൊണ്ടിരിക്കുന്നതും അയാളുടെ മരണശേഷം പിന്തുടർച്ചാവകാശം ലഭിക്കുന്നതുമായ ഏതെങ്കിലും നിയമാനുസൃതാവകാശി എന്ന് അർഥമാക്കുന്നു.

മാതാപിതാക്കൾക്ക് അല്ലെങ്കിൽ മുതിർന്ന പൗരന് തന്റെ സ്വന്തം സമ്പാദ്യംകൊണ്ടോ തന്റെ ഉടമസ്ഥതയിലുള്ള സ്വത്തുകൊണ്ടോ സ്വയം സംരക്ഷിക്കാൻ കഴിയാതെവരുന്ന അവസരത്തിൽ മുതിർന്ന പൗരനെ അല്ലെങ്കിൽ മാതാപിതാക്കളെ സംരക്ഷിക്കാനുള്ള മക്കളുടെ അല്ലെങ്കിൽ ബന്ധുവിന്റെ ബാധ്യത മുതിർന്ന പൗരന് അല്ലെങ്കിൽ മാതാപിതാക്കൾക്ക് ഒരു സാധാരണജീവിതം നയിക്കാവുന്നവിധം അങ്ങനെയുള്ള മാതാവിന്റെ, പിതാവിന്റെ അല്ലെങ്കിൽ മുതിർന്ന പൗരന്റെ ആവശ്യങ്ങളിലേക്കു വ്യാപിക്കുന്നു.

*മാതാപിതാക്കളുടെയും മുതിർന്ന പൗരന്റെയും സംരക്ഷണത്തിനുവേണ്ടിയുള്ള അപേക്ഷ സംബന്ധിച്ച്:* സംരക്ഷണത്തിനുള്ള അപേക്ഷ, അതതു സംഗതിപോലെ, ഒരു മുതിർന്ന പൗരനോ മാതാവിനോ പിതാവിനോ അല്ലെങ്കിൽ അയാൾക്കു പ്രാപ്തി ഇല്ലെങ്കിൽ അയാൾ അധികാരപ്പെടുത്തിയ മറ്റേതെങ്കിലും വ്യക്തിക്കോ സംഘടനയ്ക്കോ നൽകാവുന്നതാണ് അല്ലെങ്കിൽ ട്രൈബ്യൂണലിനു സ്വമേധയാ നടപടി എടുക്കാവുന്നതാണ്.

സംരക്ഷണത്തിനുവേണ്ടിയുള്ള പ്രതിമാസബത്തയെ സംബന്ധിച്ചുള്ള നടപടി നിലവിലുള്ളപ്പോൾ, മാതാവ് അല്ലെങ്കിൽ പിതാവ് ഉൾപ്പെടെ അങ്ങനെയുള്ള മുതിർന്ന പൗരന്റെ താൽക്കാലിക ജീവനാംശത്തിനുവേണ്ടി പ്രതിമാസബത്ത നൽകാനും ട്രൈബ്യൂണൽ സമയാസമയങ്ങളിൽ നിർദേശിക്കുന്നപ്രകാരം മാതാവ് അല്ലെങ്കിൽ പിതാവ് ഉൾപ്പെടെ അങ്ങനെയുള്ള മുതിർന്ന പൗരന് അതു നൽകാനും അങ്ങനെയുള്ള മക്കളോടോ ബന്ധുവിനോടോ ഉത്തരവിടാവുന്നതാണ്.



സംരക്ഷണത്തിനുവേണ്ടിയുള്ള ഒരു അപേക്ഷ കൈപ്പറ്റിയതിൻമേൽ, മക്കൾക്കോ ബന്ധുവിനോ അപേക്ഷയെക്കുറിച്ച് നോട്ടീസ് നൽകിയതിനുശേഷവും കക്ഷികൾക്കു പറയാനുള്ളതു പറയാൻ അവസരം നൽകിയതിനുശേഷവും ജീവനാംശത്തുക നിർണയിക്കുന്നതിനുവേണ്ടി ഒരു അന്വേഷണം നടത്തേണ്ടതാണ്.

സംരക്ഷണത്തിനുവേണ്ടിയുള്ള അപേക്ഷയിൽ മാതാവിനെയോ പിതാവിനെയോ സംരക്ഷിക്കാൻ ബാധ്യസ്ഥനായ മറ്റൊരു വ്യക്തിയെ അങ്ങനെയുള്ള മക്കൾക്കോ ബന്ധുവിനോ കക്ഷി ചേർക്കാവുന്നതാണ്.

ഒന്നിൽക്കൂടുതൽ ആളുകൾക്ക് സംരക്ഷണ ഉത്തരവാദിത്വം നൽകപ്പെടുമ്പോൾ അതിൽ ഒരാളുടെ മരണം ജീവനാംശം നൽകുന്നതു തുടരുന്നതിനുള്ള മറ്റുള്ളവരുടെ ബാധ്യതയെ ബാധിക്കുന്നതല്ല.

*മുതിർന്ന പൗരന്മാരുടെ ജീവന്റെയും സ്വത്തിന്റെയും സംരക്ഷണത്തിനുവേണ്ടിയുള്ള പ്രവർത്തനപദ്ധതികൾ:* ഓരോ പൊലീസ് സ്റ്റേഷനും അതിന്റെ പരിധിക്കുള്ളിൽ ജീവിക്കുന്ന മുതിർന്ന പൗരന്മാരുടെ, പ്രത്യേകിച്ച്, തന്നത്താൻ (അതായത്, അവരുടെ വീട്ടിലെ മുതിർന്ന പൗരൻ അല്ലാത്ത ഏതെങ്കിലും അംഗത്തെ കൂടാതെ) ജീവിക്കുന്നവരുടെ ഏറ്റവും പുതിയ ലിസ്റ്റ് കാത്തുസൂക്ഷിക്കേണ്ടതാണ്.

പൊലീസ് സ്റ്റേഷന്റെ ഒരു പ്രതിനിധി ഒരു സാമൂഹികപ്രവർത്തകന്റെയോ, സന്നദ്ധസേവകന്റെയോകൂടെ ക്രമമായുള്ള ഇടവേളകളിൽ കുറഞ്ഞത് മാസത്തിലൊരിക്കലെങ്കിലും അങ്ങനെയുള്ള മുതിർന്ന പൗരന്മാരെ സന്ദർശിക്കേണ്ടതും അതിനും പുറമേ അവരിൽനിന്നുള്ള സഹായത്തിനായുള്ള അപേക്ഷ സ്വീകരിച്ചു കഴിയുന്നത്ര വേഗം അവരെ സന്ദർശിക്കേണ്ടതുമാണ്.

മുതിർന്ന പൗരന്മാരുടെ പരാതികളും പ്രശ്നങ്ങളും പ്രാദേശിക പൊലീസ് ഉടനടി പരിഗണിക്കേണ്ടതാണ്.

മുതിർന്ന പൗരന്മാർ, പ്രത്യേകിച്ചു തന്നത്താൻ ജീവിക്കുന്നവർ ഒരുവശത്തും പൊലീസും ജില്ലാ ഭരണകൂടവും മറുവശത്തുമായുള്ള നിരന്തരസമ്പർക്കം ഉറപ്പാക്കുന്ന ഒന്നോ അതിൽ കൂടുതലോ സന്നദ്ധസേവകരുടെ കമ്മിറ്റികൾ ഓരോ പൊലീസ് സ്റ്റേഷനുംവേണ്ടി രൂപീകരിക്കേണ്ടതാണ്.

ജില്ലാ സൂപ്രണ്ട് ഓഫ് പൊലീസ് കമ്മീഷണർ അതതു സംഗതിപോലെ മാധ്യമങ്ങളിലും പൊലീസ് സ്റ്റേഷനുകളിലൂടെയും ക്രമമായ ഇടവേളകളിൽ മുതിർന്ന പൗരന്മാരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻവേണ്ടി എടുക്കുന്ന നടപടികൾ പരക്കെ പ്രസിദ്ധീകരിക്കേണ്ടതാണ്.


മുതിർന്ന പൗരന്മാർക്കെതിരേ ചെയ്ത കുറ്റകൃത്യങ്ങളോടു ബന്ധപ്പെട്ട എല്ലാ പ്രധാനപ്പെട്ട വിവരങ്ങളും അടങ്ങുന്ന ഒരു പ്രത്യേക രജിസ്റ്റർ ഉത്തരവുവഴി സംസ്ഥാന സർക്കാർ പറയുന്ന രൂപത്തിൽ ഓരോ പൊലീസ് സ്റ്റേഷനും കാത്തുസൂക്ഷിക്കേണ്ടതാണ്.

മുതിർന്ന പൗരന്മാർ തങ്ങളുടെ സുരക്ഷയ്ക്കുവേണ്ടി അനുവർത്തിക്കേണ്ടതിന്റെയും ചെയ്യാൻ പാടില്ലാത്തതിന്റെയും ലിസ്റ്റ് പരക്കെ പ്രചരിപ്പിക്കേണ്ടതാണ്.

മുതിർന്ന പൗരന്മാർക്കുവേണ്ടി ജോലിചെയ്യുന്ന വീട്ടുജോലിക്കാരുടെയും മറ്റുള്ളവരുടെയും പൂർവവൃത്താന്തങ്ങൾ, അങ്ങനെയുള്ള പൗരന്മാരുടെ അഭ്യർഥനയിൻമേൽ താമസം കൂടാതെ പരിശോധിക്കേണ്ടതാണ്.

ഓരോ മാസത്തിന്റെയും ഇരുപതാം തീയതി തലേമാസം മുതിർന്ന പൗരന്മാർക്കെതിരേ നടന്ന കുറ്റകൃത്യത്തിന്റെയും രജിസ്റ്റർ ചെയ്ത കുറ്റകൃത്യങ്ങളുടെയും പ്രോസിക്യൂഷനും അന്വേഷണപുരോഗതിയും ആ മാസത്തിൽ കൈക്കൊണ്ട പ്രതിരോധനടപടികളും ഉൾപ്പെടെയുള്ള ഒരു പ്രതിമാസ റിപ്പോർട്ട് ജില്ലാ സൂപ്രണ്ട് ഓഫ് പൊലീസ്/ പൊലീസ് കമ്മീഷണർ ഡയറക്ടർ ജനറൽ ഓഫ് പൊലീസിനും ജില്ലാ മജിസ്ട്രേറ്റിനും സമർപ്പിക്കേണ്ടതാണ്. ■

# ചേർപ്പുങ്കൽ ബി.വി.എം. കോളേജ് സോഷ്യൽ വർക്ക് ഫെസ്റ്റ് സമാപിച്ചു




*ചേർപ്പുങ്കൽ ബി.വി.എം. കോളജ് സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റ് ഫെസ്റ്റ് യോളോ 2.0 ന്റ ഉദ്ഘാടനം ജോസ് കെ മാണി എം.പി. നിർവ്വഹിക്കുന്നു.*

ചേർപ്പുങ്കൽ: ചേർപ്പുങ്കൽ ബിവിഎം ഹോളിക്രോസ് കോളജ് സോഷ്യൽവർക്ക് ഡിപ്പാർട്ട്മെന്റിന്റെയും അനിക്സ് ഓവർസീസ് എജ്യുക്കേഷൻ കൺസൽറ്റൻസിയുടെയും ആഭിമുഖ്യത്തിൽ നടത്തിയ YOLO 2023 (You Only Live Once, Learn to Live) സമാപിച്ചു. കല, സംസ്കാരം വിവിധ മേഖലയിലെ മികവ് തെളിയിക്കൽ എന്നിവയുമായി ബന്ധപ്പെട്ട സമഗ്രമായ പരിപാടികളാണ് ഫെസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നത്. മാജിക് ഷോ, ശിങ്കാരിമേളം, വിദ്യാർഥികൾക്കായി വിവിധ മത്സരങ്ങൾ എന്നിവ പരിപാടിയുടെ ഭാഗമായി.

കോളജ് പ്രിൻസിപ്പൽ റവ. ഡോ. ബേബി സെബാസ്റ്റ്യൻ തോണിക്കുഴി അധ്യക്ഷത വഹിച്ച ചടങ്ങിൽ ജോസ് കെ. മാണി എംപി പരിപാടി ഉദ്ഘാടനം ചെയ്തു.

മുത്തോലി, കിടങ്ങൂർ, കൊഴുവനാൽ പഞ്ചായത്ത് പ്രസിഡന്റുമാരായ രൺജീത് ജി. മീനാഭവൻ, ബോബി മാത്യു, നിമ്മി ട്വിങ്കിൾരാജ്, ലൂർദ് ഭവൻ സ്ഥാപകൻ ജോസ് ആന്റണി, കൊഴുവനാൽ, മുത്തോലി, കിടങ്ങൂർ പഞ്ചായത്തുകളിലെ കർഷകർ എന്നിവരെ ചടങ്ങിൽ ആദരിച്ചു.

വിവിധ സ്പെഷ്യൽ സ്കൂളുകൾ ഒരുക്കിയ ആർട്ട് ആന്റ് ക്രാഫ്റ്റ് എക്സിബിഷൻ, വിവിധ കർഷകയൂണിറ്റുകളുടെയും കുടുംബശ്രീയൂണിറ്റുകളുടെയും എക്സിബിഷൻ, കൂടാതെ ഡി സി ബുക്സ് ഒരുക്കിയ പുസ്തകപ്രദർശനം എന്നിവ മേളയിൽ ആകർഷകങ്ങളായിരുന്നു.

പ്രിൻസിപ്പൽ ഡോ. ബേബി സെബാസ്റ്റ്യൻ തോണിക്കുഴി, സോഷ്യൽവർക്ക് ഡിപ്പാർമെന്റ് മേധാവി ഡോ. സി. ബിൻസി അറയ്ക്കൽ, സോഷ്യൽ വർക്ക് അധ്യാപകർ, വിദ്യാർഥികൾ തുടങ്ങിയവർ പരിപാടിക്കു നേതൃത്വം നൽകി.

# അവസാനിക്കാത്ത പകൽക്കൊള്ളകൾ

(1-ാം പേജ് തുടർച്ച)

അന്താരാഷ്ട്രമാർക്കറ്റിലെ വിലവ്യത്യാസം ഇന്ത്യൻ ഉപഭോക്താക്കൾക്കു നൽകുമെന്നായിരുന്നു എണ്ണക്കമ്പനികൾക്കു വിലനിശ്ചയ അധികാരം നൽകിയപ്പോൾ സർക്കാർ നടത്തിയ പ്രഖ്യാപനം. ഡീസൽ ലിറ്ററിന് 41 രൂപ 32 പൈസയിൽനിന്ന് 93.18 ലേക്കുണ്ടായ വർധനവിലൂടെ നികുതിയിൽമാത്രം ഉണ്ടായ വർധന 51.86 രൂപയുടേതാണ്. 2021 മേയ് മാസം ക്രൂഡ് വില ലിറ്ററിന് 1.11 രൂപ കുറഞ്ഞ മാസം പെട്രോളിന് 3.63 രൂപ വില വർധിപ്പിച്ചു. മേയ് മാസത്തിൽമാത്രം പതിനെട്ടു തവണ വില കൂട്ടി. അടുത്ത വർഷം 2022 മേയിൽ പെട്രോളിന് എട്ടു രൂപയും ഡീസലിന് ആറു രൂപയും കുറച്ചത് അടിസ്ഥാനവിലയിൽനിന്നല്ല, അധികമായി ചുമത്തിയ എക്സൈസ് തീരുവയിൽനിന്നാണ്.

അന്താരാഷ്ട്രമാർക്കറ്റിലെ വിലയും ഇന്ത്യയിലെ വിലയും തമ്മിൽ ഒരു ബന്ധവുമില്ല. ആഭ്യന്തരസംസ്കരണച്ചെലവുമായോ ഡോളറിന്റെ വിനിമയനിരക്കുമായോ രാജ്യാന്തരവിലയുമായോ ബന്ധമില്ലാതെ ഇന്ധന, ഗ്യാസ് വില തീരുമാനിക്കുന്നതാണു പ്രശ്നം. വർഷത്തിൽ രണ്ടു രൂപ വർധിപ്പിച്ചിരുന്ന 2005, 2006 കാലഘട്ടത്തിൽ ബന്ദു നടത്തിയ കക്ഷികൾ അധികാരത്തിലെത്തിയപ്പോൾ അന്യായമായ വർധന അടിച്ചേല്പിക്കുന്നു എന്നതാണു വൈരുധ്യം. അമിതദേശീയവികാരവും, ജാതിമതവികാരവും പ്രചരിപ്പിച്ച് വിലവർധനവിനെ മറികടക്കാനുള്ള കഴിവ് കേന്ദ്ര ഭരണകർത്താക്കൾക്ക് ഉണ്ടെന്നതാണ് ജനവികാരത്തെ തണുപ്പിച്ചു നിറുത്താൻ ഇടയാക്കുന്നത്.

ഇന്ധനസെസായാലും പാചകവാതകമായാലും ഓരോ വിലവർധനയും താങ്ങേണ്ടിവരുക സാധാരണക്കാരാണ്. മിൽമാ പാലിന് ലിറ്ററിന് ആറു രൂപ കൂടിയതിന്റെ പേരിൽ 10 രൂപയുടെ ചായ വില 12-15 ആയി. ഇന്ധനസെസിന്റെ പേരിൽ ഹോട്ടലുകളിലെ ചെറുപലഹാരങ്ങൾക്ക് വില 10, 12, 15, 20 എന്നിങ്ങനെയാണ്. ഒരേ പലഹാരങ്ങൾക്ക് പല കടകളിലും പല വിലയാണ്. ഒരു പ്രദേശത്തും ഏകീകൃതവില നിലവിലില്ല. ഊണിന് 75 മുതൽ 100 രൂപ വരെയാണ്. പാചകവാതക വില കൂടിയതോടെ ഈ നിരക്കുകൾ ഇനിയും ഉയരാനാണ് സാധ്യത.




ഹോട്ടലുകളിലെ ഊണിന് അന്യായവില വാങ്ങുന്നുവെന്ന ആക്ഷേപത്തെത്തുടർന്ന് സർക്കാർ സഹായത്തോടെ തുടങ്ങിയതാണ് ജനകീയ ഹോട്ടലുകൾ. 2018 ലാണ് ഇത്തരം ഹോട്ടലുകൾ തുടങ്ങിയത്. അന്നു വാണിജ്യസിലിണ്ടറിന് 990 രൂപയായിരുന്നു വില. അതിപ്പോൾ 2124 രൂപയായി. 20 രൂപയുടെ ഊണിന് സർക്കാർ 10 രൂപ സബ്സിഡി നൽകിയിരുന്നു. സർക്കാരിന്റെ സാമ്പത്തികപ്രതിസന്ധിയിൽ കൂടുതൽ സബ്സിഡി പ്രതീക്ഷിക്കേണ്ടതില്ല. അപ്പോൾ ജനകീയഹോട്ടലുകളിലും വിലവർധന ഉണ്ടാകും.

2022 ജൂലൈയിൽ പാചകവാതകവില കൂട്ടിയപ്പോൾ പറഞ്ഞ കാരണം യുക്രെയ്ൻ യുദ്ധത്തെത്തുടർന്ന് അസംസ്കൃത എണ്ണയുടെ വില കുത്തനെ കൂടിയെന്നതാണ്. എന്നാൽ, ഇപ്പോൾ അസംസ്കൃതഎണ്ണയുടെ വില വൻതോതിൽ കുറഞ്ഞു. മാത്രമല്ല, റഷ്യയിൽനിന്നു വളരെ വില കുറച്ച് ഇന്ത്യ എണ്ണ ഇറക്കുമതി ചെയ്യുകയാണ്.

വടക്കുകിഴക്കൻ സംസ്ഥാനങ്ങളായ ത്രിപുര, മേഘാലയ, നാഗാലാൻഡ് എന്നിവിടങ്ങളിലെ നിയമസഭാതിരഞ്ഞെടുപ്പു പൂർത്തിയാക്കിയതിന്റെ പിന്നാലെയാണ് പാചകവാതക വില വർധന പ്രഖ്യാപിച്ചത്. ഇതിനുമുമ്പ് യുപി നിയമസഭാതിരഞ്ഞെടുപ്പ് പൂർത്തിയാക്കിയതിനു പിന്നാലെ കഴിഞ്ഞ വർഷം മാർച്ച് 22 ന് പാചകവാതകത്തിന്റെയും പെട്രോളിന്റെയും ഡീസലിന്റെയും വില വർധിപ്പിച്ചിരുന്നു. ഗാർഹികസിലിണ്ടറിന് അന്ന് 50 രൂപയാണ് വർധിപ്പിച്ചത്. കേരളമുൾപ്പെടെ അഞ്ചു സംസ്ഥാനങ്ങളിലെ നിയമസഭാതിരഞ്ഞെടുപ്പുകളുടെ ഫലം വന്നയുടൻ 2021 മേയ് മുതൽ പെട്രോൾവില ദിവസേന വർധിപ്പിക്കുകയായിരുന്നു.

എണ്ണക്കമ്പനികളാണ് വില നിശ്ചയിക്കുന്നതെന്നും കേന്ദ്രസർക്കാരിന് വില നിശ്ചയത്തിൽ ഇടപെടാൻ കഴിയില്ലെന്നുമുള്ള നിലപാടിന്റെ പൊള്ളത്തരമാണ് ഇവിടെ വെളിവാകുന്നത്. തിരഞ്ഞെടുപ്പുദിവസങ്ങൾക്കുമുമ്പ് വില വർധിപ്പിക്കാതെ വോട്ടു പെട്ടിയിലായതിനുശേഷം വില വർധിപ്പിക്കാൻ എണ്ണക്കമ്പനികൾക്കുമേൽ നിയന്ത്രണമുള്ള അധികാരകേന്ദ്രത്തിനു കഴിയുന്നു എന്നതാണ് ഇത്തരത്തിൽ തിരഞ്ഞെടുപ്പുദിവസത്തിനു ശേഷം മാത്രം വില എല്ലാക്കാലത്തും വർധിപ്പിക്കുന്നത്.

നികുതികൾ വർധിപ്പിച്ച് ജനങ്ങളെ ശ്വാസം മുട്ടിക്കുന്നതു പോരാഞ്ഞിട്ട് എറണാകുളത്തെ ബ്രഹ്മപുരം മാലിന്യസംസ്കരണകേന്ദ്രത്തിലെ രൂക്ഷമായ പുകശല്യം ഒട്ടേറെപ്പേർക്ക് തലവേദനയും തൊണ്ടവേദനയും കണ്ണെരിച്ചിലും സമ്മാനിക്കുകയാണ്. രാവിലെ എട്ടുമണിയായപ്പോഴും വൈറ്റില, മരട്, കുണ്ടന്നൂർ ഭാഗങ്ങളിൽ തൊട്ടടുത്തുള്ള ആളെപ്പോലും കാണാനാകുന്നില്ല. ഇതു നാം സ്വയം വരുത്തിവച്ചതാണ്. കൊച്ചിയിലെ മുഴുവൻ മാലിന്യവും ഗ്യാസ് അതോറിട്ടി ഓഫ് ഇന്ത്യ (ഗയിൽ) അവരുടെ സ്വന്തം ചെലവിൽ സംസ്കരിച്ച് അതിൽനിന്നു ലഭിക്കുന്ന നാച്ചുറൽ ഗ്യാസ് പൊതു ഉടമസ്ഥതയിലുള്ള ബസുകൾക്കു നൽകാമെന്ന് 2021 ഓഗസ്റ്റുമാസം 26-ാം തീയതി നഗരസഭയെയും സർക്കാരിനെയും അറിയിച്ചതാണ്. ആറുമാസം കാത്തിരുന്നിട്ടും ആരും താത്പര്യം കാണിക്കാത്തതിനാൽ ഗയിൽ ആ പദ്ധതിയിൽനിന്നു പിന്മാറി. മധ്യപ്രദേശിൽ ഗയിൽ പദ്ധതി പ്രഖ്യാപിക്കുകയും ഏഷ്യയിലെതന്നെ ഏറ്റവും വലിയ പ്ലാന്റ് സ്ഥാപിച്ച് നാനൂറു ബസുകൾക്ക് നാച്ചുറൽ ഗ്യാസ് നൽകുന്ന നിലയിലേക്കു മാറുകയും ചെയ്തു. ഗയിൽ കൊച്ചിയിൽ വന്നാൽ മാലിന്യനീക്കത്തിന്റെ പേരിൽ നടക്കുന്ന ഇടപാടുകൾ ഇല്ലാതാകുമെന്ന പേടിയിലാണ് ഗയിലിനെ ഓടിച്ചുവിട്ടത്. ജനങ്ങൾക്കു ഗുണകരമാകുന്ന പദ്ധതികൾ വേണ്ടെന്നു വയ്ക്കുകയും അടിക്കടി നികുതി വർധിപ്പിച്ച് ജനജീവിതം ദുസ്സഹമാക്കുകയും ചെയ്യുന്നതിനല്ല ജനങ്ങൾ വോട്ടുകുത്തുന്നതെന്ന് ജനപ്രതിനിധികൾ ഓർമിക്കണം. ■

**STATEMENT ABOUT THE OWNERSHIP AND OTHER PARTICULARS OF THE DEEPANALAM WEEKLY**

| | | |
|---|---|---|
| 1. Place of Publication | : | Pala |
| 2. Periodicity of the Publication | : | Weekly |
| 3. Printer's Name | : | Joseph Thadathil |
| Nationality | : | Indian |
| Address | : | Deepanalam Pala 686575 |
| 4. Publisher's Name | : | Joseph Thadathil |
| Nationality | : | Indian |
| Address | : | Deepanalam Pala 686575 |
| 5. Editor's Name | : | Kurian Thadathil |
| Nationality | : | Indian |
| Address | : | Deepanalam, Pala 686575 |
| Names and addresses of Individuals who own the newspaper and partners or share holders holding more than one percent of total capital | : | Deepanalam Society, Pala. |

I, Joseph Thadathil hereby declare that the particulars given above are true to the best of my knowledge and belief.

(Sd.)

Date: 9-03-2023 Signature of Publisher

## കാർഷികം

ജോഷി മുഞ്ഞനാട്ട്

# ഷമാം

'ഷമാം' എന്ന പഴത്തിന്റെ ജന്മദേശം ഇറാനായി പറയപ്പെടുന്നു. ഒട്ടനവധി ഗുണങ്ങൾ നിറഞ്ഞതാണ് ഈ ഫലം. ധാതുക്കൾ, വൈറ്റമിൻ 'എ', പൊട്ടാസ്യം, ഭക്ഷ്യനാരുകൾ എന്നിവയാൽ സമ്പന്നം.



'കുക്കുമ്പർ ബിറ്റേസി' കുടുംബത്തിൽപ്പെട്ട ഷമാമിനെ - 'മസ്ക് മെലൺ' എന്നും 'കാന്റ് ലോപ്പ്' എന്നും വിളിക്കാറുണ്ട്. മലയാളത്തിൽ ഇത് 'തയ്കുമ്പളം' എന്നും വിളിക്കാറുണ്ട്. ഇളം ഓറഞ്ചുനിറമുള്ള ഈ പഴത്തിന് പപ്പായയുടെ രുചിയോടു സാമ്യമുണ്ട്.

ഷമാമിലെ ബീറ്റാക്കരോട്ടിൻ കണ്ണുകളുടെ ആരോഗ്യത്തിന് വളരെ നല്ലതാണ്. അകാലവാർധക്യം തടയാൻ ഉത്തമം. കുറഞ്ഞ കാലറിയും ധാരാളം നാരുകളും ഉള്ളതിനാൽ ഈ ഫലം ശരീരഭാരം കുറയ്ക്കുവാൻ ഉപകരിക്കും. ഭക്ഷ്യനാരുകൾ ധാരാളമായി ഇതിൽ അടങ്ങിയിരിക്കുന്നതിനാൽ ദഹനത്തിനും ഫലപ്രദമാണ്. ദാഹശമനത്തിനും, കൂടുതലായി ജലാംശം അടങ്ങിയിരിക്കുന്നതിനാൽ ചർമസംരക്ഷണത്തിനും വളരെ നല്ലതാണ് ഈ ഫലം. ഇതിൽ അടങ്ങിയിരിക്കുന്ന 'ഇനോസിറ്റോൾ' മുടി വളരുവാൻ സഹായിക്കുന്നു.

ക്ഷീണത്തിനും ഉറക്കമില്ലായ്മയ്ക്കും നല്ലതല്ലെങ്കിലും ഈ ഫലം അമിതമായി കഴിക്കുന്നത് അത്ര നല്ലതല്ലെന്നാണ് പൊതുവെയുള്ള അഭിപ്രായം.



നോവൽ 21 ഇഗ്നേഷ്യസ് കലയന്താനി

# മഴനിലാവ്

കഥാസാരം: ഒരു നിർധന നമ്പൂതിരിക്കുടുംബത്തിലെ അഞ്ചുപെൺമക്കളിൽ മൂത്തയാളാണ് ഇന്ദുലേഖ. അവൾക്കു ദൂരെ സ്കൂളിൽ റ്റീച്ചറായി ജോലി കിട്ടി. സ്കൂൾ മാനേജർ ആനന്ദന്റെ മകൻ അഭിഷേകുമായി ഇന്ദു സൗഹൃദത്തിലായി. അവർ തമ്മിൽ പ്രണയമാണെന്ന് സഹപ്രവർത്തകയായ സ്നേഹലത മാനേജരെ തെറ്റിദ്ധരിപ്പിച്ചു. മാനേജർ ഇന്ദുവിനെ പിരിച്ചുവിട്ടു. ഇതറിഞ്ഞ് ഹൃദയാഘാതം വന്ന് ഇന്ദുവിന്റെ അച്ഛൻ നാരായണൻ നമ്പൂതിരി മരിച്ചു. പക അടങ്ങാതെ ആനന്ദൻ ഇന്ദുവിനെ തെറ്റിദ്ധരിപ്പിച്ച് ഹോട്ടൽമുറിയിലെത്തിച്ച് പോലീസിനെ വരുത്തി അപമാനിച്ചു. സായാഹ്നപ്പത്രത്തിൽ വാർത്തവന്നു. ഇന്ദു മരണത്തെപ്പറ്റി ചിന്തിച്ചു. സന്ദർശകവിസയിൽ അമേരിക്കയിൽ പോയ അഭിഷേക് ഇന്ദുവിനെ തേടി അവളുടെ വീട്ടിലെത്തി. ഇന്ദു എവിടെപ്പോയി എന്ന് വീട്ടുകാർക്കും അറിയില്ലായിരുന്നു. സ്കൂൾ മാനേജരുടെ മകനാണെന്നു കേട്ടപ്പോൾ അമ്മ ദേവകി പൊട്ടിത്തെറിച്ചു.
(തുടർന്നു വായിക്കുക)

**ദേ**വകി അന്തർജനത്തിന്റെ ഉച്ചത്തിലുള്ള സംസാരംകേട്ട് സീതാലക്ഷ്മിയും നന്ദിനിയും ശ്രീക്കുട്ടിയും പാർവതിയും പൂമുഖത്തേക്കു വന്നു. വിവാഹപ്രായമെത്തിയ മൂന്നു പെൺകുട്ടികളും ഒരു ബാലികയും എല്ലും തോലുമായി നിരന്നുനില്ക്കുന്നതു കണ്ടപ്പൾ അഭിഷേകിന്റെ മനസ്സുനൊന്തു. ധരിക്കാൻ നല്ലൊരു വസ്ത്രംപോലുമില്ല. ഈ വീടിന്റെ അത്താണിയാകേണ്ട ഒരു പാവം സ്ത്രീയോടാണല്ലോ അച്ഛൻ ക്രൂരത കാട്ടിയത്.

ദേവകിയുടെ രോഷം തെല്ലൊന്നടങ്ങിയപ്പോൾ അഭിഷേക് പറഞ്ഞു:

‘‘ഇന്ദുവിനോടു ദ്രോഹം ചെയ്തതു ഞാനല്ലമ്മേ. എന്റെ അച്ഛനാ. ഞാൻ അമേരിക്കേലായിരുന്നു. കഴിഞ്ഞ ദിവസം തിരിച്ചുവന്നപ്പഴാ കഥകളറിഞ്ഞത്. കേട്ടപ്പം ഒരുപാടു വിഷമം തോന്നി. ഇന്ദുവിനെ കണ്ടു ക്ഷമ ചോദിക്കാനാ ഞാനിപ്പം വന്നത്.’’

‘‘അവളെവിടുണ്ടെന്ന് എനിക്കറിയില്ല. അച്ഛൻ മരിച്ചു രണ്ടു ദിവസം കഴിഞ്ഞു പെട്ടിയെടുത്തു പോയതാ. ഇടയ്ക്കു വിളിച്ചിരുന്നു. പിന്നെ വിളിക്കാതായി. അങ്ങോട്ടു വിളിച്ചപ്പം സ്വിച്ചോഫാ. എന്തു പറ്റീന്നറിയില്ല. ഞങ്ങളെയൊന്നും വേണ്ടായിരിക്കും അവൾക്ക്.’’

‘‘പോലീസിലറിയിച്ചില്ലേ?’’

‘‘എന്തിന്? പിടിച്ചോണ്ടു വന്നിട്ട് അവളുടെ ചെലവുകൂടി ഞാൻ കൊടുക്കാനോ? ഈ നാലു പെങ്കൊച്ചുങ്ങളെ തീറ്റിപ്പോറ്റാനുള്ള ബുദ്ധിമുട്ട് എനിക്കല്ലേ അറിയൂ. സഹായത്തിന് ഒരാൺതരിയെപ്പോലും ഈശ്വരൻ തന്നില്ല.’’ ദേവകി പൊട്ടിക്കരഞ്ഞുപോയി. അഭിഷേകിന്റെ കണ്ണുകൾ നിറഞ്ഞു.

‘‘ഞാൻ കുറച്ചു കാശു തന്നാൽ അമ്മ സ്വീകരിക്കുമോ?’’

‘‘എത്രയാ? അഞ്ഞൂറോ ആയിരമോ? വേണ്ട; സഹായമൊന്നും വേണ്ട. പൊക്കോ.’’


അഭിഷേക് ബാഗു തുറന്ന് ചെക്ക് ലീഫെടുത്ത് ഒരു തുക എഴുതി സീതാലക്ഷ്മിയുടെ കൈയിലേക്കു നീട്ടി. അവളതു വാങ്ങി നോക്കി. ഒരു ലക്ഷം രൂപ. അതിശയിച്ചുപോയി.

‘‘തൽക്കാലം ഇതിരിക്കട്ടെ. ഇനിയും ഞാൻ വരും. ഇന്ദുവിനെപ്പറ്റി എന്തെങ്കിലും അറിവു കിട്ടിയാൽ എന്നെ അറിയിക്കണം. എന്റെ ഫോൺ നമ്പരിതാ.’’

അഭിഷേക് വിസിറ്റിങ് കാർഡെടുത്തു നീട്ടി. സീത അതു വാങ്ങി.

‘‘വരട്ടെ അമ്മേ...’ കൈകൂപ്പി എല്ലാവരോടുമായി യാത്ര ചോദിച്ചു. സീത തിരിച്ചും കൈകൂപ്പി.

മടക്കയാത്രയിൽ അഭിഷേകിന്റെ ഹൃദയം വിങ്ങി വേദന ഒഴുകുകയായിരുന്നു. ഇന്ദുലേഖ എങ്ങോട്ടുപോയി? വല്ല ട്രെയിനിനും തലവച്ച് ജീവിതം അവസാനിപ്പിച്ചോ? ആ അമ്മയുടെയും അഞ്ചു പെൺമക്കളുടെയും ശാപം കിട്ടില്ലേ തന്റെ കുടുംബത്തിന്.



വീട്ടിലെത്തി, കുളികഴിഞ്ഞു കട്ടിലിലേക്കു ചായുമ്പോഴും മനസ്സ് അസ്വസ്ഥമായിരുന്നു. കണ്ണടച്ചു കിടക്കുമ്പോൾ ദേവകിയുടെ ശാപവാക്കുകളാണു കാതിൽ മുഴങ്ങുന്നത്. എല്ലും തോലുമായ നാലു പെൺകുട്ടികളുടെ രൂപമാണു മനസ്സിൽ.

രാവിലെ വൈകിയാണ് ഉണർന്നത്. പ്രഭാതകൃത്യങ്ങൾ കഴിഞ്ഞു സ്റ്റെയർകേസിറങ്ങി സ്വീകരണമുറിയിലേക്കു ചെന്നപ്പോൾ ആനന്ദൻ പത്രം വായിച്ചുകൊണ്ട് അവിടെ ഇരിപ്പുണ്ടായിരുന്നു. അഭിമുഖമായി സെറ്റിയിൽ ഇരുന്നിട്ട് അഭിഷേക് ചോദിച്ചു:

‘‘ഇന്ദുവിനെ സ്കൂളീന്നു പിരിച്ചുവിട്ടത് എന്തിനായിരുന്നു അച്ഛാ?’’

‘‘സ്വഭാവദൂഷ്യത്തിന്. ഞാനതെത്ര തവണ പറഞ്ഞു. പിന്നെയും എന്തിനാ ഇപ്പോൾ ഈ ചോദ്യം?’’

‘‘ഞാനിന്നലെ ഇന്ദുവിനെ കണ്ടു.’’

അഭിഷേക് ഒരു നുണ പറഞ്ഞു. ഒരമ്പരപ്പോടെ ആനന്ദൻ മകനെ തുറിച്ചുനോക്കി.

‘‘എവിടെ വച്ച്?’’

‘‘ഞാൻ അവരുടെ വീട്ടിൽ പോയിരുന്നു.’’

‘‘അവളെന്തു പറഞ്ഞു?’’

‘‘ഒരു പാവം പെണ്ണിനോട് ഈ ക്രൂരത വേണമായിരുന്നോ അച്ഛാ?’’

‘‘എന്തു ക്രൂരത? അവളു പറഞ്ഞതു മുഴുവൻ നുണയാ. നീയതു വിശ്വസിച്ചോ? പഠിച്ച കള്ളിയാണവൾ. നീ എന്തിനാ എന്നോടു പറയാതെ അവളെ കാണാൻ പോയത്?’’

‘‘ഞാനും ഇന്ദുവും തമ്മിൽ പ്രണയമാണെന്ന് ആരാ അച്ഛനോടു പറഞ്ഞത്?’

‘‘ഞാനങ്ങനെ പറഞ്ഞില്ലല്ലോ.’’

‘‘അവരെ തെറ്റിദ്ധരിപ്പിച്ചു ഹോട്ടൽമുറിയിലെത്തിച്ചു പൊലീസിനെക്കൊണ്ട് അറസ്റ്റു ചെയ്ത് അപമാനിച്ചിറക്കി വിടാൻ അച്ഛനെങ്ങനെ കഴിഞ്ഞു?’’

‘‘ആരു പറഞ്ഞു ഈ കള്ളക്കഥ? ഞാൻ പറഞ്ഞതിനേക്കാൾ വിശ്വാസം നിനക്കവളു പറഞ്ഞതാണോ?’

‘‘ഞാൻ എല്ലാം അന്വേഷിച്ചു മനസ്സിലാക്കിയിട്ടാ അച്ഛാ ഇപ്പം സംസാരിക്കുന്നെ.’’

‘‘എന്ത് അന്വേഷിച്ചു? നിനക്കു ഭ്രാന്തുപിടിച്ചോ?’’

സംസാരംകേട്ട് ശ്രീദേവി സ്വീകരണമുറിയിലേക്കു വന്നു.

‘‘എന്താ... എന്താ പ്രശ്നം?’’

‘‘ഇന്ദുവിനെ പിരിച്ചുവിട്ടത് ഇവനിട്ടപ്പെട്ടില്ലപോലും.’’ ആനന്ദൻ പരിഹസിച്ചു.

‘‘അവളവളുടെ പാട്ടിനു പോയില്ലേ. ഇനി അതിനെച്ചൊല്ലിയെന്തിനാ അച്ഛനും മകനും തമ്മിലൊരു തർക്കം.’’ ശ്രീദേവി സമാധാനിപ്പിക്കാൻ നോക്കി.

ആനന്ദൻ അഭിഷേകിനു നേരേ കൈചൂണ്ടി ആക്രോശിച്ചു.

‘‘ഒരു കാര്യം പറഞ്ഞേക്കാം. എന്നെ ചോദ്യം ചെയ്യാൻ വന്നാൽ പടിയടച്ചു പിണ്ഡം വയ്ക്കും ഞാൻ. മകനാണെന്നൊന്നും നോക്കില്ല.’’

‘‘പശൂം ചത്തു മോരിലെ പുളീം പോയി. ഇനിയിപ്പം അതിനെപ്പറ്റി പറഞ്ഞു വഴക്കുകൂടുന്നതെന്തിനാ. നീയിങ്ങു വാ.’’

ശ്രീദേവി മകനെ പിടിച്ച് അടുത്ത മുറിയിലേക്കു കൊണ്ടുപോയി. പോകുന്നതിനിടയിൽ തിരിഞ്ഞുനിന്ന് അഭിഷേക് പറഞ്ഞു:

‘‘ഒരു നമ്പൂതിരിക്കുടുംബത്തിന്റെ ശാപം കിട്ടും ഈ വീടിന്.’’

‘‘കിട്ടിക്കോട്ടെ. ആ ശാപത്തിൽ എന്റെ തലപൊട്ടിത്തെറിച്ചു പോണേൽ പൊക്കോട്ടെ.’’ ആനന്ദനും വാശിയിലായിരുന്നു.

അഭിഷേക് സ്റ്റെയർകേസ് കയറി മുകളിലത്തെ നിലയിൽ, തന്റെ മുറിയിലേക്കു പോയി.

ആനന്ദൻ അസ്വസ്ഥനായി കാണപ്പെട്ടു. അഭിഷേക് മുഖത്തു നോക്കി ഇങ്ങനെ സംസാരിക്കുമെന്നു പ്രതീക്ഷിച്ചില്ല. ഇന്ദുവിനെ അവൻ കണ്ടു എന്നു പറഞ്ഞത് നേരായിരിക്കുമോ? സൂക്ഷിക്കണം അവനെ. സ്നേഹലത പറഞ്ഞതു സത്യമാണ്. ഇന്ദുവിനോട് അവനു പ്രേമമുണ്ട്. ഇപ്പോൾ അതു സഹതാപം കൂടിയായി മാറിയിരിക്കുന്നു. അതപകടമാണ്.

ആനന്ദൻ മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നതു കണ്ടപ്പോൾ ശ്രീദേവി അങ്ങോട്ടു വന്നു.

‘‘വിവരമില്ലാതെ അവനെന്തെങ്കിലും പറഞ്ഞെന്നുവച്ച് ഇത്ര അസ്വസ്ഥനാകണോ?’’

‘‘നീ കേട്ടോ അവൻ പറഞ്ഞത്. അവനവളുടെ വീട്ടിൽപോയി അവളെ കണ്ടെന്ന്.’’

‘‘അതു ചോദിക്കാനാ ഞാനിപ്പം വന്നത്. അവനും അവളും തമ്മിൽ പ്രേമമായിരുന്നോ?’

‘‘ട്രെയിനിൽ വച്ചു കണ്ടുമുട്ടിയപ്പംമുതലു തുടങ്ങിയ സ്നേഹമാ. സ്കൂളിൽവച്ച് ഇടയ്ക്കിടെ കൂടിക്കാണാറുണ്ടായിരുന്നൂന്ന് ടീച്ചർമാരു പറഞ്ഞപ്പം ഞാനാദ്യം വിശ്വസിച്ചില്ല. പിന്നെ എനിക്കു മനസ്സിലായി അതു സത്യമാണെന്ന്. ഒന്നുരണ്ടു തവണ വിളിച്ചു വാണിങ്ങു കൊടുത്തതാ. എന്നിട്ടും എന്നെ ധിക്കരിച്ചവൾ അവനെ കണ്ടു. സ്കൂളീന്നു പിരിച്ചു വിട്ടിട്ടും അവനെ കാണണമെന്ന ഉദ്ദേശത്തോടെ അവളിവിടെ ന്യൂ ഫാഷൻ ടെക്സ്റ്റയിൽസിൽ സെയിൽസ് ഗേളായിട്ടു വന്നു. അപ്പഴാ ഞാനവളെ വിളിച്ചു കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ടിൽ ജോലി കൊടുത്തത്. എന്നിട്ട്, അപമാനിച്ച് നാണം കെടുത്തി അവളെ ഈ നാടുകടത്തിയതാ. എന്നിട്ടും അവളെത്തേടി അവൻ അവളുടെ വീട്ടിൽ പോയെങ്കിൽ ആ പ്രേമത്തിന്റെ തീവ്രത ഒന്നാലോചിച്ചേ.’’

‘‘ഇതൊന്നും എനിക്കറിയില്ലായിരുന്നു.’’ ശ്രീദേവിയും അസ്വസ്ഥയായി.

അഭിഷേകും ആനന്ദനും തമ്മിൽ പിന്നീട് ഒന്നും സംസാരിച്ചതേയില്ല. രാത്രി ആനന്ദൻ നേരത്തേ അത്താഴം കഴിച്ചിട്ടു കിടന്നു. മദ്യപിച്ചിരുന്നതിനാൽ വേഗം ഉറങ്ങിപ്പോയി.

അഭിഷേക് അത്താഴം കഴിക്കാനായി ഡൈനിങ് റൂമിൽ വന്നിരുന്നപ്പോൾ ശ്രീദേവി പറഞ്ഞു:

‘‘നീ രാവിലെ അച്ഛനോട് എന്തൊക്കെയാ പറഞ്ഞേ? അച്ഛനാകെ വിഷമിച്ചിരിക്കാ.’’

‘‘ഞാൻ പറഞ്ഞതൊക്കെ സത്യമാ അമ്മേ. ഇന്ദു ഒരു നല്ല അധ്യാപികയായിരുന്നു. അച്ഛൻ അവളെ ചതിച്ച് നാണംകെടുത്തി നാടുകടത്തിയതാ.’’

‘‘അതിനു നിനക്കെന്താ? അവളവളുടെ വഴിക്കു പോട്ടെ. നീയെന്തിനാ അതോർക്കുന്നെ?’’

‘‘അവളുടെ വീട്ടിലെ സ്ഥിതി വളരെ ദയനീയമാ അമ്മേ. ഞാനവിടെ പോയിരുന്നു.’

‘‘നീയെന്തിനാ അവിടെ പോയെ? അതിനു മാത്രം നീയും അവളും തമ്മിൽ എന്താ അടുപ്പം?’

‘‘അമ്മ വിചാരിക്കുന്നപോലുള്ള അടുപ്പമൊന്നുമില്ല. എനിക്ക് എന്റെ സഹോദരിയെപ്പോലെയാ അവള്.’’

‘‘എങ്ങോണ്ടോ കിടക്കുന്ന ഒരു പെണ്ണ് നിനക്കെങ്ങനെയാടാ സഹോദരിയാകുന്നത്? അവളെ മനസ്സീന്നു കളഞ്ഞേക്ക്. അവളവളുടെ വഴിക്കുപോട്ടെ.’’

അതിനു മറുപടി പറയാതെ അഭിഷേക് അത്താഴം കഴിച്ചിട്ട് എണീറ്റ് കൈകഴുകി മുറിയിലേക്കു പോയി.

*ശേഷം 13-ാം പേജിൽ*

# കേരളം പൊള്ളുന്നു!

(1-ാം പേജ് തുടർച്ച)

ലോകത്താകമാനമുള്ള കണക്കു പ്രകാരം ഏറ്റവും ചൂടു കൂടുതലുള്ള കാലമായിരുന്നു കഴിഞ്ഞ എട്ടു വർഷങ്ങൾ. 2025 ആകുന്നതോടെ ചൂട് അഞ്ചു ഡിഗ്രി സെൽഷ്യസ്‌വരെ വർദ്ധിക്കുമെന്നും ഈ നൂറ്റാണ്ടിന്റെ അവസാനമാകുമ്പോഴേക്കും ഒമ്പതു ഡിഗ്രി വരെ വർദ്ധിക്കാൻ സാധ്യതയുണ്ടെന്നും ഗവേഷകർ സൂചന നൽകുന്നു.

വാഹനങ്ങളുടെ പെരുപ്പത്തിൽ അന്തരീക്ഷത്തിലേക്കൊഴുകുന്ന കാർബൺ മൂലകങ്ങൾ പതിന്മടങ്ങായി വർധിച്ചതും ചൂടുകൂടാൻ ഒരു കാരണമായി. കൂണുപോലെ ഉയർന്നുനിൽക്കുന്ന കോൺക്രീറ്റ് കെട്ടിടങ്ങളും, കെട്ടിടങ്ങളുടെ മേൽക്കൂരയിലെ ലോഹഷീറ്റുകളും ചൂട് സംഭരിച്ചു പുറത്തേക്ക് ഒഴുക്കി.

ചൂടു കൂടുന്ന സാഹചര്യത്തിൽ ദുരന്തനിവാരണ അതോറിറ്റി ജാഗ്രതാനിർദേശവും നൽകിക്കഴിഞ്ഞു. പകൽ പതിനൊന്നിനും മൂന്നിനും ഇടയിൽ നേരിട്ട് വെയിൽ കൊള്ളുന്നത് ഒഴിവാക്കണമെന്നാണ് മുഖ്യനിർദേശം. പ്രായമായവർ, ഗർഭിണികൾ, കുട്ടികൾ, മറ്റു രോഗങ്ങൾ ഉള്ളവർ ഉറപ്പായും 11 മുതൽ 3 മണി വരെ നേരിട്ട് സൂര്യപ്രകാശം ഏൽക്കാതെയിരിക്കാൻ ശ്രദ്ധിക്കണം. നിർജലീകരണം തടയാൻ ധാരാളം വെള്ളം കുടിക്കുക, മദ്യം, കാപ്പി, ചായ കാർബണേറ്റഡ് സോഫ്റ്റ് ഡ്രിങ്കുകൾ തുടങ്ങിയ പാനീയങ്ങൾ ഒഴിവാക്കുക, പുറത്തേക്കിറങ്ങുമ്പോൾ കുടയോ തൊപ്പിയോ ഉപയോഗിക്കുക, പഴങ്ങളും പച്ചക്കറികളും ധാരാളമായി കഴിക്കുക. മൃഗങ്ങൾക്കും പക്ഷികൾക്കും ശുദ്ധജല ലഭ്യത ഉറപ്പാക്കുക തുടങ്ങിയവയാണ് മറ്റു നിർദേശങ്ങൾ.

ചൂടു കടുത്തതോടെ കർഷകരും കണ്ണീരിലായി. കൃഷികൾ വാടിക്കരിഞ്ഞുതുടങ്ങി. തെങ്ങിന്റെ ഓലകൾ ഒടിഞ്ഞുതൂങ്ങി. കുലയൊടിഞ്ഞു മച്ചിങ്ങ തുരുതുരെ പൊഴിയുകയാണിപ്പോൾ.

വാഴകൾ കുലച്ച് മൂപ്പെത്തുംമുമ്പേ തണ്ടൊടിഞ്ഞു കിടക്കുന്ന ദൃശ്യം പലയിടത്തും കാണാം. മറതീർത്തും കരിയിലകൾ പുതപ്പിച്ചും വേനൽച്ചൂടിൽനിന്നു വിളകളെ രക്ഷിക്കാൻ നെട്ടോട്ടമോടുകയാണ് കർഷകർ.

ആറും തോടും കര കവിഞ്ഞൊഴുകിയിരുന്ന, വർഷത്തിൽ ഏഴുമാസം സുലഭമായി മഴ കിട്ടിയിരുന്ന മലയാളനാടിനെ ഈ കൊടും ചൂടിലെത്തിച്ചത് ഒരു പരിധിവരെ നമ്മൾതന്നെയല്ലേ? അന്തരീക്ഷതാപത്തെ കുറയ്ക്കാനുള്ള പ്രകൃതിദത്തസംവിധാനങ്ങൾ മിക്കതും നാം ഇല്ലാതാക്കി. വയൽനികത്തലിനും മലയിടിക്കലിനും ഭരണകൂടം കൂട്ടുനിന്നപ്പോൾ നഷ്ടമായത് കേരളത്തിന്റെ പച്ചപ്പും സുഖശീതളിമയുമാണ്.

ശരാശരി മുന്നൂറ് സെന്റീമീറ്റർ മഴ നമുക്കു കിട്ടുന്നുണ്ട് എന്നാണ് സ്ഥിതിവിവരക്കണക്ക്. എന്നാൽ, കിട്ടുന്ന മഴയുടെ നാല്പതു ശതമാനം മാത്രമേ നാം പ്രയോജനപ്പെടുത്തുന്നുള്ളു. പറമ്പിൽ മഴക്കുഴികൾ തീർത്തും പാടത്തു വരമ്പുകൾ കെട്ടിയും കിണറിനു ചുറ്റും ചാലുകൾ കീറിയും മുറ്റത്ത് മഴവെള്ളസംഭരണി ഉണ്ടാക്കിയുമൊക്കെ ഈ ജലം സംരക്ഷിക്കാൻ നമുക്കു കഴിയുമെങ്കിലും നാമൊന്നും അതിനു ശ്രമിക്കാറില്ല. മറിച്ച്, ഉള്ള കുളങ്ങളും കുഴികളും വയലുകളും മണ്ണിട്ടു നികത്തി അവിടെ കെട്ടിടം പണിയുന്നു. മുറ്റത്തു ടൈലുകൾ വിരിച്ചു വെള്ളം താഴുന്നതു തടയുന്നു. പെയ്യുന്ന മഴയാകട്ടെ, നേരേ ഒഴുകി അറബിക്കടലിൽ ചേരുന്നു. ഇവിടെ പെയ്യുന്ന മഴവെള്ളം അതതിടത്ത് കെട്ടിനിർത്തുന്നു എന്നു സങ്കല്പിച്ചാൽ കേരളം മൂന്നുമീറ്റർ വെള്ളത്തിൽ മുങ്ങിക്കിടക്കും എന്നാണ് പരിസ്ഥിതിഗവേഷകർ പറഞ്ഞത്.

വീട്ടിലെ മാലിന്യങ്ങൾ പ്ലാസ്റ്റിക് കൂടുകളിലാക്കി നമ്മൾ വലിച്ചെറിയുന്നത് കനാലുകളിലേക്കും പുഴകളിലേക്കും റോഡുവക്കിലേക്കും. അത് കറങ്ങിത്തിരിഞ്ഞ് എത്തിച്ചേരുന്നതോ, നമ്മുടെ തോടുകളിലും കുളങ്ങളിലും. കായലുകൾ, തടാകങ്ങൾ, തണ്ണീർത്തടങ്ങൾ, പുഴകൾ, തോടുകൾ, അരുവികൾ, കുളങ്ങൾ, കനാലുകൾ - എല്ലാം ധാരാളമായി ഉള്ള നമ്മുടെ നാടിനെ സംരക്ഷിക്കാനും വൃത്തിയായി സൂക്ഷിക്കാനും നമുക്കു കഴിയാതെപോകുന്നതെന്തേ?

സുഖശീതളമായ കാലാവസ്ഥയുടെ കാര്യത്തിൽ പണ്ടുമുതലേ ടൂറിസ്റ്റുമാപ്പിൽ ഒരിടമുണ്ടായിരുന്നു കേരളത്തിന്. മലയാളമണ്ണിനെ സുഖവാസസ്ഥലമായി കണ്ടു വിദേശികൾ അവധിക്കാലം ആഘോഷിക്കാൻ ഇങ്ങോട്ട് ഓടിയെത്തിയതും അതുകൊണ്ടുതന്നെ. പ്രകൃതിസൗന്ദര്യംകൊണ്ടും കാലാവസ്ഥാമേന്മകൊണ്ടും ദൈവത്തിന്റെ സ്വന്തം നാട് എന്നറിയപ്പെട്ടിരുന്ന കേരളം ഇപ്പോൾ ഉഷ്ണത്തിന്റെ സ്വന്തം നാട് ആയെങ്കിൽ അതിന്റെ കാരണക്കാർ നമ്മൾ തന്നെ. പ്രകൃതിയോടും മണ്ണിനോടും നാം ക്രൂരത കാട്ടിയപ്പോൾ നമുക്കു നഷ്ടമായത് നമ്മുടെ നദികളുടെ കളകളാരവവും മഴത്തുള്ളികളുടെ കിലുകിലുക്കവുമാണ്.

മരങ്ങൾ വെട്ടിക്കളഞ്ഞാൽ മഴയുണ്ടാകില്ലെന്നു പറഞ്ഞപ്പോൾ നമ്മുടെ ഒരു എംഎൽഎ പണ്ടൊരിക്കൽ നിയമസഭയിൽ ചോദിച്ചത് കടലിൽ മരങ്ങൾ ഉണ്ടായിട്ടാണോ അവിടെ മഴ പെയ്യുന്നത് എന്നാണ്. അതാണ് നമ്മുടെ നാട്ടിലെ ഭരണാധികാരികളുടെ പാരിസ്ഥിതികാവബോധം. പിന്നെങ്ങനെ ഈ നാടു നന്നാവും?

■



# ഈശോ

FROM THE BIBLE

44



ഫാ. തോമസ് പാട്ടത്തിൽചിറ CMF

## മാതൃദാനം

മകനൊരുവന്റെ മാതൃദാനം. പ്രാണൻ പിരിയുന്നതിനുമുമ്പ് പരിത്യാഗത്തിന്റെ പാരമ്യമെന്നവണ്ണം മനുഷ്യനെന്ന നിലയിൽ മണ്ണുമായി തന്നെ ചേർത്തിണക്കിയ പെറ്റമ്മയെന്ന പൊക്കിൾക്കൊടിബന്ധത്തെ അവൻ ശിഷ്യനൊരുവനു മുറിച്ചുകൊടുത്തു. വളർത്തുപിതാവിന്റെ വേർപാടിനുശേഷം സ്വന്തമെന്നു പറയാൻ തനിക്കുണ്ടായിരുന്ന അമ്മയെ അവൻ അനാഥനാക്കിയില്ല. സ്വജീവൻ മഹാദാനമായി നല്കുന്നതിനുമുമ്പ് സ്വന്തം മാതാവിനെ അവൻ മണ്ണിനും മനുഷ്യനും ദാനമായി നല്കി. മരിക്കുന്നതിനുമുമ്പ് തന്റെ മാതാവിനെ സുരക്ഷിതമായ കരങ്ങളിൽ ഏല്പിച്ചു. ഒരു ഭാരമേല്പിക്കലല്ല മറിച്ച്, ഭരമേല്പിക്കലായിരുന്നു. ഇഷ്ടമില്ലാത്തവയൊക്കെയാണു ഭാരമായി തോന്നുക. എന്നാൽ, ഏറ്റം ഇഷ്ടമുള്ളവയെയാണു മറ്റുള്ളവർക്കു ഭരമേല്പിക്കുക. അവളെ ഒഴിവാക്കുകയല്ലായിരുന്നു പിന്നെയോ, തന്നിലേക്കുള്ള ഒരു വഴിയാക്കുകയായിരുന്നു. ലാഘവത്തോടെ ജീവിതബന്ധങ്ങളെ ഉപേക്ഷിക്കുന്ന മനുഷ്യർ കണ്ടു ലജ്ജിക്കേണ്ട ഒരു കാഴ്ച. അതെ, പെറ്റമ്മയെ ദാനമായി നല്കാൻ തക്കവിധം പുത്രനായ ദൈവം പാരിനെ അത്രയധികം സ്നേഹിച്ചു. അവനിൽ അഭയം കാണുന്നവരാരും അനാഥരല്ല എന്നതിന്റെ അടയാളമാണ് കാൽവരിയിലെ കന്യാമറിയം. ഭൂമിയിൽ മാതാപിതാക്കൾ അഗതികളാക്കപ്പെടരുത് എന്നുള്ള കാൽവരിയുടെ കുറിപ്പ്.

അപ്പനമ്മമാരെ ശുശ്രൂഷിക്കാനും സുരക്ഷിതരായി കാക്കാനും മക്കൾക്കു പകരമായി മറ്റാരും മതിയാകില്ല. ശിശുക്കളായിരുന്നപ്പോൾ മാതാപിതാക്കളുടെ ഓമനശല്യങ്ങളായി പറ്റിച്ചേർന്നുനിന്ന നമുക്കു വളർന്നുകഴിയുമ്പോൾ അവർ ഒഴിയാശല്യങ്ങളായി മാറരുത്. അപ്പനമ്മമാർ അമൂല്യരാണ്. അനാഥരാക്കപ്പെട്ടവർക്കുമാത്രമേ അവരുടെ വിലയറിയൂ. വാതിലാണു പിതാവ്; മാതാവ് വിളക്കും. ഇരുവരും ഭവനത്തിന്റെ അവിഭാജ്യഘടകങ്ങളാണ്. വാതിലില്ലായ്മ അരക്ഷിതാവസ്ഥയ്ക്കും വിളക്കില്ലായ്മ അന്ധകാരത്തിനും ഇടയാക്കും. ജന്മമേകിയവരെ വാത്സല്യപൂർവ്വം ശുശ്രൂഷിക്കുന്ന മക്കൾ മണ്ണിലെ മാലാഖമാരാണ്. അവഗണിക്കപ്പെട്ടുകഴിയുന്ന മാതാപിതാക്കളുടെ മിഴിനീര് ഒരു കുടുംബത്തിലും വീഴാതിരിക്കട്ടെ. അവർ മുറിയുടെ മൂലയിൽ



കുത്തിച്ചാരിവച്ചിരിക്കുന്ന കുറ്റിച്ചൂലുകളാകാതിരിക്കട്ടെ. ഉദരത്തിൽതന്നെ വഹിച്ചിരുന്നപ്പോൾ തന്റെ ചങ്കിടുപ്പുകൾ അറിഞ്ഞവന്റെ കരങ്ങളിലാണ് അവൻ സമ്മാനമേകുന്നത്. കർത്താവിന്റെ ഹൃദയത്തുടിപ്പുകൾ സ്വന്തമാക്കുന്നവർക്കേ മറിയത്തെ സ്വന്തമായി ലഭിക്കൂ. കന്യാമറിയം ക്രൈസ്തവകുടുംബത്തിന്റെ സ്വന്തമായിരിക്കണം. 'യേശു സ്നേഹിച്ചവൻ' എന്നു സ്വാഭിമാനം അവകാശപ്പെട്ടവനായിരുന്നു ആ ശിഷ്യൻ. അപ്രകാരം അവകാശപ്പെടാൻ സാധിക്കുന്നവർക്കേ മറിയത്തെ അവകാശമാക്കാൻ കഴിയൂ. സ്ലീവയുടെ ചുവട്ടിൽനിന്ന ആ ശ്ലീഹായെപ്പോലെ ക്രൂശിതന്റെ കാൽക്കൽ നില്ക്കുന്നവർക്കാണ് അവൾ അമ്മയാകുക. അല്ലാത്തവർക്ക് വെറും മറിയം മാത്രം. ക്രിസ്ത്യാനികൾക്കു കൂട്ടായി ക്രൂശിതൻ ദാനമേകിയ മറിയത്തെ മാതാവായി സ്വീകരിച്ചുകൊണ്ട് നമ്മുടെയും കുടുംബങ്ങളെ തിരുക്കുടുംബങ്ങളാക്കാം. ■

# യുക്രെയ്ൻയുദ്ധം പുതിയ വഴിത്തിരിവിൽ



തോമസ് കുഴിഞ്ഞാലിൽ

യുക്രെയ്ൻ അധിനിവേശത്തിന്റെ ഒന്നാം വാർഷികദിനത്തിൽ റഷ്യയുടെ ഭാഗത്തുനിന്നു കൂടുതൽ ആക്രമണങ്ങൾ പ്രതീക്ഷിച്ചിരുന്നെങ്കിലും പതിവുരീതിയിലുള്ള ഏറ്റുമുട്ടലുകളിൽ ഒതുങ്ങിയത് ലോകരാജ്യങ്ങൾ ആശ്വാസത്തോടെയാണ് ഉൾക്കൊണ്ടത്. ശത്രുവിന്റെ ബോംബാക്രമണങ്ങളിൽ രാജ്യം മുഴുവൻ നാമാവശേഷമാകുകയും ദശലക്ഷങ്ങൾ അഭയാർഥികളാകുകയും പതിനായിരങ്ങൾക്കു ജീവൻ നഷ്ടമാകുകയും ചെയ്തിട്ടും ആവേശവും ധൈര്യവും കൈവിടാത്ത യുക്രെയ്ൻജനത, രാജ്യത്തിനുവേണ്ടി വീരമൃത്യു വരിച്ച പ്രിയപ്പെട്ടവർക്ക് ആദരാഞ്ജലികളർപ്പിച്ചുകൊണ്ടാണ് അധിനിവേശത്തിന്റെ ഒന്നാം വാർഷികം ആഘോഷിച്ചത്.

യുദ്ധവാർഷികദിനത്തിൽ ജനങ്ങൾക്കു നല്കിയ സന്ദേശത്തിൽ യുക്രെയ്ൻ പ്രസിഡന്റ് വൊളോഡിമിർ സെലെൻസ്കി ഇപ്രകാരമാണ് ഉദ്ബോധിപ്പിച്ചത്: "നാം ഒരു കുടുംബമാണ്. എല്ലാ ഭീഷണികളെയും നാം ഒരുമിച്ചു നേരിടും. പരാജയപ്പെടാൻ നാം അനുവദിക്കുകയില്ല. ഈ വർഷം തന്നെ ശത്രുവിന്റെമേൽ വിജയം വരിക്കാൻ നമുക്കു കഴിയും." രാജ്യതലസ്ഥാനമായ കീവിലെ സെന്റ് സോഫിയ ചത്വരത്തിൽ സൈനികരെ അഭിസംബോധന ചെയ്ത സെലെൻസ്കി, രാജ്യത്തിനുവേണ്ടി ജീവൻ ബലിയർപ്പിച്ച സൈനികരുടെ കുടുംബാംഗങ്ങളെ ആശ്വസിപ്പിക്കുകയും മെഡലുകൾ നല്കി ആദരിക്കുകയും ചെയ്തു.

യുക്രെയ്ൻ ജനതയുടെ പോരാട്ടത്തിന് അഭിവാദ്യം അർപ്പിച്ചുകൊണ്ട് ലോകത്തിന്റെ പല ഭാഗങ്ങളിലും യുക്രെയ്ൻ പതാകകൾ ഉയർത്തുകയുണ്ടായി. ലണ്ടനിലെ റഷ്യൻ എംബസിക്കു മുമ്പിലുള്ള പൊതുനിരത്തിൽ നീലയും മഞ്ഞയും നിറഞ്ഞു. പാരീസിലെ ഈഫൽ ടവറിൽ യുക്രെയ്ൻ പതാകയുടെ നിറങ്ങൾ തെളിച്ചു.

കഴിഞ്ഞ വർഷം ഫെബ്രുവരി 24 നു തുടങ്ങിവച്ച 'പ്രത്യേക സൈനികനടപടി'ക്കുമുമ്പ് യുക്രെയ്ൻ അതിർത്തികളിൽ വിന്യസിച്ച സേനാവ്യൂഹത്തിന്റെ ഇരട്ടിയിലധികം സൈനികർ (ഏകദേശം 5 ലക്ഷം പേർ) തങ്ങളുടെ രാജ്യം വളഞ്ഞിരിക്കുന്നതായി യുക്രെയ്ൻ വിദേശകാര്യ വക്താവ് അറിയിച്ചിരുന്നു. ഇപ്പോഴത്തെ ശൈത്യകാലത്തിനു പിന്നാലെ വേനൽക്കാലം എത്തുമ്പോൾ ശത്രുസൈന്യം പൂർവാധികം ശക്തിയോടെ തങ്ങളുടെ രാജ്യത്തേക്ക് ഇരച്ചുകയറാൻ കാത്തിരിക്കുകയാണെന്നും അവർ ഭയപ്പെടുന്നു. അത്തരം ആക്രമണം അഴിച്ചുവിടുംമുമ്പ് വെടിക്കോപ്പുകളും ടാങ്കുകളും മിസൈലുകളും പേട്രിയറ്റ് മിസൈൽ പ്രതിരോധസംവിധാനങ്ങളുമെല്ലാം യുദ്ധമേഖലയിലെത്തിക്കാനുള്ള തിരക്കിട്ട നീക്കങ്ങൾ പാശ്ചാത്യരാജ്യങ്ങൾ നടത്തുകയും ചെയ്യുന്നു. ഈ തിരക്കിനിടയിലും കീവിൽ അപ്രതീക്ഷിതസന്ദർശനം നടത്തിയ യു എസ് പ്രസിഡന്റ് ജോ ബൈഡൻ യുക്രെയ്നുള്ള പിന്തുണ എക്കാലവും ഉണ്ടാകുമെന്ന് ഉറപ്പുനൽകി. പോളണ്ടിന്റെ തലസ്ഥാനമായ വാഴ്സോയിൽവച്ച് ഒമ്പതു കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലെ രാഷ്ട്രത്തലവന്മാരുമായി കൂടിക്കാഴ്ച നടത്തിയ ബൈഡൻ, നാറ്റോ അംഗരാജ്യങ്ങളുടെ ഓരോ ഇഞ്ചു ഭൂമിയും സംരക്ഷിക്കുമെന്ന വാഗ്ദാനം നല്കി ഇപ്രകാരം പറഞ്ഞു: "നാറ്റോയുടെ കിഴക്കൻ അതിർത്തിരാജ്യങ്ങൾ എന്ന നിലയിൽ ശത്രുവിന്റെ കുടിലനീക്കങ്ങൾക്കെതിരേ ഒന്നിച്ചുനിന്നു പോരാടിയേ മതിയാകൂ. ഇക്കാര്യത്തെക്കുറിച്ച് മറ്റുള്ളവരേക്കാൾ ബോധ്യം നിങ്ങൾക്കുണ്ടെന്നു ഞാൻ മനസ്സിലാക്കുന്നു. യുക്രെയ്നിൽ മാത്രമല്ല, ലോകമെമ്പാടുമുള്ള ജനാധിപത്യരാജ്യങ്ങളിലെ സമാധാനവും സ്വാതന്ത്ര്യവും സംരക്ഷിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കുകയും വേണം." കീവിലെ സന്ദർശനത്തിനിടെ 240 കോടി യു എസ് ഡോളറിന്റെ സൈനികസഹായംകൂടി യുക്രെയ്നു നല്കാൻ ബൈഡൻ ഉത്തരവിട്ടു (ഏകദേശം 19,200 കോടി രൂപ). വെടിക്കോപ്പുകളും ലേസർനിർമിത റോക്കറ്റുകളും റഷ്യൻ മിസൈലുകളെ പ്രതിരോധിക്കാനുതകുന്ന ആളില്ലാഡ്രോണുകളും മറ്റു യുദ്ധസാമഗ്രികളും വാങ്ങാൻ ഈ തുക വിനിയോഗിക്കും. യുദ്ധം തുടങ്ങിയശേഷം അമേരിക്കയിൽനിന്നു നല്കിയ 3,200 കോടി യു എസ് ഡോളറിനു പുറമേയാണിത്. (ഏകദേശം 2,56,000 കോടി രൂപ)



### യുദ്ധം പുതിയ വഴിത്തിരിവിൽ

അതേസമയം യുക്രെയ്ൻ അധിനിവേശത്തിന്റെ ഒന്നാം വാർഷികദിനമായ ഫെബ്രുവരി 24 ന് പൊതു അവധി നല്കുകയും 'പിതൃഭൂമിയുടെ സംരക്ഷകൻ' എന്നു സ്വയം വിശേഷിപ്പിക്കുകയും ചെയ്ത വ്ളാഡിമിർ പുടിൻ രാജ്യത്തെ അഭിസംബോധന ചെയ്തു നടത്തിയ പ്രസംഗത്തിൽ ഇപ്രകാരം പ്രഖ്യാപിച്ചു: "ഇപ്പോൾ നമ്മുടെ കൈവശമുള്ള ആണവായുധങ്ങളുടെ എണ്ണം വർധിപ്പിക്കാനുള്ള ഒരു തീരുമാനമെടുക്കുകയാണ്. ഇതിനു മുന്നൊരുക്കമായി യു എസുമായുള്ള 'സ്റ്റാർട്ട് 1 ഉം 2 ഉം ഉടമ്പടികളിൽനിന്നു നാം പിന്മാറുകയും ചെയ്യുന്നു. കടലിൽനിന്നു ശത്രുവിനുനേരേ വിക്ഷേപിക്കാവുന്ന 'സിർക്കോൺ' മിസൈലുകൾ യുദ്ധമേഖലകളിലെത്തിക്കും." പുടിന്റെ അപ്രതീക്ഷിതമായ ഈ പ്രഖ്യാപനത്തിനുപിന്നാലെ ചൈനയുമായി ചേർന്നുനടത്തുന്ന സൈനികാഭ്യാസത്തിൽ പങ്കെടുക്കുന്നതിനായി ഹൈപ്പർസോണിക് മിസൈലുകൾ വഹിക്കുന്ന ഒരു യുദ്ധക്കപ്പൽ സൗത്താഫ്രിക്കൻ തീരങ്ങളിലേക്കയച്ചതായി റഷ്യൻ പ്രതിരോധവൃത്തങ്ങളും അറിയിച്ചു. സൗത്താഫ്രിക്കയും സംയുക്തസൈനികാഭ്യാസത്തിൽ പങ്കാളിയാകും.

'സ്റ്റാർട്ട്' ആണവനിർവ്യാപനക്കരാറിൽനിന്നുള്ള പുടിന്റെ ഏകപക്ഷീയമായ പിന്മാറ്റം ബൈഡന്റെ യുക്രെയ്ൻ സന്ദർശനത്തിനുള്ള തിരിച്ചടിയായി വ്യാഖ്യാനിക്കപ്പെടുന്നുണ്ട്. യഥാക്രമം 1991 ജൂലൈ 31 നും 1993 ജനുവരി 3 നും യു എസുമായി ഏർപ്പെട്ട രണ്ടു കരാറുകളിൽനിന്നു പിന്മാറ്റംവഴി ആണവായുധങ്ങളുടെ എണ്ണം യഥേഷ്ടം വർധിപ്പിക്കാൻ റഷ്യയ്ക്കാകും. അണുബോംബുകൾ കൈവശമുള്ള 9 രാജ്യങ്ങളിൽ ഒന്നാം സ്ഥാനവും റഷ്യയ്ക്കാണ്. 6,255 എണ്ണം. യു എസിന്റെ കൈവശമുള്ളത് 5,550. ഇവയിൽ ചിലതാകട്ടെ, ഹിരോഷിമയിലും നാഗസാക്കിയിലും വർഷിച്ച ആറ്റം ബോംബുകളെക്കാൾ പതിന്മടങ്ങ് ശക്തിയേറിയവയുമാണ്, ഒരുപക്ഷേ, ഭൂമിയെ പലവട്ടം ഭസ്മമാക്കാൻ ശേഷിയുള്ളവ. വിനാശകാരികളായ അണ്വായുധങ്ങളുടെ നിർമാണവും സംഭരണവും വിതരണവും നിർത്തിവയ്ക്കുകമാത്രമല്ല, നിലവിലുള്ളവ ഗണ്യമായി കുറയ്ക്കാനും കരാറിൽ വ്യവസ്ഥയുണ്ടായിരുന്നെങ്കിലും ഫലം കണ്ടില്ല. 1,600 ഭൂഖണ്ഡാന്തരബാലിസ്റ്റിക് മിസൈലുകളുൾപ്പെടെ ആണവായുധങ്ങളുടെ ആകെ എണ്ണം 6,000 ൽ കൂടരുതെന്ന നിബന്ധന ആദ്യം ലംഘിച്ചത് റഷ്യതന്നെയായിരുന്നു. ന്യൂക്ലിയർ ബോംബുകളുടെ എണ്ണവും ശേഷിയും വർധിപ്പിക്കുമെന്ന പുടിന്റെ പ്രഖ്യാപനം കൂടുതൽ അണ്വായുധങ്ങൾ നിർമിക്കാൻ ആണവരാഷ്ട്രങ്ങളെ പ്രേരിപ്പിക്കുമെന്ന കാര്യത്തിൽ സംശയം വേണ്ട. റഷ്യയുടെ തീരുമാനം നിരുത്തരവാദിത്വപരമാണെന്നും അവരുടെ നീക്കങ്ങൾ ശ്രദ്ധാപൂർവം വീക്ഷിക്കുകയാണെന്നും യു എസ് സ്റ്റേറ്റ് സെക്രട്ടറി ആന്റണി ബ്ലിങ്കൻ പ്രതികരിച്ചു.

അതിനിടെ, റഷ്യയുടെ സഖ്യകക്ഷികളിലൊന്നായ ബലാറൂസിലെ റഷ്യൻ സൈനികത്താവളത്തിനുനേരേ യുക്രെയ്ൻ അനുകൂലികൾ ഡ്രോൺ ആക്രമണം നടത്തിയത് യുദ്ധം പുറത്തേക്കു വ്യാപിക്കുമെന്ന ആശങ്ക പരത്തിയിട്ടുണ്ട്. യുക്രെയ്നു പിന്തുണ നല്കുന്ന ബലാറൂസിലെ സർക്കാർവിരുദ്ധ പ്രക്ഷോഭകരാണ് ആക്രമണം നടത്തിയതെന്നാണ് റിപ്പോർട്ടുകൾ. റഡാർ സംവിധാനങ്ങളോടുകൂടിയ അവാക്സ് ബെറിവ് എ 50 യു ഇനത്തിൽപ്പെട്ട ഈ വിമാനത്തിന്റെ ചാരക്കണ്ണുകളാണ് യുക്രെയ്ൻസൈന്യത്തിന്റെ നീക്കങ്ങൾ റഷ്യൻ സൈനികനേതൃത്വത്തിനു കൈമാറിയിരുന്നത്. ഈ ചാരവിമാനത്തിന് 274 ദശലക്ഷം പൗണ്ട് (ഏകദേശം 2,700 കോടി രൂപ) വിലയുണ്ടെന്നു പറയപ്പെടുന്നു.

### റഷ്യൻസൈന്യത്തോടൊപ്പം കൊടുംകുറ്റവാളികളും

ലോകചരിത്രത്തിലാദ്യമായി കേട്ടുകേൾവിപോലുമില്ലാത്ത ഒരു യുദ്ധതന്ത്രം റഷ്യ സ്വീകരിക്കുന്നതായി സ്ഥിരീകരിച്ച വാർത്തയുണ്ട്. 'വാഗ്നർ' എന്ന സ്വകാര്യ മിലിറ്ററി ഏജൻസി റിക്രൂട്ട് ചെയ്ത് പരിശീലനം നൽകുന്ന 22 വയസ്സിനു മുകളിൽ പ്രായമുള്ള ചെറുപ്പക്കാരെ യുക്രെയ്നിലേക്കു നിയോഗിക്കുന്നു. റഷ്യൻ സൈന്യത്തിൽനിന്നു റിട്ടയർ ചെയ്ത ലഫ് കേണൽ ദിമിത്രി ഉട്കിൻ സ്ഥാപിച്ച 'വാഗ്നർ' ഗ്രൂപ്പിന്റെ പ്രധാന സാമ്പത്തികസ്രോതസ്സ് പുടിന്റെ സന്തതസഹചാരിയായ യെവ്ജെനി പ്രിഗോഷിൻ എന്ന ലക്ഷപ്രഭുവും. മൂന്നു ലക്ഷത്തോളം യുവാക്കളെ സൈന്യത്തിൽ ചേർക്കുന്നതിന് പുടിൻ ഉത്തരവിട്ടിരുന്നെങ്കിലും വിജയം കാണാതിരുന്ന പശ്ചാത്തലത്തിലാണ് 'വാഗ്നറി'ന്റെയും പ്രിഗോഷിന്റെയും രംഗപ്രവേശം. വിവിധ കുറ്റകൃത്യങ്ങൾക്ക് ജയിൽശിക്ഷ അനുഭവിച്ചുവരുന്ന കുറ്റവാളികളെ മോചിപ്പിക്കാനും യുക്രെയ്നിലേക്ക് അയയ്ക്കാനുമുള്ള തന്ത്രം പ്രിഗോഷിന്റെ തലയിൽ ഉദിച്ചതാണ്. ചാവേറുകളായി യുദ്ധമുഖത്തേക്ക് അയയ്ക്കപ്പെടുന്ന കൊടുംകുറ്റവാളികൾ യാതൊരു ദാക്ഷിണ്യവുമില്ലാതെ ശത്രുവിനെ കൊന്നൊടുക്കുമെന്നു പുടിനും പ്രിഗോഷിനും നന്നായറിയാം. ഏതുവിധേനയും ഈ യുദ്ധം ജയിച്ചേ മതിയാകൂ എന്ന് പുടിൻ നിശ്ചയിച്ചുറപ്പിച്ചിട്ടുള്ളതുമാണ്. ആറുമാസത്തെ സൈനികസേവനത്തിനുശേഷം സ്വതന്ത്രരാക്കാമെന്നും യുദ്ധത്തിൽ മരിക്കുന്നപക്ഷം, ഒരു ഹീറോയ്ക്കു ചേർന്ന മൃതസംസ്കാരം ലഭിക്കുമെന്നുമാണ് പ്രിഗോഷിന്റെ വാഗ്ദാനം.

രണ്ടാം ലോകമഹായുദ്ധത്തിനുശേഷം യൂറോപ്പു കണ്ട ഏറ്റവും വലിയ കരയുദ്ധം യുക്രെയ്നിൽ തുടരുമ്പോൾ തെക്കുകിഴക്കൻ ഏഷ്യയിലും സംഘർഷം ഉരുണ്ടുകൂടുകയാണെന്ന പുതിയ വാർത്തയും വരുന്നു. ദേശീയ ബജറ്റ് പാർലമെന്റിൽ അവതരിപ്പിക്കവേ പ്രതിരോധച്ചെലവ് 7.2 ശതമാനം വർധിപ്പിക്കുന്നതായി വെളിപ്പെടുത്തിയ ചൈനീസ് പ്രധാനമന്ത്രി ലി കെയാങ്, അതിർത്തിമേഖലകളിൽ യുദ്ധസജ്ജരായിരിക്കാൻ സൈന്യത്തോട് ആഹ്വാനം ചെയ്തിരിക്കുന്നു. യുക്രെയ്ൻ യുദ്ധം സമാധാനപരമായി പരിഹരിക്കുന്നതിന് മധ്യസ്ഥത വഹിക്കാൻ തയ്യാറാണെന്നു നിർദേശിച്ച ഷി ജിൻപിംഗിന്റെ ഇരട്ടത്താപ്പു വ്യക്തമാക്കുന്നതാണ് പ്രധാനമന്ത്രിയുടെ പ്രസ്താവനയെന്നു വിലയിരുത്തുന്ന രാഷ്ട്രീയനിരീക്ഷകരുണ്ട്. തായ്വാൻ വിഷയവും ഇന്ത്യൻ അതിർത്തിയിലെ തർക്കങ്ങളും പരിഹാരം കാണാതെ നീറിപ്പുകയുന്ന വിഷയങ്ങളായി അവശേഷിക്കുന്നു. പാശ്ചാത്യസഖ്യത്തിനെതിരേ റഷ്യയും ചൈനയും ഇറാനും ഉത്തരകൊറിയയും ഒന്നിച്ചുചേരുമ്പോൾ ചരിത്രം ഒരു നിർണായകഘട്ടത്തിലേക്കു വഴിമാറും. ഒരു വർഷത്തെ യുദ്ധത്തിനിടയിൽ ഒരു കോടിയോളം സാധാരണ ജനങ്ങൾ പലായനം ചെയ്യുകയും 8,000 ലധികം പേർക്കു ജീവൻ നഷ്ടമാകുകയും ചെയ്തു. രണ്ടു രാജ്യങ്ങളിലുമായി ഒരു ലക്ഷത്തോളം വീതം സൈനികരും മരിച്ചു. ഈ രക്തച്ചൊരിച്ചിൽ അവസാനിപ്പിച്ചല്ലേ മതിയാകൂ? ഇനിയൊരു യുദ്ധത്തിന് ഒരു രാജ്യത്തെയും വിട്ടുകൊടുക്കാനും പാടില്ല എന്നും തീരുമാനിക്കണം.

■

# ദൈവാനുഭവത്തിന്റെ പ്രഭാകിരണങ്ങൾ



ഡോ. ജോർജ് കാരാംവേലി

**ബ**നഡിക്ട് പതിനാറാമൻ പാപ്പാ പറയുന്നു: "സുവിശേഷം പങ്കുവയ്ക്കുന്നതാണ് മനുഷ്യവർഗത്തിനു നൽകാവുന്ന ഏറ്റവും മഹത്തായ സേവനം." (മിഷൻ സൺഡേ സന്ദേശം, 2009). ക്രിസ്തുസന്ദേശം പങ്കുവയ്ക്കുന്നതിനു സഭ സ്വീകരിച്ച ഒരു മാർഗമാണ് കാരുണ്യപ്രവൃത്തികളുടേത്. ഈശോ ചെയ്തതു തന്നെ സഭയും ചെയ്യുന്നു. അവിടുന്ന് വാക്കുകളിലൂടെയും കാരുണ്യപ്രവൃത്തികളിലൂടെയും സുവിശേഷം അറിയിച്ചു, കാരണം, അവിടുത്തേക്കു രോഗികളോടും പീഡിതരോടും ആഴമായ സ്നേഹമുണ്ടായിരുന്നു (മർക്കോ. 1:32). വി. മദർ തെരേസയും മറ്റു പല സഭാതനയരും, കാരുണ്യപ്രവൃത്തികളിലൂടെയുള്ള സഭയുടെ സുവിശേഷവത്കരണത്തിന്റെ നേർക്കാഴ്ചകളാണ്. സഭയുടെ ആതുരാലയങ്ങളും ശുശ്രൂഷാകേന്ദ്രങ്ങളും തടവറയിലെ മക്കളെത്തേടിയുള്ള യാത്രയും എല്ലാം, നന്മകൾ ചെയ്തു കടന്നുപോയ ക്രിസ്തുമാർഗത്തിന്റെ തുടർച്ചകളാണ്. അതാണ് സഭയുടെ മാർഗവും (അപ്പ. പ്രവ. 10:32).

സുവിശേഷവത്കരണത്തിന്റെ ജീവത്തായ മറ്റൊരു മാർഗമാണ് വികസനപ്രവർത്തനങ്ങൾ. സഭ മനുഷ്യന്റെ വളർച്ചയെയും വികസനത്തെയും ബഹുമാനിക്കുന്നു. ജീവനുവേണ്ടിയും ജീവന്റെ വളർച്ചയ്ക്കുതകുന്ന സാഹചര്യങ്ങൾക്കുവേണ്ടിയും നിലകൊള്ളുന്നതുകൊണ്ട് അമ്മയുടെ ഗർഭംമുതൽ മണ്ണിന്റെ ഗർഭംവരെയുള്ള ജീവിതയാത്രയിൽ സഭ ഒരു സുവിശേഷമായി നിലകൊള്ളുന്നു. മനുഷ്യന്റെ സമഗ്രവികസനത്തിനുവേണ്ടിയുള്ള വിദ്യാഭ്യാസപ്രവർത്തനങ്ങൾ ഉദാഹരണങ്ങൾതന്നെ. ഒപ്പം, പാർശ്വവത്കരിക്കപ്പെട്ടവരോടും അധഃസ്ഥിതരോടും സഭ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു. സമഗ്രവിമോചനം ലക്ഷ്യമാക്കിയാണ് സഭ ഇവ്വിധപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത്.



ഈശോ തന്റെ ജീവിതം കൊണ്ടാണ് സുവിശേഷം പ്രഘോഷിച്ചത്. അതിനാൽ, നമ്മുടെ ജീവിതസാക്ഷ്യങ്ങൾ വിലപ്പെട്ടതാണ്. നാം വിശുദ്ധിയുടെ പങ്കുകാരാകണം. "തന്റെ മുമ്പാകെ സ്നേഹത്തിൽ പരിശുദ്ധരും നിഷ്കളങ്കരുമായിരിക്കാൻ ലോകസ്ഥാപനത്തിനു മുമ്പുതന്നെ അവിടുന്നു നമ്മെ ക്രിസ്തുവിൽ തിരഞ്ഞെടുത്തു (എഫേ. 1:4). പോൾ ആറാമൻ പാപ്പാ പറയുന്നു: "എല്ലാറ്റിനുമുപരിയായി ജീവിതസാക്ഷ്യംകൊണ്ട് സുവിശേഷം പ്രഘോഷിക്കപ്പെടണം. ഈ പ്രഘോഷണം മറ്റുള്ളവരോടു സാന്നിധ്യവും പങ്കുവയ്ക്കലും ഐക്യദാർഢ്യവും ഉൾക്കൊള്ളുന്നതായിരിക്കണം" (എവാൻജെലിയി തുഷിയാന്തി 21).

ദൈവവചനം പ്രഘോഷിക്കാൻ മടിയില്ലാത്തവരും ധൈര്യമുള്ളവരുമാകാം. പോൾ ആറാമൻ പാപ്പാ പറഞ്ഞ കാര്യം ഊട്ടിയുറപ്പിച്ചുകൊണ്ട് ജോൺപോൾ രണ്ടാമൻ പാപ്പാ പറഞ്ഞു: "നസ്രത്തിലെ ഈശോയുടെ നാമവും പ്രബോധനവും ജീവിതവും വാഗ്ദാനങ്ങളും ദൈവരാജ്യവും അവയുടെ രഹസ്യങ്ങളും പ്രഘോഷിക്കുന്നില്ലെങ്കിൽ സുവിശേഷവത്കരണം ഒരിക്കലും സംഭവിക്കില്ല" (എക്ലേസിയ ഇൻ ഏഷ്യ - 19). വചനത്തിന്റെ അക്ഷരങ്ങൾക്കുള്ളിൽ നിറഞ്ഞിരിക്കുന്ന പരിശുദ്ധശക്തിയെ നമുക്ക് അനുഭവിക്കാം. പങ്കുവയ്ക്കുകയും ചെയ്യാം.


ഏറെ സാധ്യതകൾ തുറന്നു തരുന്ന മാധ്യമങ്ങളിലൂടെയും സുവിശേഷം പ്രഘോഷിക്കാം. പരമ്പരാഗതമാധ്യമങ്ങളും നവമാധ്യമങ്ങളും ഉൾക്കൊള്ളുന്ന ദൃശ്യശ്രാവ്യസമ്പർക്കമാധ്യമങ്ങളിലൂടെ ഈശോയെയും ഈശോയുടെ സുവിശേഷത്തെയും പ്രഘോഷിക്കാം. ഈശോയെ പങ്കുവയ്ക്കാതിരുന്നാൽ അതു ദുരിതം. "ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം" (1 കൊറി. 9:16).

ഈ നോമ്പ് ദൈവാനുഭവത്തിന്റെ പുത്തൻപ്രഭാതങ്ങൾ നമുക്കായി തുറക്കട്ടെ. തന്റെ ഗർഭത്തിൽ ഈശോയെയും വഹിച്ചുകൊണ്ട് ഏലീശ്ബായെ സന്ദർശിക്കാൻപോയ പരി. കന്യകാമറിയം നമുക്കു മാതൃകയും ഉദാഹരണവുമാണ് (ലൂക്കാ 1: 39-45). അമ്മയെപ്പോലെ നമുക്കും ഈശോയാൽ നിറയാം, ഈശോയെയും ഈശോ തരുന്ന അഭിഷേകത്തെയും പങ്കുവയ്ക്കാം. ■

കവിത

പ്രഫ. തോമസ് കണയംപ്ലാവൻ

## വിശ്വമഹാകവി ടാഗോറിനോട്



ഭാരതസംസ്കാരത്തിൻ ദീപ്തസൗന്ദര്യപൂരം
പാരിതിൽത്തെളിയിച്ച ടാഗോറിൻപ്രതിഭയെ

ഓർത്തു ഞാൻ രോമാഞ്ചത്തിൻ കഞ്ചുകം ധരിക്കുന്നു,
പേർത്തുമെൻ മന,മഭിമാനത്താൽ തുടിക്കുന്നു!

വംഗദേശത്തിൻ സർഗ്ഗദീപമേ, നിൻ ഭാവന
തുംഗമാം ഹിമാചലശൃംഗത്തേക്കാളുന്നതം!

കാളിദാസനെപ്പോലെ നീയുമീ നാടിൻ സ്നേഹ-
ദോളയിലെന്നേരവു,മാടിക്കൊണ്ടിരിക്കുന്നു!

സമ്പന്നകുടുംബത്തിൽപ്പിറന്നു നീയെങ്കിലും
അൻപിനാൽ പാവങ്ങൾക്കു തോഴനായ് ഭവിച്ചല്ലോ!

പാവങ്ങൾ തൻ ജീവിതം സ്പന്ദിക്കും കഥകളു-
മായിരക്കണക്കായ് നീ രചിച്ച ഗാനങ്ങളും

ഇംഗ്ലീഷിൽ, ബംഗാളിയിൽ, ഹൃദയം കവരുന്നു;
നന്നു, നന്നനവദ്യസുന്ദര,മനശ്വരം.

നീ വിശ്വകവിയായി ലോകത്തെ മുഴുവൻ നിൻ
ഭാവനാപതംഗത്തിൻ തൂവലാൽ തലോടുന്നു!

ആസ്തിക്യബോധത്തിന്റെ വിജയക്കൊടിയല്ലോ
കീർത്തനീയമാം 'ഗീതാഞ്ജലി'യായ് ശോഭിക്കുന്നു.

'നൊബേൽ' സമ്മാനം നൽകിയതിനെ ലോകത്തിന്റെ
നടുവിൽ പ്രതിഷ്ഠിച്ചു സാരത്തെയറിയുവോർ.

ദേശീയഗാനം നിന്റെ രാജ്യസ്നേഹത്തിൻ സ്വരം;
'വിശ്വഭാരതി' വിശ്വപൗരന്റെ കലാശാല!

'ശാന്തിതൻ നികേതനം' നിസ്തുലസമാധാന-
പ്രാവുകൾ കുറുകുന്ന കൂടുമെന്നറിയുന്നേൻ.

സ്വാതന്ത്ര്യസമരത്തിൽ നിന്റെ നാട്ടുകാർക്കൊപ്പം
ചേരുവാൻ 'സർസ്ഥാനം' നീ മടക്കിക്കൊടുത്തില്ലേ?

ബംഗാളിൻ നവോത്ഥാന നായകന്മാരോടൊപ്പം
വംഗദേശത്തിൻ പുരോഗതിക്കായ് ശ്രമിച്ചു നീ.

നിന്റെ കീർത്തിധാവള്യം ലോകത്തിലെല്ലാടവും
വെണ്ണിലാവലകൾപോൽ നിത്യവും പരക്കുന്നു!

ജയിക്ക മഹാകവേ, ജയിക്ക മഹാത്മാവേ,
ജയിക്ക സത്യസ്നേഹസൗന്ദര്യവിധാതാവേ!




11-ാം പേജ് തുടർച്ച

പിറ്റേന്ന് ഒരു കൂട്ടുകാരനെ കാണാനെന്നു പറഞ്ഞ് അഭിഷേക് വേഷം മാറി പുറത്തേക്കു പോയപ്പോൾ ശ്രീദേവി ഭർത്താവിനോടു പറഞ്ഞു:

"അവനെ പിടിച്ചു പെണ്ണു കെട്ടിക്കണം. ഇല്ലെങ്കിൽ അപകടമാ."

"ഇതു ഞാനങ്ങോട്ടു പറയാൻ തുടങ്ങ്വായിരുന്നു. വേഗം പെണ്ണു കെട്ടിച്ചില്ലെങ്കിൽ ആ നമ്പൂതിരിപ്പെണ്ണ് ഇവന്റെ തോളിൽ കേറി ഈ വീട്ടിൽ വന്ന് നമ്മളോടു പ്രതികാരം ചെയ്യും."

"കല്യാണം ഇപ്പം വേണ്ടാന്നും പറഞ്ഞല്ലേ അവൻ നടക്കുന്നത്? ഈ സമയത്തു പറഞ്ഞാൽ അവൻ അനുസരിക്കുമോന്ന് ആർക്കറിയാം."

"അനുസരിപ്പിക്കണം. അതു നിന്റെ സാമർഥ്യം. ഇല്ലെങ്കിൽ നീയും ഞാനും ഈ വീട്ടീന്നു പുറത്താകും. ഈ വീടും പറമ്പും അവന്റെ പേരിലാന്ന് ഓർക്കണം." ആനന്ദൻ ആശങ്കാകുലനായിരുന്നു.

രാത്രി വൈകിയാണ് അഭിഷേക് മടങ്ങിയെത്തിയത്. അത്താഴം കഴിച്ചുകൊണ്ടിരിക്കേ ശ്രീദേവി വിവാഹക്കാര്യം എടുത്തിട്ടു. ആദ്യം എതിർത്തെങ്കിലും അമ്മയുടെ നിർബന്ധം സഹിക്കവയ്യാതായപ്പോൾ അഭിഷേക് സമ്മതം മൂളി.

"നിങ്ങൾക്കു നിർബന്ധമാണെങ്കിൽ ആയിക്കോട്ടെ."

ശ്രീദേവിക്കു സന്തോഷമായി.

"കൊള്ളാവുന്ന ഒരു പെണ്ണ് വന്നുകയറിയാൽ ഈ കുടുംബം നന്നാകും മോനേ. നിന്റെ പ്രയാസോം സങ്കടോം ഒക്കെ മാറും."

അതിനു മറുപടി പറയാതെ അഭിഷേക് ഭക്ഷണം കഴിച്ചിട്ട് എണീറ്റുപോയി.

അടുത്ത ദിവസം അഭിഷേകിന്റെ വിവാഹപരസ്യം മാട്രിമോണി സൈറ്റിൽ രജിസ്റ്റർ ചെയ്തു.

ഒരുപാട് പ്രപ്പോസലുകൾ വന്നെങ്കിലും ശ്രീദേവിക്ക് ഇഷ്ടപ്പെട്ട ഒരു പെൺകുട്ടിയെ കണ്ടെത്താനായില്ല. സൗന്ദര്യം, തറവാട്ടുമഹിമ, സമ്പത്ത്, വിദ്യാഭ്യാസം എല്ലാം ഒത്തിണങ്ങിയ ഒരു പെണ്ണിലായിരുന്നു ശ്രീദേവിയുടെ കണ്ണ്. വന്ന ആലോചനകൾ ഒന്നൊന്നായി തള്ളിക്കളഞ്ഞപ്പോൾ അഭിഷേക് പറഞ്ഞു:

"നമുക്ക് ഒരുപാട് മോഹങ്ങളൊന്നും വേണ്ടമ്മേ. സാമാന്യസൗന്ദര്യവും സ്വഭാവശുദ്ധിയുമുള്ള ഒരു പെൺകുട്ടി. അതു മതി."

"അതു പോരാ. എന്റെ മനസ്സിനിണങ്ങിയ ഒരു പെണ്ണിനെത്തന്നെ നീ കെട്ടണം."

"എന്നാ അമ്മ കണ്ടുപിടിച്ചിട്ട് ഇങ്ങു പറഞ്ഞാ മതി. ഞാൻ വന്നു താലികെട്ടിക്കോളാം." ഒന്നു ചിരിച്ചിട്ട് അഭിഷേക് എണീറ്റുപോയി.

ഏറെ അന്വേഷണങ്ങൾക്കും പെണ്ണുകാണലുകൾക്കുമൊടുവിൽ ശ്രീദേവിയുടെ മനസ്സിൽ പിടിച്ച ഒരു പെണ്ണിനെ കിട്ടി. അപർണ വിശ്വനാഥൻ. അഭിഷേകിനും ഇഷ്ടമായി കുട്ടിയെ. വിവാഹം ഉറപ്പിച്ചു.

ആനന്ദനും ശ്രീദേവിക്കും സമാധാനമായി. ഇന്ദുലേഖയുടെ പേരും പറഞ്ഞ് അവൻ ഇനി വഴക്കിനു വരില്ലല്ലോ.

വിവാഹനിശ്ചയം കഴിഞ്ഞു മൂന്നുനാൾ പിന്നിട്ടു. ഒരു ശനിയാഴ്ച പുലർച്ചെ അഭിഷേകിനൊരു ഫോൺകോൾ. എടുത്തു കാതോടു ചേർത്തപ്പോൾ അങ്ങേത്തലയ്ക്കൽ സീതാലക്ഷ്മി. ഇന്ദുലേഖയുടെ അനിയത്തി. സീത ആ വാർത്ത പറഞ്ഞതും അഭിഷേക് തളർന്നിരുന്നുപോയി.

*(തുടരും)*

# ടെസ്റ്റ് ക്രിക്കറ്റിന് തിളക്കം നഷ്ടപ്പെടുന്നു



സനിൽ പി. തോമസ്

**നാ**ല് ലോകോത്തര സ്പിന്നർമാർ – ചന്ദ്രശേഖർ, പ്രസന്ന, ബേദി, വെങ്കട്ടരാഘവൻ. 1970 കളിൽ ഇവർ എതിർ ടീമുകൾക്കു പേടിസ്വപ്നമായിരുന്നു. പക്ഷേ, അവർ മാത്രമല്ല, ഇന്ത്യയ്ക്കു ടെസ്റ്റ് വിജയം ഒരുക്കിയത്. സ്പിൻബൗളിങ്ങിനെ തുണയ്ക്കുന്ന പിച്ചുകളിൽ സ്പിൻ ത്രയം (നാലുപേരും ഒരുമിച്ചു കളിച്ചത് അപൂർവം) എതിരാളികളെ വീഴ്ത്തുമ്പോൾ ഇന്ത്യയുടെ ഇന്നിങ്സ് കെട്ടിപ്പടുക്കാൻപോന്ന ബാറ്റർമാരുമുണ്ടായിരുന്നു. ദിലീപ് സാർദേശായ്, സുനിൽ ഗാവസ്കർ, ഗുണ്ടപ്പ വിശ്വനാഥ്. ഗാവസ്കർ ഓപ്പണർ ആണെങ്കിലും സ്പിൻ ബൗളിങ് ഭംഗിയായി നേരിട്ടിരുന്നു. കാലം മാറി. വിദേശ സ്പിൻബൗളർമാർക്കു മുന്നിൽ ഇന്ത്യൻ ബാറ്റർമാർ പതറുന്നു. ഇന്ത്യയ്ക്കു ജയിക്കാൻവേണ്ടി ഒരുക്കിയ പിച്ചിൽ ഇന്ത്യ പരാജയപ്പെടുന്നു. അതും ദയനീയമായി.

ഇൻഡോറിലെ ഹോക്കർ സ്റ്റേഡിയത്തിൽ ഓസ്ട്രേലിയയ്ക്കെതിരെ നടന്ന മൂന്നാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയുടെ പരാജയം ഒമ്പതു വിക്കറ്റിന്. മൂന്നാം ദിവസം ഉച്ചഭക്ഷണത്തിന് 45 മിനിറ്റുമുമ്പ് ടെസ്റ്റ് അവസാനിച്ചു. ഇത്രയും മോശമായ പിച്ചിന് ഐ.സി.സി. മാച്ച് റഫറി ക്രിസ് ബ്രോഡ് മൂന്ന് ഡീമെറിറ്റ് പോയിന്റ് വിധിച്ചു. ഈ പെനാൽറ്റി അഞ്ചു വർഷത്തേക്കാണ്. അഞ്ചു ഡീമെറിറ്റ് പോയിന്റ് ആയാൽ ഈ വേദിയിൽ ഒരു വർഷത്തേക്ക് രാജ്യാന്തരക്രിക്കറ്റ് മത്സരങ്ങൾ അനുവദിക്കില്ല.

ആദ്യ രണ്ടു ടെസ്റ്റുകൾ ഇന്ത്യ വിജയിച്ചിരുന്നു. ഓസ്ട്രേലിയയ്ക്ക് മൂന്നാം ടെസ്റ്റിലെ വിജയം പക്ഷേ, ഇരട്ടനേട്ടമായി. പരമ്പരയിൽ മടങ്ങിവരവിനു വഴി തുറന്നു. അതിലുപരി ഇംഗ്ലണ്ടിൽ ജൂണിൽ നടക്കുന്ന ലോകടെസ്റ്റ് ചാമ്പ്യൻഷിപ്പ് ഫൈനലിന് ഓസ്ട്രേലിയ യോഗ്യത നേടി. അഹമ്മദാബാദിലെ നാലാം ടെസ്റ്റിൽ ജയിച്ചാൽ ഇന്ത്യയ്ക്കും ഫൈനൽ കളിക്കാം. ഇംഗ്ലണ്ടിൽ പ്രതലം വ്യത്യസ്തമാണ്. ഒരിക്കൽ ഫൈനലിൽ ഇന്ത്യ ന്യൂസിലൻഡിനോടു തോറ്റതാണ്. അതും ഇംഗ്ലണ്ടിലായിരുന്നു.

പക്ഷേ, ചോദ്യമതല്ല. അഞ്ചു ദിവസത്തെ കളി രണ്ടര ദിവസം പോലും ദീർഘിക്കുന്നില്ലെങ്കിൽ ടെസ്റ്റ് ക്രിക്കറ്റിന് എന്ത് അർഥമാണുള്ളത്? ഓസ്ട്രേലിയയ്ക്കെതിരെ ഈ പരമ്പരയിൽ ഇന്ത്യ ജയിച്ച ആദ്യരണ്ടുടെസ്റ്റുകളും മൂന്നുദിവസത്തിനുള്ളിൽ ഫലം കണ്ടതാണ്. അഞ്ചു ടെസ്റ്റുകളുടെ പരമ്പരയിൽ അഞ്ചാം ടെസ്റ്റു മാത്രം ആറു ദിവസമാക്കിയിരുന്ന കാലമുണ്ടായിരുന്നു. നാലു ടെസ്റ്റുകൾ കഴിയുമ്പോൾ പലപ്പോഴും പരമ്പര തുല്യതയിൽ നിൽക്കും. അഞ്ചാം ടെസ്റ്റ് സമനിലയിൽ കലാശിക്കാതിരിക്കാനാണ് ആറുദിനമാക്കിയിരുന്നത്. കാരണം, അഞ്ചുദിവസംകൊണ്ട് ടെസ്റ്റുകൾ ഫലം കാണാതെ സമനിലയാകുക അക്കാലങ്ങളിൽ പതിവായിരുന്നു.

ടൈഗർ പട്ടൗഡി നയിച്ച ഇന്ത്യയും ക്ലൈവ് ലോയിഡിന്റെ വെസ്റ്റ് ഇൻഡീസും തമ്മിൽ 1975 ൽ ഇന്ത്യയിൽ നടന്ന പരമ്പരയാണ് ഏറ്റവും നല്ല ഉദാഹരണം. കൊൽക്കത്ത, ചെന്നൈ ടെസ്റ്റുകൾ ജയിച്ച് ഇന്ത്യ പരമ്പര തുല്യമാക്കി (2–2). അഞ്ചാമത്തെയും അവസാനത്തെയും ടെസ്റ്റ് മുംബൈയിൽ ആറു ദിവസമാക്കിയിരുന്നു. ഈ ടെസ്റ്റ് ജയിച്ച് വെസ്റ്റ് ഇൻഡീസ് പരമ്പര നേടി. നേരത്തേ പറഞ്ഞ സ്പിന്നർമാരുടെയും ബാറ്റർമാരുടെയും കാലമായിരുന്നു അത്. പിന്നീട് 1990 കളിൽ അനിൽ കുംബ്ലെയെയും വെങ്കടപതി രാജുവിനെയുംപോലെയുള്ള സ്പിന്നർമാർക്കൊപ്പം എതിരാളികളുടെ സ്പിൻ ആക്രമണത്തെ ഫലപ്രദമായി നേരിടുന്ന സച്ചിനും ദ്രാവിഡും ലക്ഷ്മണനുമൊക്കെ ഇന്ത്യൻനിരയിൽ ഉണ്ടായിരുന്നു.


ഇന്ന് സ്പിന്നർമാരെ സഹായിക്കുന്ന പിച്ച് ഒരുക്കി ഇന്ത്യ സ്വയം കുഴി തോണ്ടുന്നു. കപിൽദേവിന്റെ യുഗം തുടങ്ങും വരെ ഇന്ത്യ സ്പിന്നർമാരെ ഏറെ ആശ്രയിച്ചിരുന്നു. ഇന്ന് അതിന്റെ ആവശ്യമില്ല. ലോകത്തിലെതന്നെ മികച്ച ഫാസ്റ്റ് ബൗളർമാരാണ് ഇന്ത്യൻ ടീമിലും ഉള്ളത്. എന്നിട്ടും പഴയ ഓർമകൾ വച്ച് സ്പിന്നിനെ തുണയ്ക്കുന്ന പിച്ച് ഒരുക്കി പരാജയം ഏറ്റുവാങ്ങുന്നു. ആദ്യ രണ്ടു ടെസ്റ്റുകൾ ഇന്ത്യ ജയിച്ചെങ്കിലും ആ പിച്ചുകളും സ്പോട്ടിങ് ആയിരുന്നു എന്നു പറയാൻ സാധിക്കില്ല. ബൗൺസ് കുറഞ്ഞ പിച്ചുകൾ ബാറ്റർമാർക്കു ശവപ്പറമ്പാകുന്നു. ടെസ്റ്റ് ക്രിക്കറ്റിന്റെ ചാരുതതന്നെ നഷ്ടപ്പെടുന്നു.


1950 കളുടെ അവസാനവും 1960 കളുടെ തുടക്കത്തിലും ഇംഗ്ലണ്ടിലെ പല പ്രധാന ക്രിക്കറ്റ് ഗ്രൗണ്ടുകളിലും കാണികൾ കുറയുകയും ക്ലബുകൾ സാമ്പത്തികപ്രതിസന്ധി നേരിടുകയും ചെയ്തപ്പോഴാണ് ഏകദിന ക്രിക്കറ്റ് എന്ന ആശയം ഉടലെടുത്തത്. 1963 ൽ ഇംഗ്ലണ്ടിൽ ഗില്ലറ്റ് കപ്പ് (ഗില്ലറ്റ് സേഫ്റ്റി റേസർ കമ്പനിയായിരുന്നു പ്രായോജകർ) എന്ന പേരിൽ ലോകത്തിലെ ആദ്യത്തെ ഏകദിന ക്രിക്കറ്റ് ടൂർണമെന്റ് തുടങ്ങി. ഗില്ലറ്റ് കപ്പ് വൻവിജയമായതോടെ റോത്ത്മാൻസ് കപ്പും ജോൺപ്ലെയർ ലീഗുമൊക്കെ തുടങ്ങി. 1971 ജനുവരി അഞ്ചിന് ഇംഗ്ലണ്ടും ഓസ്ട്രേലിയയും തമ്മിൽ പ്രഥമ രാജ്യാന്തര ഏകദിന ക്രിക്കറ്റ് മത്സരവും നടന്നു. കാലമേറെക്കഴിഞ്ഞാണ് ട്വന്റി 20 ക്രിക്കറ്റിന്റെ വരവ്.

ഒരു മത്സരപര്യടനത്തിൽ ഇന്ന് പലപ്പോഴും മൂന്നു ശൈലികളിലുള്ള ക്രിക്കറ്റ് മത്സരങ്ങളും ഉൾപ്പെടുത്തുന്നു. മുമ്പൊക്കെ ടെസ്റ്റ് പരമ്പരയ്ക്കൊപ്പം പ്രാദേശികടീമുകളുമായി ഏതാനും ത്രിദിന പ്രദർശനമത്സരങ്ങൾ മാത്രമായിരുന്നു ഉണ്ടായിരുന്നത്. ഇത് പരിശീലനമത്സരങ്ങൾ എന്നതിനപ്പുറം പുതിയ താരങ്ങൾക്കു മികവു കാട്ടാനുള്ള അവസരങ്ങളുമായിരുന്നു. ഏതൊക്കെ മത്സരങ്ങളിൽ പങ്കെടുത്താലും അന്നും ഇന്നും ഒരു ക്രിക്കറ്റ് കളിക്കാരന്റെ പൂർണത ടെസ്റ്റ് ക്യാപ് അണിയുന്നതുതന്നെ. ഓസ്ട്രേലിയാക്കാർക്കാണെങ്കിൽ 'ബാഗിഗ്രീൻ' (അവരുടെ ടെസ്റ്റ് ക്യാമ്പ്) രാജ്യസ്നേഹത്തിന്റെയും അഭിമാനത്തിന്റെയും ചിഹ്നംകൂടിയാണ്. ഒരു പുതിയ താരം ആദ്യമായി ടെസ്റ്റ് കളിക്കുമ്പോൾ മുൻ ഇതിഹാസ താരമായിരിക്കും മിക്കവാറും ആ ക്യാപ് അദ്ദേഹത്തിനു സമ്മാനിക്കുക.

ക്രിക്കറ്റ് കളിയുടെ പൂർണത ടെസ്റ്റ് മത്സരങ്ങൾതന്നെ. രാജ്യാന്തര ഏകദിന ട്വന്റി 20 മത്സരങ്ങളും ഐ.പി.എൽ. പോലുള്ള പ്രഫഷണൽ ലീഗുകളും സജീവമായതോടെ ബാറ്റർമാരുടെ ശൈലി വ്യത്യസ്തമായി. 'കോപ്പി ബുക്ക് സ്റ്റൈൽ' എന്ന പരമ്പരാഗത ശൈലി അന്യമായി. പുതിയ ഷോട്ടുകൾ പിറവിയെടുത്തപ്പോൾ പ്രതിരോധം പാളി. ലോകകപ്പിൽ 60 ഓവറും ബാറ്റ് ചെയ്ത് പുറത്താകാതെ നിന്ന സുനിൽ ഗവാസ്കർമാർ ഭൂതകാലത്തിന്റേതായി. ടെസ്റ്റ് സമനിലയിൽ ആകാൻ ഓപ്പണർ ജെഫ്റി ബോയ്ക്കോട്ടിനോട്, താങ്കൾ 50 റൺസ് (അർധ സെഞ്ചുറി) അടിക്കണമെന്നു പറഞ്ഞ ഇംഗ്ലീഷ് നായകന്റെ കഥയ്ക്കും പ്രസക്തിയില്ല. ബോയ്ക്കോട്ട് 50 റൺസ് എടുക്കാൻ മണിക്കൂറുകൾ എടുക്കുമെന്നതായിരുന്നു നായകന്റെ കണക്കുകൂട്ടൽ. ബോയ്ക്കോട്ട് സെഞ്ചുറി അടിച്ചിട്ടും ഇംഗ്ലണ്ട് തോറ്റു എന്നതു ചരിത്രം.

പുതിയ ശൈലിക്കൊത്ത് അറിയാതെ മാറുന്നതിനാൽ പ്രതിരോധം തകരും. ഇന്നിങ്സ് പെട്ടെന്ന് അവസാനിക്കും. ഇതു സമീപകാലകാഴ്ചയാണ്. പക്ഷേ, 40 വിക്കറ്റ് രണ്ടരയോ മൂന്നോ ദിവസംകൊണ്ട് നിലംപൊത്തിയാൽ ടെസ്റ്റിന്റെ സ്ഥിതിയെന്താകും? ആക്രമിച്ചു കളിക്കുന്ന ബാറ്റർമാർ കൂടുമ്പോൾ ബൗൺസ് ഇല്ലാത്ത പിച്ച് കൂടിയായാലോ? മനോഹരമായ ടെസ്റ്റ് ക്രിക്കറ്റ് അന്യംനിന്നു പോകാൻ ഇന്ത്യയിലെ പിച്ചുകൾ കാരണമാകരുത്. സ്പോർട്സ്മാൻ സ്പിരിട്ട് പിച്ചുനിർമാണത്തിലും കാണിക്കണം. ■





*ദീപനാളം പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച ഫാ. കുര്യാക്കോസ് നരിതൂക്കിലിന്റെ 'പൗരോഹിത്യദർശനങ്ങൾ' എന്ന ഗ്രന്ഥം പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് മുൻ രൂപതാധ്യക്ഷൻ മാർ ജോസഫ് പള്ളിക്കാപറമ്പിലിനു നൽകി പ്രകാശനം ചെയ്യുന്നു. ദീപനാളം പബ്ലിക്കേഷൻസ് ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ, ഗ്രന്ഥകർത്താവ്, ഡോ. ജെയിംസ് പുലിയുറുമ്പിൽ എന്നിവർ സമീപം.*

Deepanalam Weekly
RNI No : 16998/68
Vol. 56 No. 3 Date of Publication 9 March 2023
Annual Subscription Rate ₹400 (For Abroad ₹4500)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment





ഏറ്റവും മികച്ച WEDDING പാക്കേജുകൾക്കായി ബന്ധപ്പെടുക Ph: 9742371337
Santhom Complex, Kottaramattom, Pala

PALA STEEL & CEMENTS
Market Road, Pala
Ph: 04822-212977, 211882, 9447114015, 9778137731
Authorised Dealers in:
JSW NEOSTEEL PURE TMT BARS
RAMCO SUPER GRADE
durashine TATA BLUESCOPE STEEL
TATA TISCON JOY OF BUILDING
METCON TMT BARS
TATA STRUCTURA



60 Years Trust
KTS PRODUCTS
SINCE 1995
Tastit
ടേസ്റ്റിറ്റ്
മൈക്രോഫിൽറ്റർ ചെയ്ത ശുദ്ധമായ നാടൻ വെളിച്ചെണ്ണ
ISO 9001-2015
CERTIFIED COMPANY
www.tastitcoconutoil.com
E-mail: kunneloilmills@gmail.com
Customer Care No: 04822262835
കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം

34 വർഷത്തെ സേവനപാരമ്പര്യം
നവഭാരത് കോളേജ്
മരിയൻ ഹോസ്പിറ്റൽ Jn; അരുണാപുരം പി.ഒ., പാലാ
Govt. V.H.S.S. നു സമീപം പൊൻകുന്നം
Ph: 9495195739, 9495021259
HINDI TTC
എസ്.എസ്.എൽ.സിയോ ഉപരിവിദ്യാഭ്യാസയോഗ്യതയോ ഉള്ളവർക്ക് ഒരു വർഷം കൊണ്ട് HINDI TTC പാസായി അധ്യാപകരാകാം.
അഡ്മിഷൻ തുടരുന്നു
+2 Science commerce humanities
6 മാസംകൊണ്ട് +2, 10
നാഷണൽ ഓപ്പൺ സ്കൂൾ (NIOS)
B.A. - All subjects (M.G. University)
B.Com - Finance and Taxation Co-Operation
M.A. - Malayalam, History
Regular, Postal & Holiday Classes


Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.